# സമകാലിക ജനപഥം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

2022 ഡിസംബർ ₹ 12 പുസ്തകം 9 ലക്കം 5




തീരദേശജനതയുടെ പുനരധിവാസം,
തൊഴിൽ പ്രോത്സാഹനം, വിദ്യാഭ്യാസസഹായം,
നഷ്ടപരിഹാരവിതരണം സ്ത്രീശാക്തീകരണം
എന്നിവയിൽ കേരളം രാജ്യത്തിനു
മാതൃകയാവുമ്പോൾ

## കടലോളം കരുതൽ

## വിഴിഞ്ഞം തുറമുഖം

### അനന്തസാധ്യതകളുടെ സഞ്ചാരപഥം


www.facebook.com/samakalikajanapadham/



കേരളം സുരക്ഷിതം \ കേരളം അഭിമാനം
നല്ല നാടിന്റെ നന്മകൾ കാണാൻ
സമകാലിക
ജനപഥം
KERALA CALLING
പ്രത്യേക
വരിസംഖ്യാ
ക്യാംപെയ്ൻ
സംസ്ഥാന സർക്കാരിന്റെ മുഖപത്രങ്ങളായ
സമകാലിക ജനപഥത്തിന്റെയും
കേരള കോളിങ്ങിന്റെയും വാർഷിക
വരിക്കാരാവാൻ ഇപ്പോൾ സുവർണാവസരം...
ഒരുവർഷത്തേക്ക് കേരളകോളിങ്ങിനും
ജനപഥത്തിനും
240 രൂപ
വാർഷിക വരിക്കാരാവാൻ
മണിയോർഡർ / ഡിമാൻഡ് ഡ്രാഫ്റ്റ്
ഡയറക്ടർ, ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വകുപ്പ്
റൂം നമ്പർ 101, അനക്സ്-1
ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-1 എന്ന വിലാസത്തിൽ അയയ്ക്കുക...
0471-2517036
iocirculation@gmail.com
കൂടാതെ www.etreasury.kerala.gov.in
എന്ന വെബ്സൈറ്റിലൂടെയും പണമടയ്ക്കാം

ഇൻഫർമേഷൻ
പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ

എഡിറ്റർ
**എച്ച്. ദിനേശൻ ഐ.എ.എസ്**
അഡീഷണൽ എഡിറ്റർ
**കെ. അബ്ദുൾ റഷീദ്**
ഡപ്യൂട്ടി എഡിറ്റർ
**വി. പി. അശ്വതി**
എഡിറ്റർ - ഇൻ - ചാർജ്
**കെ.എസ്. ഇന്ദുശേഖർ**
അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ
**ആരതി കെ.ആർ.**
സർക്കുലേഷൻ ഓഫീസർ
**കെ. ബി. ശ്രീകല**
കവർ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**
ടൈപ്പ് സെറ്റിങ്
**വിനിത വി. എസ്**

December 1, 2022, Volume 9, Issue 5
e-mail : prdmalayalam@gmail.com
Website : www.prd.kerala.gov.in

പ്രതികരണങ്ങൾ അയക്കേണ്ട വിലാസം

**എഡിറ്റർ, സമകാലിക ജനപഥം,**
**സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാംനില,**
**തിരുവനന്തപുരം-695001**
prdmalayalam@gmail.com
0471 2518171

**വരിക്കാരാകാൻ**
**120 രൂപയുടെ മണി ഓർഡർ,**
**ഡയറക്ടർ,**
**ഇൻഫർമേഷൻ പബ്ലിക്**
**റിലേഷൻസ് വകുപ്പ്, എഡിറ്റോറിയൽ വിഭാഗം,**
**1-ാം നില, സെക്രട്ടേറിയറ്റ് അനക്സ്-1,**
**തിരുവനന്തപുരം-1**
**എന്ന വിലാസത്തിൽ അയയ്ക്കുക.**

0471 2517036
iocirculation@gmail.com

**ലേഖകരുടെ അഭിപ്രായം**
**സർക്കാരിന്റേതായിരിക്കണമെന്നില്ല.**
**അവയുടെ പൂർണ ഉത്തരവാദിത്വം**
**ലേഖകർക്ക് മാത്രമായിരിക്കും.**

സമകാലിക
ജനപഥം

2022 ഡിസംബർ 1
പുസ്തകം 9 ലക്കം 5

# മത്സ്യത്തൊഴിലാളിക്ഷേമത്തിലും മാതൃകയാണ് കേരളം



ഇരമ്പിയാർക്കുന്ന കടലലകളോടു പൊരുതി മത്സ്യസമ്പത്ത് കരയ്ക്കെത്തിച്ച് ജീവിതം കരുപ്പിടിപ്പിക്കുന്നവരാണ് തീരദേശജനത. നമ്മുടെ ഭക്ഷണ സംസ്കാരത്തിലെ പ്രിയവിഭവമായ മത്സ്യത്തിന്റെ ലഭ്യത ഉറപ്പാക്കുകയും അവയുടെ കയറ്റുമതിയിലൂടെ സമ്പദ്‌വ്യവസ്ഥയ്ക്ക് കരുത്തുണ്ടാക്കുകയും ചെയ്യുന്നുവെങ്കിലും ഈ ജനത പലതരം  പ്രതിസന്ധികൾ നേരിടുന്ന വിഭാഗമാണ്. മത്സ്യത്തൊഴിലാളിജനതയുടെ ഈ പിന്നാക്കാവസ്ഥ തിരിച്ചറിഞ്ഞ് അത് പരിഹരിക്കുന്നതിനാവശ്യമായ ഫലപ്രദമായ ഇടപെടലുകളാണ് പിണറായി വിജയൻ സർക്കാർ നടപ്പാക്കിവരുന്നത്.  പുനരധിവാസം, തൊഴിൽ, വിദ്യാഭ്യാസസഹായം, നഷ്ടപരിഹാരവിതരണം, മത്സ്യത്തൊഴിലാളിസ്ത്രീകളുടെ ശാക്തീകരണം തുടങ്ങിയ മേഖലകളിൽ അഭിമാനാർഹമായ ഒട്ടനവധി പദ്ധതികളാണ് ആവിഷ്കരിച്ച് പ്രവർത്തനക്ഷമമാക്കുന്നത്. ഇവയിൽ പലതും രാജ്യത്തിനുതന്നെ മാതൃകയുമാണ്. തീരദേശജനതയ്ക്ക് സുരക്ഷിതവാസസ്ഥലങ്ങൾ ഒരുക്കുന്ന 2450 കോടി രൂപയുടെ പുനർഗേഹം പദ്ധതിതന്നെ ഉദാഹരണം. വിദ്യാഭ്യാസസഹായ പദ്ധതിയായ വിദ്യാതീരമാണ് മറ്റൊന്ന്. മത്സ്യഫെഡ്, സാഫ്, മത്സ്യബോർഡ് തുടങ്ങിയ ഏജൻസികൾ വഴി നടപ്പാക്കുന്ന മറ്റനവധി പദ്ധതികളും തീരമേഖലയുടെ സമഗ്രക്ഷേമം ഉറപ്പാക്കുന്നതാണ്. മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ പുരോഗതിക്കായി സംസ്ഥാനസർക്കാർ നടപ്പാക്കുന്ന പരിപാടികളും പദ്ധതികളും സംബന്ധിച്ച് വിശദമായി അറിയാൻ സഹായിക്കുന്നതാണ് ഡിസംബർ ലക്കം സമകാലിക ജനപഥം.

സംസ്ഥാനത്തിന്റെ സാമ്പത്തികവളർച്ചയ്ക്കും വ്യവസായ പുരോഗതിക്കും വിഴിഞ്ഞം തുറമുഖപദ്ധതിയുടെ അനിവാര്യതയാണ് ചർച്ച ചെയ്യുന്ന മറ്റൊരു വിഷയം.

**എച്ച്. ദിനേശൻ ഐ.എ.എസ്.**
എഡിറ്റർ

06 തീരദേശത്തിന്റെ തണലും കരുത്തും
പിണറായി വിജയൻ
മുഖ്യമന്ത്രി

08 തീരമണയുന്ന കരുതൽ
വി. അബ്ദുറഹിമാൻ

12 കൺതുറക്കാം പുതുചക്രവാളങ്ങളിലേക്ക്
ഡോ. അദീല അബ്ദുള്ള

14 പുനർഗേഹം പ്രത്യാശയുടെ പാർപ്പിടങ്ങൾ
സന്തോഷ് കുമാർ എസ്

18 സേഫാണ് സ്ത്രീകൾ സാഫിലൂടെ

22 തീരജനതയെ ചേർത്തുപിടിച്ച് സർക്കാർ
പി.പി. ചിത്തരഞ്ജൻ

24 വിഴിഞ്ഞത്തുയരും സീഫുഡ് റെസ്റ്റോറന്റ്
ജയശ്രീ ജി

25 ഒരുക്കാം ബ്രാൻഡഡ് കേരളമത്സ്യം
മഹേഷ്. എസ്

26 ആശ്വാസതീരത്ത് കടലിന്റെ മക്കൾ
സ്മിത ആർ നായർ

28 കേരളത്തിന്റെ സൈന്യത്തിന് ഇവർ കാവലാളുകൾ
അനീഷ് പി





കവർ ഫോട്ടോ: നിധീഷ് കൃഷ്ണൻ




30 സുസ്ഥിരതയിലേക്ക് ഒരു തുഴദൂരം
എം. വി. ബൈജു

32 പുതിയ ആകാശം
പുതിയ ചിറകുകൾ
രമ്യ രാജൻ

33 ഊരുകളിൽ ഉണർവ്
ചിത്ര എം

34 വരുന്നു ആഴങ്ങൾ
തേടുന്ന യാനങ്ങൾ
എം. താജുദ്ദീൻ

36 ഫിഷറീസ് മാനേജ്മെന്റ്
കൗൺസിൽ
ഒരു നൂതന ആശയം
എം. ശ്രീകണ്ഠൻ

38 സംരഭകരെ വരവേറ്റ്
മെഗാ സീഫുഡ് പാർക്ക്
ജി. അശോക് ലാൽ

40 സുഭദ്രജീവിതം സുഗമയാനം
കുട്ടായി ബഷീർ

42 ആലപ്പുഴയിൽ വരുന്നു
ആധുനിക പുലിമുട്ട്
ജില്ലുലക്ഷ്മി. ജെ
ഐശ്വര്യ എസ്. ജീവൻ

44 വിഴിഞ്ഞം
അനന്തസാധ്യതകളുടെ
സഞ്ചാരപഥം
അഹമ്മദ് ദേവർകോവിൽ

48 വിഴിഞ്ഞം തുറമുഖവും
തീരശോഷണവും യാഥാർഥ്യങ്ങൾ
ഡോ.ജയകുമാർ

# തീരദേശത്തിന്റെ തണലും കരുത്തും

**നമ്മുടെ തീരദേശത്തെയും മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കുന്നതിനൊപ്പം ഈ രംഗത്തു കേരളം ദീർഘവീക്ഷണത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഏവരുടെയും പിന്തുണയുണ്ടാകണം**



**പിണറായി വിജയൻ**
മുഖ്യമന്ത്രി

ഉപജീവനത്തിനായി കടലിനെ ആശ്രയിക്കുകയും തീരങ്ങളിൽ ജീവിക്കുകയും ചെയ്യുന്നവരാണ് മത്സ്യത്തൊഴിലാളികൾ. ഈ വിഭാഗത്തെ സംരക്ഷിക്കുന്ന കാര്യത്തിലും സാമൂഹിക പരിരക്ഷ ഉറപ്പാക്കുന്ന കാര്യത്തിലും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതുകൊണ്ടു തന്നെ മത്സ്യത്തൊഴിലാളികളുടെ ജീവനും സ്വത്തിനും തൊഴിലിനും വിദ്യാഭ്യാസത്തിനും സംരക്ഷണം ഉറപ്പാക്കുന്ന പദ്ധതികളുമായാണ് ഈ സർക്കാർ മുന്നോട്ടു പോകുന്നത്. മത്സ്യത്തൊഴിലാളി പാർപ്പിട പുനരധിവാസ പദ്ധതിയായ പുനർഗേഹം മുതൽ വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതികൾ വരെ നടപ്പിലാക്കുന്നതും ഈ അടിസ്ഥാനത്തിലാണ്.

നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയമുണ്ടായപ്പോൾ ജീവൻ പോലും തൃണവൽഗണിച്ച് സമൂഹത്തിന്റെയാകെ രക്ഷകരായി മുന്നിട്ടിറങ്ങിയവരാണ് തീരദേശവാസികൾ. സമാനതകളില്ലാത്ത പ്രവൃത്തിയിലൂടെ നാടിന്റെ സേനയായവരെ എല്ലാ രീതിയിലും ഈ സർക്കാർ സംരക്ഷിക്കുകയാണ്. കാലാവസ്ഥാവ്യതിയാനവും ആഗോളതാപനവും കാരണം കടൽകയറ്റം വർധിക്കുമ്പോൾ ഏറ്റവും ബാധിക്കുന്നത് കടലിനടുത്ത് താമസിക്കുന്നവരെയാണ്. തൊഴിൽസൗകര്യത്തിനാണ് മത്സ്യത്തൊഴിലാളികൾ കൂടുതലായി തീരത്തിന് സമീപം താമസിക്കുന്നത്. അവർക്ക് പാർപ്പിടസുരക്ഷ ഉറപ്പാക്കാൻ 'പുനർഗേഹം' പദ്ധതിയിലൂടെ കഴിയും. ഭൂമി വാങ്ങി വീടുവയ്ക്കാൻ ഭൂമിക്ക് ആറുലക്ഷവും വീടിന് നാലുലക്ഷവും എന്ന കണക്കിൽ 10 ലക്ഷമാണ് നൽകുന്നത്. സ്ഥലം കണ്ടുപിടിക്കാൻ കഴിയാത്തവർക്കായി ഫ്ളാറ്റ് സമുച്ചയം നിർമിച്ച് താമസിക്കാൻ സൗകര്യമൊരുക്കും.

## നേട്ടങ്ങളുടെ തീരം

മത്സ്യത്തൊഴിലാളികളുടെയും അനുബന്ധത്തൊഴിലാളികളുടെയും ഇൻഷുറൻസ് പരിരക്ഷ അഞ്ച് ലക്ഷം രൂപയിൽ നിന്നും 10 ലക്ഷമാക്കി ഉയർത്തിയ സർക്കാരാണിത്. രണ്ടരലക്ഷത്തോളം മത്സ്യത്തൊഴിലാളികളെയും ഒരുലക്ഷത്തോളം അനുബന്ധ മത്സ്യത്തൊഴിലാളികളെയും അപകട ഇൻഷുറൻസ് പരിധിയിൽ കൊണ്ടുവരാനും സർക്കാരിന് സാധിച്ചു.

സമ്പാദ്യ സമാശ്വാസ സഹായ പദ്ധതി 2700 രൂപയിൽ നിന്നും 4500 രൂപയാക്കി. കടലിൽ ജീവൻ പണയപ്പെടുത്തി മല്ലടിക്കുന്ന തൊഴിലാളികൾ അസുഖബാധിതരായാൽ തുടർചികിത്സക്കായി തീരാരോഗ്യം പദ്ധതി നടപ്പാക്കി.

കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് 10 ലക്ഷം രൂപ വീതം നൽകി പുനരധിവസിപ്പിച്ചു. മത്സ്യത്തൊഴിലാളികൾക്കായി ഓരുജലാശയത്തിൽ കൂട് മത്സ്യകൃഷി പദ്ധതി നടപ്പാക്കി. തീരദേശ സാക്ഷരത ഉയർത്തുന്നതിന് അക്ഷരസാഗരം പദ്ധതി നടപ്പാക്കി. മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായി സിവിൽ സർവീസ്, ബാങ്കിംഗ്, പി.എസ്.സി. പരിശീലന പരിപാടികൾ നടപ്പാക്കി. 578 മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകി.

കാസർഗോഡ്, അഴീക്കോട്, പൊന്നാനി, തോട്ടപ്പള്ളി എന്നിവിടങ്ങളിൽ ഫിഷറീസ് സ്റ്റേഷനുകൾ ആരംഭിച്ചു. മത്സ്യത്തൊഴിലാളി അനുബന്ധത്തൊഴിലാളി അംഗത്വം ഒറ്റ ക്ലിക്കിൽ ലഭ്യമാക്കി. 14 സേവനങ്ങൾ

ഓൺലൈനിൽ നൽകി. പരാതികൾക്ക് സത്വര പരിഹാരത്തിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾസെന്റർ രൂപീകരിച്ചു. മത്സ്യവില്പനക്കാരായ വനിതകൾക്ക് സൗജന്യയാത്രയൊരുക്കി മൂന്ന് 'സമുദ്ര' ബസ്സുകൾ തിരുവനന്തപുരം ജില്ലയിൽ സർവീസ് ആരംഭിച്ചു.

ആഴക്കടൽ മത്സ്യബന്ധനത്തിന് പരമ്പരാഗത മത്സ്യത്തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് പൈലറ്റ് അടിസ്ഥാനത്തിൽ 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്നതിന് 15 കോടി രൂപയുടെ പദ്ധതി രൂപീകരിച്ചു. കേരള മത്സ്യബന്ധന നിയന്ത്രണനിയമം കാലോചിതമായി പരിഷ്കരിച്ചു. ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കി. ഇങ്ങനെ നിരവധിപദ്ധതികൾ കഴിഞ്ഞ ആറരവർഷത്തിനിടയിൽ സർക്കാർ യാഥാർഥ്യമാക്കി.

## അടച്ചുറപ്പുള്ള വീട് എല്ലാവർക്കും

അടച്ചുറപ്പുള്ള വീടെന്നത് മത്സ്യത്തൊഴിലാളിമേഖലയിലെ വലിയൊരു സ്വപ്നമായിരുന്നു. അത് തിരിച്ചറിഞ്ഞാണ് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ടവരെയും വേലിയേറ്റമേഖലയുടെ 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെയും പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി നടപ്പാക്കിവരുന്നത്. 2,450 കോടി രൂപ അടങ്കലുള്ള പദ്ധതിയാണ് പുനർഗേഹം. സുരക്ഷിത മേഖലയിലേക്ക മാറ്റവാൻ സന്നദ്ധത അറിയിക്കുന്ന മുഴവൻ പേരെയും മാറ്റിപ്പാർപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം 390 ഭവനസമുച്ചയങ്ങൾ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ, കാരോട്, ബീമാപള്ളി, കോഴിക്കോട് ജില്ലയിലെ വെസ്റ്റ് ഹിൽ, മലപ്പുറം ജില്ലയിലെ പൊന്നാനി, നിറമരുതൂർ, കാസർഗോഡ് ജില്ലയിലെ കോയിപ്പാടി എന്നിവിടങ്ങളിലും ഭവനസമുച്ചയങ്ങൾ നിർമ്മിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. അവശേഷിക്കുന്ന ഭവനരഹിതരായ പ്രദേശവാസികൾക്ക് ഫ്ളാറ്റ് നിർമ്മിക്കാനായി മുട്ടത്തറയിൽ ക്ഷീരവികസന വകുപ്പിന്റെ എട്ട് ഏക്കർ ഭൂമി ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. ഇത് പരമാവധി ഒന്നരവർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

## ആശങ്കകൾ ഒഴിഞ്ഞ വിഴിഞ്ഞം

വിഴിഞ്ഞം പദ്ധതി നിർമാണം തുടങ്ങിയതു മുതൽ പ്രദേശവാസികളുടേയും മത്സ്യത്തൊഴിലാളികളുടേയും മുഴവൻ ആവശ്യങ്ങളും അനുഭാവപൂർവം പരിഗണിക്കുന്ന സമീപനമാണു സർക്കാർ സ്വീകരിച്ചു പോന്നത്. തുറമുഖനിർമ്മാണം നിമിത്തമുണ്ടാകുന്ന തീരശോഷണം പഠിക്കാൻ സർക്കാർ വിദഗ്ധസമിതിയെ നിയോഗിച്ചിട്ടുണ്ട്. തീരശോഷണവും കടലാക്രമണവും കാരണം വീട് നഷ്ടപ്പെട്ട് ദുരിതാശ്വാസക്യാമ്പുകളിൽ കഴിയുന്നവർക്ക് മാറിത്താമസിക്കാൻ വീട്ടുവാടകയും നൽകിവരികയാണ്.

നിലവിലുള്ള മണ്ണെണ്ണ എൻജിനുകൾ ഡീസൽ, പെട്രോൾ, ഗ്യാസ് എൻജിനുകളായി മാറ്റുന്ന പ്രവർത്തനം ഉടൻ നടപ്പിലാക്കും. ഇതിനായി ഒറ്റത്തവണ സബ്സിഡി നൽകും. ഡീസലിന് സബ്സിഡിയും നൽകും. കാലാവസ്ഥാ മുന്നറിയിപ്പുകാരണം കടലിൽ പോകാനാകാത്ത ദിവസങ്ങളിൽ മിനിമം വേതനം നൽകും. തൊഴിലുറപ്പുമായി തീരമേഖലയിലെ ജനങ്ങളെ ബന്ധിപ്പിക്കുന്നകാര്യവും പരിഗണിക്കും. ഈ രീതിയിൽ വിഴിഞ്ഞം പദ്ധതി സംബന്ധിച്ച് ഉയർന്നുവന്ന ആശങ്കകളെ അർഹിക്കുന്ന ഗൗരവത്തോടെ സമീപിച്ച് പരിഹാരനിർദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ സർക്കാരിനു കഴിഞ്ഞിട്ടുണ്ട്. ഭാവിയിൽ പദ്ധതിയോടുള്ള പൂർണ്ണസഹകരണവും എല്ലാവിഭാഗം ജനങ്ങളിൽ നിന്നും സർക്കാർ പ്രതീക്ഷിക്കുന്നുണ്ട്.

മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾ കൃത്യമായി മനസ്സിലാക്കിയാണ് പദ്ധതി രൂപവൽക്കരിച്ചിരിക്കുന്നത്. അവരുടെ സുരക്ഷയും സാമൂഹികപരിരക്ഷയും ഉറപ്പാക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. കഠിനമായ ജീവിതദുരിതങ്ങളിലേക്ക് അവർ വലിച്ചെറിയപ്പെടില്ല എന്നുറപ്പാക്കും. മൂന്നുഘട്ടങ്ങളിലായി നടപ്പാക്കുന്ന പദ്ധതിയിൽ ആദ്യഘട്ടം 8487ഉം, രണ്ടും മൂന്നും ഘട്ടങ്ങളിൽ 5099 വീതവും കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കും. ഓഖി ദുരന്തമുണ്ടായപ്പോഴും മത്സ്യത്തൊഴിലാളികളെ ആകാവുന്നിടത്തോളം ചേർത്തുനിർത്തി സർക്കാർ സഹായങ്ങൾ നൽകി. മരിച്ചവരോ കാണാതായവരോ ആയവരുടെ കുടുംബങ്ങൾക്ക് 20 ലക്ഷം വീതം ധനസഹായം സമയബന്ധിതമായി നൽകി. നഷ്ടപ്പെട്ട ഭവനങ്ങൾ പുനഃസ്ഥാപിക്കാനും ദുരന്തബാധിതരുടെ മക്കൾക്ക് വിദ്യാഭ്യാസ സഹായം നൽകാനും ആശ്രിതർക്ക് തൊഴിൽ നൽകാനും സർക്കാരിന് കഴിഞ്ഞു. നഷ്ടപ്പെട്ടതും കേടുവന്നതുമായ മത്സ്യബന്ധനോപാധികൾക്ക് ധനസഹായം നൽകി.

ഈ വിധത്തിൽ തീരദേശവാസികൾ ഒരിക്കലും കണ്ടിട്ടില്ലാത്തവിധമുള്ള ഇടപെടലാണ് സർക്കാർ നടത്തി വരുന്നത്. തീരദേശ പശ്ചാത്തലസൗകര്യ വികസന പ്രവർത്തനങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം, പാരമ്പര്യേതര രീതിയിലുള്ള തീരസംരക്ഷണ പ്രവർത്തനങ്ങൾ, തീരദേശ റോഡുകളുടെ നിർമ്മാണം തുടങ്ങി വിവിധ വികസനപ്രവർത്തനങ്ങളാണ് ഇക്കാലയളവിൽ ഈ സർക്കാർ ഏറ്റെടുത്ത് നടത്തിയത്.

തീരക്കടലിനുമേൽ സംസ്ഥാന സർക്കാരുകൾക്കുള്ള നിയന്ത്രണാവകാശം കവരുന്ന കാലത്താണ് ഈ സർക്കാർ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നത്. ബ്ലൂ ഇക്കണോമി എന്ന പേരിൽ മത്സ്യബന്ധന മേഖലയിൽ നടപ്പാക്കുന്ന പുത്തൻ സാമ്പത്തിക നയങ്ങൾ തീരദേശ മേഖലയിൽ സമീപഭാവിയിൽ വലിയ വെല്ലുവിളിയാവും ഉയർത്തുക. ഗാട്ട് കരാറിലൂടെ ഇപ്പോൾ കാർഷികമേഖല വലിയ തകർച്ച നേരിടുന്നതുപോലെ ബ്ലൂ ഇക്കണോമി നയങ്ങൾ മത്സ്യമേഖലയിൽ സമാനമായ പ്രതിസന്ധി സൃഷ്ടിച്ചേക്കാം. അതുകൊണ്ടുതന്നെ നമ്മുടെ തീരദേശത്തെയും മത്സ്യത്തൊഴിലാളികളെയും സംരക്ഷിക്കുന്നതിനൊപ്പം ഈ രംഗത്തു കേരളം ദീർഘവീക്ഷണത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഏവരുടെയും പിന്തുണയുണ്ടാകണം. അതാകട്ടെ തീരദേശത്തിന്റെ തണലും കരുത്തും. ■

# തീരമണയുന്ന കരുതൽ

തീരപ്രദേശത്തിന്റെയും മത്സ്യത്തൊഴിലാളി ജനവിഭാഗത്തിന്റെയും ക്ഷേമവും സുരക്ഷയും പുരോഗതിയും ഒരുപോലെ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുകയാണ് സർക്കാർ






## വി. അബ്ദുറഹിമാൻ

മത്സ്യബന്ധനം, സ്പോർട്സ്, വഖ്ഫ്, ഹജ്ജ് കാര്യ വകുപ്പ് മന്ത്രി


കേരളത്തിന്റെ സാമ്പത്തിക-സാമൂഹിക രംഗത്ത് വലിയ സ്വാധീനമുള്ളതാണ് മത്സ്യബന്ധനമേഖല. നീണ്ട കടൽത്തീരവും നൂറുകണക്കിന് ജലസ്രോതസ്സുകളുമുള്ള കേരളത്തിൽ വിശാലമായ സാധ്യതകളുള്ള ഈ മേഖലയുടെ ഉന്നമനത്തിനായി സർക്കാർ വളരെ സജീവമായ ഇടപെടലുകളാണ് നടത്തുന്നത്.

സ്വതന്ത്രമായും സുരക്ഷിതമായും തൊഴിൽ ചെയ്യാനും ജീവിക്കാനുമുള്ള മത്സ്യത്തൊഴിലാളികളുടെ അവകാശം സംരക്ഷിക്കപ്പെടേണ്ടത് വളരെ പ്രധാനമാണ്. അവരുടെ യഥാർഥപ്രശ്നങ്ങൾ തിരിച്ചറിഞ്ഞുള്ള ഇടപെടലിലൂടെ മാത്രമേ അതു സാധിക്കൂ. അത്തരത്തിൽ ക്രിയാത്മകവും ഫലപ്രദവുമായ ഇടപെടലാണ് ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. പിന്നാക്കാവസ്ഥയിൽ കഴിയുന്ന മത്സ്യത്തൊഴിലാളിസമൂഹത്തെ മുഖ്യധാരയിലേക്ക് എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് എല്ലാ പ്രവർത്തനങ്ങളും.

എല്ലാ മേഖലകളിലെയും തൊഴിലാളികളോടും പ്രതിസന്ധി അനുഭവിക്കുന്ന ജനവിഭാഗങ്ങളോടും അങ്ങേയറ്റം കരുതൽ പുലർത്തുന്ന സമീപനമാണ് ഈ സർക്കാരിനുള്ളത്. അതുതന്നെയാണ് മത്സ്യമേഖലയോടും ഉള്ളത്. ഭവനങ്ങൾ നഷ്ടമാവുകയോ ഇല്ലാതിരിക്കുകയോ ചെയ്യുന്നവരുടെ പുനരധിവാസം, തൊഴിൽ പ്രോത്സാഹനം, വിദ്യാഭ്യാസസഹായം, നഷ്ടപരിഹാര വിതരണം, സ്ത്രീശാക്തീകരണം തുടങ്ങിയ വിഷയങ്ങളിൽ കഴിഞ്ഞ ആറുവർഷം നടപ്പാക്കിയ പദ്ധതികളും പരിപാടികളും സമാനതകളില്ലാത്തതാണ്.



## വീടും തൊഴിലും ഉറപ്പാക്കി

തീരപ്രദേശജീവിതം ക്ഷേമം നിറഞ്ഞതും കൂടുതൽ സുരക്ഷിതവുമായി മാറിക്കൊണ്ടിരിക്കുകയാണ്. അതിന് നിരവധി ഉദാഹരണങ്ങളുണ്ട്. വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ ഉൾപ്പെടുത്തി ഇതുവരെ 4212 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നൽകി. പുനർഗേഹം പദ്ധതിപ്രകാരം 1834 വീടുകൾ നിർമ്മിച്ചു. ആകെ 3131 പേർക്ക് ഭൂമി വാങ്ങി രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. 390 കുടുംബങ്ങൾക്ക് ഫ്ളാറ്റ് നിർമ്മിച്ചു നൽകി. 556 ഫ്ളാറ്റുകൾ നിർമ്മാണഘട്ടത്തിലാണ്. വീട് നഷ്ടമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് വീട്ടുവാടകത്തുക നൽകിവരുന്നുണ്ട്. ഓഖി നാശം വിതച്ച സമയത്താണ് വീട് നഷ്ടമായവർക്ക് ആദ്യം വാടക തുക കൊടുത്തത്. അന്ന് 3000 രൂപയായിരുന്നു. ഇപ്പോൾ വിഴിഞ്ഞത്ത് 5500 രൂപ വീതം കൊടുക്കുന്നു. 151 പേർക്ക് രണ്ട് ഗഡു കൊടുത്തു കഴിഞ്ഞു.

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസത്തിന് അകമഴിഞ്ഞ സഹായവും പിന്തുണയുമാണ് സർക്കാർ നൽകുന്നത്. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ മാതാപിതാക്കൾ മരിച്ചുപോയ കുട്ടികളെ ദത്തെടുത്ത് വിദ്യാഭ്യാസച്ചെലവ് പൂർണമായും സർക്കാർ വഹിക്കുന്നു.

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെയും അനുബന്ധ തൊഴിലുകളിൽ ഏർപ്പെടുന്ന സ്ത്രീകളുടെയും ഉന്നമനത്തിന് വിപുലമായ പദ്ധതികളാണ് നടപ്പാക്കുന്നത്. തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്, കെ.എസ്.ആർ.ടി.സി. യുമായി ചേർന്നുള്ള സമുദ്ര പദ്ധതി, സമുദ്രഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട്ലെറ്റും എല്ലാം തീരമേഖലയിലെ സ്ത്രീശാക്തീകരണം ലക്ഷ്യമിട്ട് നടപ്പാക്കിയതാണ്.

## പ്രതിസന്ധികളിൽ താങ്ങായി

പ്രതിസന്ധിഘട്ടങ്ങളിൽ മത്സ്യത്തൊഴിലാളികളെ ഈ സർക്കാർ കൂടുതൽ ചേർത്തുപിടിച്ചിട്ടുണ്ട്. മോശം കാലാവസ്ഥ കാരണവും കോവിഡ് പ്രതിരോധനിയന്ത്രണങ്ങൾ നിലനിന്ന കാലത്തും സർക്കാർ മത്സ്യത്തൊഴിലാളികൾക്ക് കൈത്താങ്ങായി. 2020-21 കാലയളവിൽ മോശം കാലാവസ്ഥ മൂലം തൊഴിൽദിനങ്ങൾ നഷ്ടമായപ്പോൾ, ആശ്വാസമായി 84 കോടി രൂപ വിതരണം ചെയ്തു. കോവിഡ്-19 കാരണം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ടത് പരിഗണിച്ച് മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡിൽ രജിസ്റ്റർ ചെയ്തവർക്ക് ആകെ 32 കോടി രൂപ അനുവദിച്ചു.

# സാർഥകമായി നോർവേ സന്ദർശനം

## ഫിഷറീസ് രംഗത്തെ ലോകത്തെ തന്നെ വൻശക്തികളിലൊന്നാണ് നോർവേ



**മുഖ്യമന്ത്രിയും സംഘവും അസ്കോ മാരിടൈം അധികൃതരുമായി ചർച്ചനടത്തുന്നു**

മുഖ്യമന്ത്രി പിണറായി വിജയൻ, ഫിഷറീസ് മന്ത്രി വി അബ്ദുറഹിമാൻ എന്നിവർ നടത്തിയ നോർവേ സന്ദർശനത്തിൽ മത്സ്യമേഖലയിൽ കേരളവും നോർവേയും തമ്മിലുള്ള സഹകരണം കൂടുതൽ ശക്തമാക്കാൻ ധാരണയായി. നോർവേയുടെ മാരിടൈം തലസ്ഥാനമായ ബെർഗൻ നഗരത്തിൽ നടന്ന ചർച്ചയിലെ ധാരണകൾ കേരളത്തിന്റെ മത്സ്യമേഖലയ്ക്ക് അനന്തമായ സാധ്യതകൾ തുറക്കുന്നു. പുതിയ സാങ്കേതിക വിദ്യകളുടെയും സമീപനങ്ങളുടെയും സഹായത്തോടെ മത്സ്യമേഖലയെ പുനരുജ്ജീവിപ്പിക്കാൻ നോർവേയുമായുള്ള സഹകരണം കൊണ്ട് സാധിക്കും.

കേരളത്തിൽ മാരിടൈം ക്ലസ്റ്റർ രൂപപ്പെടുത്തുന്നതിനും ഫിഷറീസ്, അക്വാകൾച്ചർ രംഗത്ത് പുതിയ പദ്ധതികൾ നടപ്പിലാക്കാനും നോർവേയുടെ സഹായവാഗ്ദാനം ലഭിച്ചു. നോർവേ ഫിഷറീസ് ആന്റ് ഓഷ്യൻ പോളിസി മന്ത്രി ജോർണർ സെൽനെസ്സ് സ്കെജറൻ ഇത് സംബന്ധിച്ച് വ്യക്തമായ ഉറപ്പ് നൽകി.

ഫിഷ് ന്യൂട്രിഷനിലും ഫീഡ് റിസർച്ച് ആൻഡ് ഹെൽത്ത് മാനേജ്മെന്റിലും കേരളത്തെ സഹായിക്കാമെന്ന ഉറപ്പ് നോർവീജിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മറൈൻ റിസർച്ചിൽ നിന്നും ലഭിച്ചു.

മറൈൻ കേജ് കൾച്ചർ, കപ്പാസിറ്റി ബിൽഡിങ്ങ് ഇവയിൽ നോർവീജിയൻ ഫുഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിലെ കുഫോസുമായി സഹകരിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചു. സ്റ്റുഡന്റ് ആൻഡ് ഫാക്കൽട്ടി എക്സ്ചേഞ്ച്, കേജ് ഫാർമിങ് വഴിയുള്ള ഓഫ് ഷോർ അക്വാകൾച്ചർ, കയറ്റുമതിക്കുള്ള പുനഃചംക്രമണ മത്സ്യക്കൃഷി തുടങ്ങിയ മേഖലകളിൽ ഗവേഷണത്തിനും തൊഴിൽസാധ്യതകൾക്കും കൂടുതൽ സഹകരണം ഉറപ്പുവരുത്താൻ തീരുമാനിച്ചു.

കുഫോസ് വിദ്യാർഥികൾക്കും അധ്യാപകർക്കും ഗവേഷണപരിശീലനം നൽകാൻ നോർദ് യൂണിവേഴ്സിറ്റി താൽപര്യം അറിയിച്ചു.

പ്രകൃതിക്ഷോഭങ്ങളെ നേരിടൽ, തീരശോഷണം തടയൽ എന്നീ മേഖലകളിൽ സഹകരിച്ചു പ്രവർത്തിക്കാൻ നോർവീജിയൻ ജിയോ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് താൽപര്യം പ്രകടിപ്പിച്ചു.

കൊച്ചിയെ ലോകത്തെ പ്രധാന മാരിടൈം ഹബ്ബുകളിലൊന്നാക്കി മാറ്റുക എന്ന ലക്ഷ്യമാണ് സർക്കാരിനുള്ളത്. കൊച്ചിയിൽ ആരംഭിക്കുന്ന മാരിടൈം ക്ലസ്റ്ററുമായി സഹകരിക്കാൻ നോർവീജിയൻ കമ്പനിയായ അസ്കോ മാരിടൈം താൽപര്യം പ്രകടിപ്പിച്ചു.

## തീരസംരക്ഷണത്തിന് ഊന്നൽ

തീരസംരക്ഷണം നടപ്പാക്കുന്ന കാര്യത്തിൽ ഒരു കാലത്തും കാണാത്ത പുരോഗതിയാണ് ഉണ്ടായത്. ചെല്ലാനമാണ് ഏറ്റവും നല്ല ഉദാഹരണം. പൂന്തുറ - വലിയതുറ ഓഫ്ഷോർ ബ്രേക്ക്വാട്ടർ നിർമ്മാണം തീരസംരക്ഷണത്തിലെ വലിയ ചുവടുവെപ്പാണ്. പദ്ധതി വിജയിച്ചാൽ മറ്റിടങ്ങളിലേക്കും വ്യാപിപ്പിക്കും.

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപകരണങ്ങൾ വാങ്ങാൻ പലിശരഹിത വായ്പാപദ്ധതി നടപ്പാക്കിയത് ഈ സർക്കാരാണ്. മൈക്രോഫിനാൻസ് പദ്ധതി സഹായം 20,000 രൂപയിൽ നിന്ന് 50,000 രൂപയാക്കി ഉയർത്തുകയും ചെയ്തു.

കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷ വളരെ പ്രധാനമാണ്. അപകടത്തിൽപ്പെട്ട ശേഷം രക്ഷാപ്രവർത്തനം എന്ന രീതിക്ക് പകരം, അപകടം ഉണ്ടാകാതെ നോക്കുന്നതിനു പ്രാധാന്യം നൽകുകയാണ്. മത്സ്യത്തൊഴിലാളികൾക്ക് 40,000 ലൈഫ് ജാക്കറ്റും 240 സാറ്റലൈറ്റ് ഫോണുകളും നൽകി. മത്സ്യത്തൊഴിലാളികൾ ഈ സംവിധാനങ്ങൾ ഉപയോഗിക്കാൻ തയ്യാറാകണം.



## വേണം ആധുനികവൽക്കരണം

മത്സ്യബന്ധനം, മത്സ്യസംസ്കരണം, മത്സ്യക്കൃഷി തുടങ്ങിയ വിഷയങ്ങളിൽ വലിയ വികസനം മുന്നിൽ കണ്ടുകൊണ്ടുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്. മത്സ്യബന്ധനത്തിൽ നാം ഏറെ മുന്നോട്ടുപോകേണ്ടതുണ്ട്. നമ്മുടെ ഫിഷിങ്ങ് ഹാർബറുകൾക്ക് കാലാനുസൃതമായ മാറ്റം വരണം. ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ അടുക്കാനുള്ള സൗകര്യങ്ങൾ ഇവിടെ ഉണ്ടാകണം.

നോർവേ പോലുള്ള വികസിത രാജ്യങ്ങളിൽ മത്സ്യബന്ധന മേഖലയിൽ വലിയ പുരോഗതിയാണ് ഉണ്ടായിട്ടുള്ളത്. മുഖ്യമന്ത്രിക്കൊപ്പം അടുത്തിടെ നടത്തിയ സന്ദർശന ത്തിൽ ഇക്കാര്യങ്ങൾ നേരിൽ കണ്ടിരുന്നു. മത്സ്യസംസ്കരണം കൂടി സാധ്യമാകുന്ന യാനങ്ങളാണ് അവിടങ്ങളിൽ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നത്. നമ്മുടെ പരിമിതിയിൽ നിന്നുകൊണ്ട്, നിലവാരമുള്ള ശീതീകരണ സംവിധാനമുള്ള യാനങ്ങൾ നമുക്കും ഉപയോഗിക്കാവുന്ന താണ്. നമ്മുടെ ഹാർബറുകളിൽ തന്നെ സംസ്കരണ ത്തിനും മറ്റുമുള്ള സംവിധാനം ഏർപ്പെടു ത്തുന്നതിനുള്ള സാധ്യത പരിശോധിച്ച് വരികയാണ്.

> തീരസംരക്ഷണം നടപ്പാക്കുന്ന കാര്യത്തിൽ ഒരു കാലത്തും കാണാത്ത പുരോഗതിയാണ് ഉണ്ടായത്. ചെല്ലാനമാണ് ഏറ്റവും നല്ല ഉദാഹരണം.

മണ്ണെണ്ണ ഇന്ധനം ഉപയോഗിച്ചുള്ള യാനങ്ങ ളിൽനിന്ന് മറ്റ് ഇന്ധനങ്ങളി ലേക്ക് മാറാനുള്ള ശ്രമം സജീവ മാക്കുകയാണ്. ഇത് ചെലവ് കുറയ്ക്കാൻ സഹായിക്കും. ഹാർബറുക ളിൽ ഡീസൽ ബങ്കുകൾ കൂടുതലായി ആരംഭിക്കുകയാണ്. കൊയിലാണ്ടി യിൽ തുടങ്ങി. താനൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ ഉടൻ തുടങ്ങും. ഈ ബങ്കുകളിൽ പെട്രോൾ കൂടി വിതരണം ചെയ്യാനും സംവിധാനം ഏർപ്പെടുത്തും.

## ഉൾനാടൻ മത്സ്യക്കൃഷി

ഉൾനാടൻ മത്സ്യബന്ധനവും മത്സ്യം വളർത്തലും പ്രോത്സാഹിപ്പിക്കുന്നുണ്ട്. നിലവിലെ സംവിധാനങ്ങളിൽ ഉൽപാദന ക്ഷമത വർധിപ്പിക്കാനുള്ള മാർഗങ്ങളും സ്വീകരിക്കുകയാണ്. ഒപ്പം സാധ്യതയുള്ള മേഖലകൾ കണ്ടെത്തി കടൽവെള്ളത്തിൽ മത്സ്യം വളർത്തുന്നതിനുള്ള പഠനങ്ങളും നടത്തുന്നുണ്ട്. നോർവേ പോലുള്ള രാജ്യങ്ങൾ കേരളവുമായി സഹകരിക്കാൻ തയ്യാറാണ്. ഈ സഹകരണം നാം പ്രയോജനപ്പെടുത്തണം. സർക്കാർ അതിനു മുൻകൈ എടുക്കുന്നുണ്ട്. കേരളത്തിലെ മത്സ്യബന്ധന, മത്സ്യക്കൃഷി മേഖലകളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സംസ്ഥാന സർക്കാരും നോർവേയുമായി 14 വിഷയങ്ങളിൽ സഹകരിക്കാൻ ധാരണയായിട്ടുണ്ട്.

## ഉൽപന്നങ്ങൾ മൂല്യവർധിതമാകുന്നു

മത്സ്യമേഖലയിൽ മൂല്യവർധിത ഉൽപന്നങ്ങൾക്ക് വളരെ വിപുലമായ സാധ്യതയാണുള്ളത്. വിദേശങ്ങളിലും മറ്റും ഇതിന് നല്ല ഉദാഹരണങ്ങൾ നാം കാണുന്നതാണ്. പതിവ് മൂല്യവർധിത ഉൽപന്നങ്ങൾക്കൊപ്പം വ്യത്യസ്തമായ ഉൽപന്നങ്ങളും ഉണ്ടാക്കാനുള്ള ശ്രമമാണ് വേണ്ടത്. അതിന് തീരദേശ വികസന കോർപ്പറേഷനും മത്സ്യഫെഡും സാഫും മറ്റും മുൻകൈ എടുക്കുന്നുണ്ട്. മൂല്യവർധിത ഉൽപന്നങ്ങൾ പ്രോത്സാഹിപ്പിക്കാൻ ഈ രംഗത്തെ സ്റ്റാർട്ട്അപ്പുകൾക്ക് നല്ല പ്രോത്സാഹനം നൽകും. മൂല്യവർധിത ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതും പ്രധാനമാണ്.

മത്സ്യഫെഡിന്റെ മൂന്ന് നെറ്റ് ഫാക്ടറികൾ നല്ല നിലയിൽ പ്രവർത്തിച്ചുവരികയാണ്. ഈ ഫാക്ടറികളിൽ റെക്കോഡ് ഉൽപാദനമാണ് ഇപ്പോൾ നടക്കുന്നത്. നമ്മുടെ മത്സ്യത്തൊഴി ലാളികൾക്ക് ആവശ്യമായ വല ഇവിടെ തന്നെ നിർമ്മിക്കുന്ന സ്ഥിതി ഉണ്ടാകും.

തീരപ്രദേശത്തിന്റെയും മത്സ്യത്തൊഴിലാളി ജനവിഭാഗത്തി ന്റെയും ക്ഷേമവും സുരക്ഷയും പുരോഗതിയും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ഒരുപോലെ നടപ്പാക്കുകയാണ് സർക്കാർ. കൂടുതൽ സജീവമായ ഇടപെടലുകളു മായി സർക്കാർ മുന്നോട്ടുപോകും. ■

ചെല്ലാനം

ജയൻ എം എ

# കൺതുറക്കാം പുതുചക്രവാളങ്ങളിലേക്ക്

**മത്സ്യബന്ധനമേഖലയിലെ ആധുനികീകരണമാണ് സർക്കാർ ലക്ഷ്യം**



**ഡോ. അദീല അബ്ദുള്ള ഐ.എ.എസ്**
ഡയറക്ടർ, ഫിഷറീസ്

1960കളിൽ ഇൻഡോ-നോർവേ സഹകരണത്തോടെ കേരളത്തിൽ നടപ്പാക്കിയ ആധുനികീകരണ പദ്ധതി മത്സ്യബന്ധനമേഖലയിൽ വലിയ മാറ്റങ്ങൾക്ക് വഴിവെച്ചു. എന്നാൽ, അതിനു ശേഷം യാനങ്ങളുടെ ആധുനികീകരണം വലിയ തോതിൽ മുന്നോട്ടുപോയില്ല. തീരക്കടലിലെ കുറഞ്ഞ മത്സ്യലഭ്യത, ഉയർന്ന മത്സ്യബന്ധനസമ്മർദം, വർധിച്ചു വരുന്ന മണ്ണെണ്ണവില, കാലാവസ്ഥാവ്യതിയാനം മൂലം സമുദ്രജലത്തിലുണ്ടായിട്ടുള്ള കലക്കം (Turbidity) തുടങ്ങിയ സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിനായി കഴിയുന്നത്ര വേഗം സജ്ജരാക്കേണ്ടതുണ്ട്. കൂടുതൽ സുരക്ഷിതവും ലാഭകരവും സുസ്ഥിരവുമായ ഘടകങ്ങൾ കോർത്തിണക്കിയുള്ള മത്സ്യബന്ധനം സാധ്യമാക്കുന്ന രീതിയിലുള്ള ആധുനികീകരണത്തിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കുതന്നെയാണ് മുൻഗണന. എല്ലാ മത്സ്യബന്ധനയാനങ്ങളിലും ജീവൻസുരക്ഷ ഉപകരണങ്ങൾ ഉറപ്പാക്കുന്നതിനും, കാലാവസ്ഥാമുന്നറിയിപ്പുകൾ യഥാസമയം മത്സ്യത്തൊഴിലാളികൾക്ക് എത്തിച്ചുനൽകുന്നതിനും കടൽ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഇതിനകം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് മൂന്ന് റീജിയണൽ കൺട്രോൾ റൂമുകളും ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് മാസ്റ്റർ കൺട്രോൾ റൂമും പ്രവർത്തിച്ചു വരുന്നു. കടലപകടങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് പ്രാഥമികചികിത്സ ഉറപ്പാക്കി രക്ഷാപ്രവർത്തനം നടത്തുന്നതിന് തിരുവനന്തപുരം(വിഴിഞ്ഞം), എറണാകുളം(വൈപ്പിൻ), കോഴിക്കോട്(ബേപ്പൂർ) എന്നിവിടങ്ങളിൽ മൂന്ന് മറൈൻ ആംബുലൻസുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനകം ആയിരത്തിലധികം മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിക്കാൻ മറൈൻ ആംബുലൻസുകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇത് രാജ്യത്തു തന്നെ ആദ്യത്തെ സംരംഭമാണ് എന്നുള്ളത് പ്രശംസനീയമാണ്.

## സാങ്കേതികവിദ്യയിലൂടെ മെച്ചപ്പെട്ട പ്രവർത്തനം

മത്സ്യബന്ധനയാനങ്ങൾ ആധുനികീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ പരമ്പരാഗതയാനങ്ങൾക്കും മൗണ്ടിംഗ് ടൈപ്പ് ജി.പി.എസ് നൽകുന്ന പദ്ധതി പുരോഗമിക്കുന്നു. മത്സ്യത്തൊഴിലാളികൾക്ക് കൃത്യമായ ദിശ അറിയുന്നതിനും മത്സ്യത്തിന്റെ ലഭ്യത കൃത്യമായി തിരിച്ചറിയുന്നതിനും ഇത് സഹായകരമാകും. ഘട്ടം ഘട്ടമായി ഇത് എല്ലാ പരമ്പരാഗത യാനങ്ങൾക്കും നൽകാൻ പദ്ധതിയുണ്ട്.

പിടിക്കുന്ന മത്സ്യം കേടുകൂടാതെ കരയ്ക്ക് എത്തിക്കുന്നതിന് ഇൻസുലേറ്റഡ് ഐസ് ബോക്സ് നൽകുന്ന പദ്ധതി പുരോഗമിക്കുന്നു. ഇത് എല്ലാ യാനങ്ങളിലും ഉറപ്പാക്കും. അതുവഴി പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിന് നല്ല വില കിട്ടും. ഉപഭോക്താക്കൾക്ക് ഗുണനിലവാരം ഉള്ള മത്സ്യം ലഭിക്കും.

ലാഭകരവും എന്നാൽ മത്സ്യസമ്പത്തിന് കോട്ടം



തട്ടാത്തതുമായ മത്സ്യബന്ധനരീതികൾ വരും വർഷങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു. ട്രോൾ വലകളിൽ സ്ക്വയർ മെഷ് കോഡെൻഡ്/ ടർട്ടിൽ എക്സ്ക്ലൂഡ് ഡിവൈസ് തുടങ്ങിയവ ഉപയോഗിക്കുന്നതുവഴി വലയിൽ കടന്നുകൂടുന്ന ചെറുമീനുകൾക്ക് രക്ഷപ്പെടുന്നതിനും കടലിലുള്ള മത്സ്യമല്ലാത്ത മറ്റു ജീവികളെ പിടിക്കുന്നത് തടയാനും ആമകൾ പോലുള്ള ജീവികളെ രക്ഷിക്കാനും കഴിയുന്നു. മത്സ്യബന്ധനബോട്ടുകളിൽ ടോയ്‌ലറ്റ് സജ്ജമാക്കുന്നതിനും സ്ലറി ഐസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ആധുനികമായ മറ്റ് ഐസ് യൂണിറ്റുകളിലേയ്ക്ക് മാറാനും ബോട്ടുടമകളെ സർക്കാർ സബ്സിഡിയോടു കൂടി തന്നെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

## മാറാം കാലത്തിനൊപ്പം

മണ്ണെണ്ണയുടെ ലഭ്യതക്കുറവും വിലവർധനയും പാരിസ്ഥിതിക മലിനീകരണവും കണക്കിലെടുത്ത് മണ്ണെണ്ണ എൻജിനുകൾക്ക് പകരം കൂടുതൽ ലാഭകരമായ മണ്ണെണ്ണ ഇതര എൻജിനുകൾ ഉപയോഗിക്കുക എന്നത് പ്രധാനമാണ്. മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന എൻജിനുകൾ ഘട്ടംഘട്ടമായി ഇതര ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എൻജിനുകളിലേക്ക് മാറ്റാനാണ് ഉദ്ദേശിക്കുന്നത്. ആദ്യപടിയെന്ന നിലയ്ക്ക് മണ്ണെണ്ണ എൻജിനുമായി ചേർന്ന് പ്രവർത്തിക്കുന്ന എൽ.ഒ.റ്റി മോഡൽ എൽ.പി.ജി. കിറ്റുകൾ ഉപയോഗിക്കുന്നതോടുകൂടി മണ്ണെണ്ണ എൻജിനുകൾ പൂർണ്ണമായും മാറ്റാതെ തന്നെ എൽ.പി.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന എൻജിനുകളാക്കി പരിവർത്തനം ചെയ്യാനാകും. ഇത് വലിയൊരു വിപ്ലവം തന്നെ ഈ മേഖലയിൽ ഉണ്ടാക്കും എന്ന കാര്യത്തിൽ സംശയമില്ല. നിലവിൽ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന മണ്ണെണ്ണ എൻജിനുകൾ പെട്രോൾ/ ഡീസൽ എൻജിനുകളാക്കി മാറ്റുന്നതിന് സബ്സിഡി നൽകുന്ന കാര്യവും സർക്കാർ പരിഗണനയിലാണ്.

**പിടിക്കുന്ന മത്സ്യം കേടുകൂടാതെ കരയ്ക്ക് എത്തിക്കുന്നതിന് ഇൻസുലേറ്റഡ് ഐസ് ബോക്സ് നൽകുന്ന പദ്ധതി പുരോഗമിക്കുന്നു. ഇത് എല്ലാ യാനങ്ങളിലും ഉറപ്പാക്കും**

പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനായി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതി പുരോഗമിക്കുന്നു. ഒരു ആഴക്കടൽ ബോട്ട് യൂണിറ്റിന് 1.5 കോടി രൂപ ചെലവാകും. അതിൽ 28.8 ലക്ഷം രൂപ കേന്ദ്രസർക്കാർ സബ്സിഡിയും 19.2 ലക്ഷം രൂപ കേരള സർക്കാർ സബ്സിഡിയും 30.6 ലക്ഷം രൂപ കേരളസർക്കാരിന്റെ അധിക സഹായ ധനവും ആണ്. ഗുണഭോക്തൃവിഹിതമായി വേണ്ടി വരുന്ന ബാക്കിത്തുക കെ.എഫ്.സി വഴിയുള്ള ലോൺ മുഖേന കണ്ടെത്തും.

മത്സ്യത്തൊഴിലാളികൾക്കും യാനവും എൻജിനും ഉൾപ്പെടെയുള്ള തൊഴിലുപകരണങ്ങൾക്കും ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ മുഴുവൻ പരമ്പരാഗതയാനങ്ങൾക്കും ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്ന വിഷയവും പരിഗണിച്ചു വരുന്നു. മത്സ്യബന്ധനത്തിനിടയിൽ അപകടം സംഭവിക്കുകയാണെങ്കിൽ ബോട്ട് ഉപേക്ഷിച്ച് രക്ഷപ്പെടാൻ മത്സ്യത്തൊഴിലാളികൾ വിമുഖത കാണിക്കാറുണ്ട്. ഇത് അപകടത്തിന്റെ തീവ്രത വർധിപ്പിക്കുന്നു. എല്ലാ മത്സ്യബന്ധന യാനങ്ങൾക്കും ഇൻഷ്വറൻസ് നടപ്പാക്കുന്നത് പരിഹാരമാകും.

കേരളത്തിലെ എല്ലാ ഹാർബറുകളിലും ആധുനിക സംവിധാനങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. ഹാർബറുകളിൽ സ്റ്റോറേജ് സൗകര്യം വർധിപ്പിക്കുന്നതിനും ചിൽ റൂമുകൾ സജ്ജമാക്കുന്നതിനും നടപടി എടുത്തിട്ടുണ്ട്. ഹാർബറുകൾ കൂടുതൽ സ്ത്രീസൗഹാർദ്ദപരമാക്കാനും ശ്രദ്ധ ചെലുത്തുന്നു. മത്സ്യഗുണനിലവാര പരിപാലന നിയമം കൂടി നടപ്പിലാക്കിക്കൊണ്ട് മത്സ്യത്തൊഴിലാളികളുടെ മത്സ്യവിഭവങ്ങൾക്ക് മികച്ച വില ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.■



പുനരധിവാസം

# പുനർഗേഹം

## പ്രത്യാശയുടെ പാർപ്പിടങ്ങൾ




**സന്തോഷ് കുമാർ. എസ്**
സ്റ്റേറ്റ് കോ-ഓർഡിനേറ്റർ
പുനർഗേഹം പദ്ധതി


തീരദേശജനതയ്ക്ക് സുരക്ഷിതഭവനം യാഥാർഥ്യമാക്കുന്നതിന് കേരള സർക്കാരിന്റെ 2450 കോടി രൂപയുടെ ബൃഹത്പദ്ധതിയാണ് പുനർഗേഹം. രാജ്യത്ത് ഇത്തരത്തിലുള്ള ഏക പുനരധിവാസ പദ്ധതിയാണിതെന്ന സവിശേഷതയുമുണ്ട്

കേരളീയരുടെ ഭക്ഷണത്തിൽ ഒഴിവാക്കാനാവാത്ത ഇനമായ മത്സ്യത്തെ തീൻമേശകളിൽ എത്തിക്കുകയും 6971 കോടി രൂപയുടെ വിദേശനാണ്യം നേടിത്തരികയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ സാമൂഹിക, സാമ്പത്തിക അവസ്ഥ അത്ര ആശാവഹമല്ല.
പൊതുവിഭാഗത്തിന്റെ ശരാശരി ആളോഹരി വരുമാനത്തിന്റെ പകുതിയിൽ താഴെമാത്രമാണ് മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ശരാശരി ആളോഹരി വരുമാനം എന്ന് പറയുമ്പോൾ തന്നെ ഈ മേഖലയുടെ പിന്നാക്കാവസ്ഥ മനസ്സിലാകും. ഇവരുടെ സാമൂഹിക പിന്നാക്കാവസ്ഥ മാറ്റിയെടുക്കണമെങ്കിൽ പ്രധാനമായും സുരക്ഷിത മേഖലയിൽ സുരക്ഷിതഭവനം ഒരുക്കേണ്ടതുണ്ട്. ഈ അനിവാര്യതയാണ് പുനർഗേഹം എന്ന പദ്ധതിയിലേക്ക് സർക്കാരിനെ എത്തിച്ചത്. 2020 മാർച്ച് 5 ന് തുടക്കം കുറിച്ച ഈ പദ്ധതി മൂന്ന് വർഷം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

തീരദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളേയും സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്നതും തീരത്ത്



ഹരിത കവചമുൾപ്പെടെയുള്ള ബഫർ സോൺ ഒരുക്കുന്നതും പദ്ധതിയുടെ ലക്ഷ്യങ്ങളാണ്.

2018 ൽ ഫിഷറീസ് വകുപ്പ് നടത്തിയ വിശദമായ സർവേ പ്രകാരം കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ ആകെ 18,685 കുടുംബങ്ങൾ അധിവസിക്കുന്നതായി കണ്ടെത്തിയിരുന്നു. ഇവരിൽ 3,367 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും 10 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നവരാണ്.

**കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളും പദ്ധതി ഗുണഭോക്താക്കൾ ആണ്**

## ആർക്കൊക്കെ പദ്ധതിയിൽ അംഗമാകാം?

കടലോരത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളും പദ്ധതി ഗുണഭോക്താക്കൾ ആണ്. എന്നാൽ വെവ്വേറെ റേഷൻ കാർഡുള്ളവരും ഒരേ വീട്ടിൽ താമസിക്കുന്നവരേയും ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിരുന്നവരായാലും സ്വന്തമായി വീടില്ലാത്തതിനാൽ മാത്രം മാതാപിതാക്കളോടൊപ്പമോ അല്ലാതെയോ താമസിക്കുന്നവരേയും വ്യത്യസ്തകുടുംബമായി പരിഗണിച്ച് ധനസഹായം അനുവദിക്കും. ആദ്യ പരിഗണന ഭൂമിയുടെയും വീടിന്റെയും ഉടമസ്ഥായിരിക്കും എന്ന് മാത്രം.

തുടർച്ചയായ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾക്കായിരിക്കും മുൻഗണന.

## പദ്ധതി ഘടകങ്ങൾ

1. ഗുണഭോക്താവ് സ്വന്തം നിലയിൽ ഭൂമി കണ്ടെത്തി ഭവന നിർമ്മാണം.
2. സർക്കാർ ഭൂമി/സ്വകാര്യ ഭൂമി ഏറ്റെടുത്ത് സർക്കാർ ചെലവിൽ കെട്ടിടസമുച്ചയം നിർമ്മിച്ച് പുനരധിവാസം.
3. ഗുണഭോക്താക്കൾ ചേർന്ന് റസിഡന്റ് ഗ്രൂപ്പുകൾ രൂപീകരിച്ച് ചെറുഫ്ളാറ്റുകൾ നിർമ്മിച്ച് പുനരധിവാസം.
4. ഗുണഭോക്താവ് സ്വന്തം നിലയിൽ ഭൂമിയും വീടും ഒരുമിച്ച് വാങ്ങി പുനരധിവാസം.

## പരമാവധി 10 ലക്ഷം രൂപ

പദ്ധതി അടങ്കൽ 2450 കോടി രൂപയാണ്. 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും

**പദ്ധതി സഹായത്തോടെ വ്യക്തിഗതമായി നിർമ്മിച്ച ചില വീടുകൾ**









## പദ്ധതി പുരോഗതി

| | |
|---|---|
| ആകെ ഗുണഭോക്താക്കൾ | 18685 |
| മാറി താമസിക്കുവാൻ സന്നദ്ധരായ കുടുംബങ്ങൾ | 8675 |
| ഭൂമി കണ്ടെത്തിയവർ | 3616 |
| രജിസ്ട്രേഷൻ പൂർത്തിയാക്കിയവർ | 3131 |
| ഭവനനിർമ്മാണം പൂർത്തീകരിച്ചവർ | 1834 |
| ഫ്ളാറ്റ് നിർമ്മിച്ച് പുനരധിവസിപ്പിക്കപ്പെട്ടവർ | 390 |

## ജില്ല തിരിച്ചുള്ള നേട്ടം

| ജില്ല | മാറി താമസിക്കുവാൻ സന്നദ്ധരായവർ | ഭൂമി വില നിശ്ചയിച്ചവർ | ഭവന രജിസ്ട്രേഷൻ പൂർത്തീകരിച്ചവർ | നിർമ്മാണം പൂർത്തീകരിച്ചവർ |
|---|---|---|---|---|
| തിരുവനന്തപുരം | 4044 | 1213 | 1002 | 505 |
| കൊല്ലം | 526 | 340 | 325 | 259 |
| ആലപ്പുഴ | 1182 | 785 | 666 | 421 |
| എറണാകുളം | 152 | 84 | 75 | 47 |
| തൃശ്ശൂർ | 462 | 353 | 321 | 250 |
| മലപ്പുറം | 1175 | 414 | 285 | 146 |
| കോഴിക്കോട് | 291 | 114 | 105 | 77 |
| കണ്ണൂർ | 307 | 174 | 164 | 77 |
| കാസർഗോഡ് | 536 | 201 | 188 | 52 |
| ആകെ | 8675 | 3616 | 3131 | 1834 |

## ഭവന സമുച്ചയം കൈമാറിയത്

| ക്രമ നം. | ജില്ല | സ്ഥലം | എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | കാരോട് | 128 |
| 2 | തിരുവനന്തപുരം | ബീമാപള്ളി | 20 |
| 3 | കൊല്ലം | QSS കോളനി | 114 |
| 4 | മലപ്പുറം | പൊന്നാനി | 128 |
| | | ആകെ | 390 |

## നിർമ്മാണ അംഗീകാരം ലഭിച്ചവ

| ക്രമ നം. | ജില്ല | സ്ഥലം | എണ്ണം |
|---|---|---|---|
| 1 | ആലപ്പുഴ | മണ്ണുംപുറം | 228 |
| 2 | മലപ്പുറം | നിറമരുതൂർ | 16 |
| 3 | തിരുവനന്തപുരം | കാരോട് | 24 |
| 4 | തിരുവനന്തപുരം | വലിയതുറ | 192 |
| 5 | മലപ്പുറം | പൊന്നാനി | 100 |
| 6 | കോഴിക്കോട് | വെസ്റ്റ്ഹിൽ | 80 |
| 7 | കാസർഗോഡ് | കോയിപ്പാടി | 144 |
| | | ആകെ | 784 |

## ഉടൻ ഏറ്റെടുക്കുന്നവ

| ക്രമ നം. | സ്ഥലം | എണ്ണം |
|---|---|---|
| 1 | മുട്ടത്തറ | 400 |
| 2 | കൊച്ചുവേളി | 168 |
| 3 | സെന്റ് ആന്റണീസ് | 24 |
| | ആകെ | 592 |



പുനർഗേഹം സമുച്ചയം - കൊല്ലം

ശേഷിക്കുന്ന 1052 കോടി രൂപ സംസ്ഥാന ബജറ്റ് വിഹിതത്തിൽ നിന്നുമാണ് കണ്ടെത്തുന്നത്.

പദ്ധതി ധനസഹായം പരമാവധി 10 ലക്ഷം രൂപയാണ്. ഭൂമി വാങ്ങുന്നതിന് പരമാവധി ആറ് ലക്ഷം രൂപയും ഭവനനിർമ്മാണത്തിന് നാല് ലക്ഷം രൂപയും. എന്നാൽ ഭൂമിവില ആറ് ലക്ഷം രൂപയിൽ താഴ്ത്തി കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ആറ് ലക്ഷം രൂപയിൽ ശേഷിക്കുന്ന തുക കൂടി ഭവന നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുവാൻ കഴിയും. ഭൂമിയുടെ രജിസ്ട്രേഷൻ ചെലവ്, സ്റ്റാമ്പ് ഡ്യൂട്ടി എന്നിവ സർക്കാർ വഹിക്കും. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ധന ഇടപാടുകളും ഗുണഭോക്താക്കളുടെ/ഭൂ ഉടമയുടെ ബാങ്ക് അക്കൗണ്ടിലേക്ക് DBT ആയിട്ടാണ് അനുവദിക്കുന്നത്.

## ഇനിയെന്ത്?

പദ്ധതിപ്രകാരം മാറിത്താമസിക്കുന്നതിന് സന്നദ്ധത അറിയിച്ച 8675 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനാണ് ആദ്യഘട്ടത്തിൽ മുഖ്യപരിഗണന. ഇതിനായി വ്യക്തിഗത ഭവന നിർമ്മാണത്തിന് പുറമെ വിവിധ ജില്ലകളിൽ കണ്ടെത്തിയ സർക്കാർ ഭൂമികൾ ഏറ്റെടുത്ത് കെട്ടിടസമുച്ചയങ്ങൾ നിർമ്മിക്കും. രൂക്ഷമായ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന കുടുംബങ്ങൾക്ക് മുന്തിയ പരിഗണന നൽകി ഫ്ളാറ്റിൽ പുനരധിവസിപ്പിക്കും.

മാറിത്താമസിക്കുന്നതിന് സന്നദ്ധതയറിയിച്ച കുടുംബങ്ങൾക്ക് സ്വന്തം നിലയിൽ ഭൂമി കണ്ടെത്തുന്നതിന് സഹായിക്കുവാൻ 2022 സെപ്റ്റംബർ 23 മുതൽ ഡിസംബർ 31 വരെ ജ്വാല 2022 എന്ന പേരിൽ നൂറുദിന പരിപാടി ജില്ലകളിൽ നടപ്പാക്കിവരുന്നു. നിയമസഭാ സാമാജികർ, ജനപ്രതിനിധികൾ, സാമൂഹിക പ്രവർത്തകർ, പ്രദേശത്തെ പൗരപ്രമുഖർ എന്നിവരുടെ പങ്കാളിത്തോടെയുള്ള ഈ ജനകീയ പരിപാടിയുടെ ഭാഗമായി 2000 പേർക്ക് ഭൂമി കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പുനർഗേഹം പദ്ധതി പ്രകാരം തീരദേശത്തു നിന്ന് മത്സ്യത്തൊഴിലാളി കുടുംബങ്ങളെ നിർബന്ധിതമായി മാറ്റി പാർപ്പിക്കുവാൻ സർക്കാർ ശ്രമിക്കില്ല. മാത്രമല്ല നിലവിലുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം അവരിൽ തന്നെ നിലനിർത്തുന്നതുമാണ്. പ്രസ്തുത ഭൂമിയിൽ കൃഷി അടക്കമുള്ള എല്ലാ പ്രവർത്തനങ്ങൾക്കും അനുമതി ഉണ്ടെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ പാടില്ല.■

**കടലാക്രമണ ഭീഷണിയിൽ കഴിയുന്ന കുടുംബങ്ങൾക്ക് പുനരധിവാസത്തിനു മുൻഗണന നൽകും**

സ്ത്രീശാക്തീകരണം



# സേഫാണ് സ്ത്രീകൾ സാഫിലൂടെ

**സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ സാമ്പത്തിക ഉന്നമനവും സമഗ്രവികസനവും ശാക്തീകരണവും ലക്ഷ്യമിട്ട് ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്)**

സ്ത്രീകൾക്കായി ബദൽ ജീവനോപാധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നതാണ് സാഫിന്റെ കടമ. വനിതാക്കൂട്ടായ്മകളുടെ സുസ്ഥിരമായ നിലനിൽപ്പിനും പുതിയ സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിനുമായി തീരമൈത്രി എന്ന പേരിൽ ജീവനോപാധി പദ്ധതികൾ സാഫ് മുഖേന നടപ്പാക്കി വരുന്നു. എല്ലാ തീരദേശ ജില്ലകളിലും ഒപ്പം കോട്ടയം ജില്ലയിലും വിവിധ പദ്ധതികളാണ് സാഫ് നടപ്പിലാക്കുന്നത്. കോവിഡ് സാഹചര്യത്തെ അതിജീവിച്ച് 2021-22 കാലത്ത് സാഫ് യൂണിറ്റുകളുടെ വിറ്റുവരവ് 84.01 കോടി രൂപയാണ്.

## തീരമൈത്രി

തീരദേശത്തെ 8000 വനിതകൾ ഇന്ന് തീരമൈത്രി പദ്ധതിയിലൂടെ വരുമാനം കണ്ടെത്തുന്നു. 1600ഓളം ചെറുകിട സംരംഭങ്ങളാണ് പ്രവർത്തിക്കുന്നത്. സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങാൻ ആവശ്യമുള്ള സംരംഭകത്വ പരിശീലനം, വൈദഗ്ധ്യ പരിശീലനം, സാമ്പത്തിക സഹായം, മാർക്കറ്റിങ്ങ് വായ്പാസൗകര്യങ്ങൾ തുടങ്ങിയവയെല്ലാം ഒരുക്കിക്കൊടുക്കുന്നു. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മത്സ്യത്തൊഴിലാളി സ്ത്രീകളെ പ്രാപ്തരാക്കാൻ വിവിധ കപ്പാസിറ്റി ബിൽഡിങ്ങ് ട്രെയിനിങ് പ്രോഗ്രാമുകൾ സാഫ് സംഘടിപ്പിക്കുന്നു.

സാഫ് ആക്ടിവിറ്റി ഗ്രൂപ്പുകളുടെ സുസ്ഥിര നിലനിൽപ്പിനായി പ്രവർത്തിക്കുന്ന അപ്പെക്സ് ഫെഡറേഷനു കീഴിൽ വസ്ത്രനിർമ്മാണം, മത്സ്യസംസ്കരണം, ഭക്ഷ്യസംസ്കരണം സൂപ്പർമാർക്കറ്റുകളും സ്റ്റോറുകകളും സർവീസ് എന്നിങ്ങനെ അഞ്ച് വിഭാഗങ്ങളിൽ ഫെഡറേഷനുകൾ




പ്രവർത്തിക്കുന്നുണ്ട്. ഓരോ കാറ്റഗറി ഫെഡറേഷനുകളുടെയും വികസനത്തിനായി പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിൽ ഗാർമെന്റ്സ് കാറ്റഗറി ഫെഡറേഷനു കീഴിലാണ് ഏറ്റവും കൂടുതൽ യൂണിറ്റുകൾ. നിലവിൽ 450 ഓളം ഗ്രൂപ്പുകൾ അംഗങ്ങളായിട്ടുണ്ട്.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന തീരമൈത്രി യൂണിറ്റുകൾക്ക് മൂന്ന് വർഷ തിരിച്ചടവ് കാലാവധിയിൽ രണ്ട് മുതൽ അഞ്ച് വരെ അംഗങ്ങളുള്ള യൂണിറ്റുകൾക്ക് ഒരംഗത്തിനു 50000 രൂപ എന്ന കണക്കിൽ രണ്ട് ലക്ഷം രൂപ വരെ വായ്പ നൽകി. 498 തീരമൈത്രി യൂണിറ്റുകൾക്കായി 6.64 കോടി രൂപ കേരള ബാങ്കിൽനിന്നും ദീർഘകാല വായ്പ അനുവദിച്ചു.

## തൊഴിൽസുരക്ഷ ഉറപ്പാക്കാൻ ജെ.എൽ.ജി ഗ്രൂപ്പുകൾ

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സാഫ് മുഖേന പദ്ധതി നടപ്പാക്കുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ തലച്ചുമടായി മത്സ്യം വിൽക്കുന്നവരും പീലിങ്, മത്സ്യ അനുബന്ധ മേഖലയിൽ തൊഴിൽചെയ്യുന്നവരുമായ മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി അഞ്ച് പേരടങ്ങുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ആരംഭിച്ചു. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു. റിവോൾവിങ്ങ് ഫണ്ട് 100 ശതമാനം തിരിച്ചടവോടെ വിജയകരമായി പ്രവർത്തിക്കുന്നു. തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് തുക വീണ്ടും ലഭിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേക്ക് ഉറപ്പു വരുത്താനാകും. പദ്ധതിയിലൂടെ 950 ഗ്രൂപ്പുകളിലായി അഞ്ച് കോടിയോളം രൂപ റിവോൾവ് ചെയ്യുന്നു. 2021-22 വർഷത്തിൽ 2000 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങിയ 400 ജെഎൽജി യൂണിറ്റുകൾക്ക് രണ്ട് കോടി രൂപ റിവോൾവിങ് ഫണ്ട് അനുവദിച്ചു.

## വെൻഡിങ്ങ് കിയോസ്ക് സംവിധാനം

മിതമായ നിരക്കിൽ ഗുണമേൻമയുള്ള മത്സ്യം



## സംരംഭങ്ങളുടെ സുസ്ഥിരതയ്ക്കായുള്ള ഇടപെടലുകൾ

- പലിശരഹിത പ്രവർത്തന മൂലധനം
- ഗ്രൂപ്പുകൾക്ക് 25000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെ സഹായം
- സൂപ്പർമാർക്കറ്റുകൾക്ക് ഒന്നര ലക്ഷം രൂപ വരെ വായ്പ പലിശരഹിത വായ്പയായി നൽകും
- 20 തവണകളായി തിരിച്ചടവ്
- സാങ്കേതികവിദ്യാ നവീകരണത്തിനും തേയ്മാനം സംഭവിച്ച യന്ത്രഭാഗങ്ങൾ മാറ്റിസ്ഥാപിക്കാനും പുതിയവ ചേർക്കാനും ധനസഹായം
- ഒരു ഗ്രൂപ്പിന് പരമാവധി 50000 രൂപ വരെ തിരിച്ചടവില്ലാത്ത ഗ്രാന്റായി നൽകും.
- ബിസിനസ് ഗ്രൂപ്പുകളാക്കി മാറ്റുന്നതിന് സഹായം
- ആക്ടിവിറ്റി ഗ്രൂപ്പുകളെ ബിസിനസ് ഗ്രൂപ്പുകളായി ഉയർത്തുന്നതിന്റെ ഭാഗമായി ബാങ്കിൽനിന്നും അഞ്ച് ലക്ഷം രൂപ വരെ ലോൺ ലഭ്യമാകാൻ സഹായിക്കുന്നു.
- വായ്പാതുകയ്ക്ക് അഞ്ച് ശതമാനം നിരക്കിൽ പലിശ സബ്സിഡി നൽകും.

ഉപഭോക്താക്കൾക്ക് എത്തിക്കാനും മത്സ്യത്തൊഴിലാളി വനിതകളുടെ വ്യാപാരം മെച്ചപ്പെടുത്താനും ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിങ്ങ് കിയോസ്ക്. ശീതീകരണ സംവിധാനത്തോടു കൂടിയ മത്സ്യവിപണന സൗകര്യമുള്ള ഈ സംവിധാനത്തിലൂടെ ഉപഭോക്താവിന്റെ വാതിൽപ്പടിയിൽ ഗുണമേൻമയുള്ള മത്സ്യം എത്തിക്കാനും നല്ല മത്സ്യം കൈകാര്യം ചെയ്യൽ, സംസ്കരണം, ശുചിത്വരീതികൾ എന്നിവയിൽ സ്ത്രീകൾക്ക് പരിശീലനം നൽകാനും സാധിക്കുന്നു.

വിവിധ ജില്ലകളിലെ തീരമൈത്രി പദ്ധതിക്ക് കീഴിലുള്ള സംഘങ്ങൾക്ക് 20 യൂണിറ്റ് ശീതീകരിച്ച മൊബൈൽ കിയോസ്കുകൾ നിർമ്മിച്ചു വിതരണം ചെയ്തു. 100 കിലോ മത്സ്യം ശീതീകരിച്ച അറകളിൽ ശുചിത്വമുള്ള സാഹചര്യത്തിൽ സൂക്ഷിക്കാൻ ശേഷിയുള്ള ആധുനിക കിയോസ്ക്കുകളാണ് ലഭ്യമാക്കിയത്. കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ നിന്നും 43 ഗുണഭോക്താക്കളെ പദ്ധതിക്കായി തിരഞ്ഞെടുത്തിട്ടുണ്ട്. രണ്ട് പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതാഗ്രൂപ്പിനാണ് കിയോസ്കുകൾ വിതരണം ചെയ്യുന്നത്.

### സീഫുഡ് റെസ്റ്റോറന്റുകൾ

മത്സ്യത്തൊഴിലാളി മേഖലയിലെ സ്ത്രീകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കാനും സാധാരണ ജനങ്ങൾക്ക് കുറഞ്ഞ വിലയിൽ മികച്ച ഭക്ഷ്യോൽപന്നങ്ങൾ ലഭ്യമാക്കാനുമാണ് സർക്കാർ തീരമൈത്രി സീഫുഡ് റസ്റ്റോറന്റുകൾ ആരംഭിച്ചത്. കേരള ബാങ്കിന്റെ



**ഉൽപന്നങ്ങളുടെ മാർക്കറ്റിങ്ങിന് സാഫ് പ്രത്യേക ശ്രദ്ധ നൽകുന്നു. ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി മേളകളിലും പ്രദർശനങ്ങളിലും യൂണിറ്റുകളെ പങ്കെടുപ്പിക്കുകയും സാഫ് വഴി മേളകൾ നടത്തുകയും ചെയ്യുന്നു**

സഹായത്തോടെ സംസ്ഥാനത്തെ ഹാർബറുകളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലുമാണ് തീരമൈത്രി സീഫുഡ് റസ്റ്റോറന്റുകളുടെ പ്രവർത്തനം.

## ബ്രാൻഡിങ്ങും മാർക്കറ്റിങ്ങും

ഉൽപന്നങ്ങളുടെ മാർക്കറ്റിങ്ങിന് സാഫ് പ്രത്യേക ശ്രദ്ധ നൽകുന്നു. ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി മേളകളിലും പ്രദർശനങ്ങളിലും യൂണിറ്റുകളെ പങ്കെടുപ്പിക്കുകയും സാഫ് വഴി മേളകൾ നടത്തുകയും ചെയ്യുന്നു. വിവിധ മേളകളിൽ 32 കൊമേഴ്സ്യൽ സ്റ്റാളുകളിലും 21 ഫുഡ് കോർട്ടുകളിലും ആയി 45.98 ലക്ഷം രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്.

570 സാഫ് യൂണിറ്റുകളെ ഓൺലൈൻ വിപണന സംവിധാനത്തിലേക്ക് കൊണ്ടുവരാനായി. വാട്സപ്പ്, ഫേസ്ബുക്ക് തുടങ്ങിയ സോഷ്യൽമീഡിയ മാധ്യമങ്ങളിൽ സാന്നിധ്യമറിയിച്ചു. രജിസ്ട്രേഷൻ, ലൈസൻസ്, ക്യൂ ആർകോഡ്, ഗൂഗിൾമാപ്പിങ്ങ് എന്നിവ ലഭ്യമാക്കി. ഉൽപന്നങ്ങളുടെ സാംപിൾപരിശോധന, പാക്കിങ്, ലേബൽ, ഡിസൈൻ എന്നിവ ചെയ്തുവരുന്നു. പരസ്യങ്ങളും ഓൺലൈൻ പോസ്റ്ററുകളും ചെറു വീഡിയോകളും തയ്യാറാക്കി. ഡെലിവറി പാർട്ണർമാരെ കണ്ടെത്തി ഉൽപന്നങ്ങളുടെ ഓൺലൈൻ ഡെലിവറിക്ക് സൗകര്യമൊരുക്കി. സാഫ് ഓൺലൈൻ ആപ്പ് രൂപീകരിക്കുന്നതിന് നടപടികൾ ആരംഭിച്ചു. ഇതുവഴി യൂണിറ്റുകളുടെ വിറ്റുവരവ് വർധിച്ചു. ■

## ചെറുകിട തൊഴിൽസംരംഭങ്ങൾ

- രണ്ട് മുതൽ അഞ്ച് വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് അഞ്ച് ലക്ഷം രൂപ വരെ (ഒരംഗത്തിന് ഒരു ലക്ഷം രൂപ വരെ) ഗ്രാന്റ്
- മത്സ്യത്തൊഴിലാളി കുടുംബ രജിസ്ട്രേഷനിൽ അംഗത്വമുള്ളവരാണ് ഗുണഭോക്താക്കൾ.
- പദ്ധതിത്തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് വായ്പയും അഞ്ച് ശതമാനം ഗുണഭോക്തൃവിഹിതവും
- സംരംഭം ആരംഭിക്കുന്നതിന് കേരള ബാങ്ക് മുഖേന വായ്പ

**കൂടുതൽ വിവരങ്ങൾക്ക് :** safkerala.org
saf4help@gmail.com
0484 2607643



# തീരജനതയെ ചേർത്തുപിടിച്ച് സർക്കാർ

## മത്സ്യത്തൊഴിലാളികളുടെ ശാക്തീകരണം ലക്ഷ്യമിടുന്ന മത്സ്യഫെഡ് അഭിമാനാർഹമായ പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നത്



**പി.പി. ചിത്തരഞ്ജൻ**
**എം.എൽ.എ**
മത്സ്യത്തൊഴിലാളിക്ഷേമവുമായി ബന്ധപ്പെട്ട നിയമസഭാസമിതിയുടെ ചെയർമാൻ,
മത്സ്യഫെഡ് ബോർഡംഗം

പ്രാഥമിക ഉൽപാദന മേഖലയിൽ കഠിനാധ്വാനം ചെയ്യുകയും എന്നാൽ പ്രകൃതി ക്ഷോഭങ്ങൾക്കും മറ്റ് ദുരന്തങ്ങൾക്കും വിധേയരാകേണ്ടി വരികയും ചെയ്യുന്ന ജനവിഭാഗമാണ് മത്സ്യത്തൊഴിലാളികൾ.

നമ്മുടെ സമ്പദ്ഘടനയുടെ വളർച്ചയിൽ സുപ്രധാന പങ്ക് വഹിക്കുന്ന മത്സ്യമേഖലയുടെ സമഗ്രവികസനവും മത്സ്യത്തൊഴിലാളികളുടെ തൊഴിൽസുരക്ഷയും ലക്ഷ്യമിട്ട് ഈ മേഖലയിൽ ബന്ധപ്പെട്ട വ്യവസായങ്ങൾ ആരംഭിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ദീർഘവീക്ഷണത്തോടെയുള്ള മത്സ്യനയവും ബന്ധപ്പെട്ട വകുപ്പുകളുടെയും സർക്കാർ ഏജൻസികളുടെയും ഏകോപനവും ആവശ്യമാണ്.

രാജ്യാന്തര മത്സ്യോൽപാദനത്തിന്റെ 20 മുതൽ 25 ശതമാനം വരെ കേരളത്തിന്റെ സംഭാവനയാണ്. ഈ മേഖലയിലെ തൊഴിലാളികളുടെ ശാക്തീകരണം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന മത്സ്യഫെഡ് 687 മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങളുടെ അപ്പെക്സ് ഫെഡറേഷനായി നിലകൊള്ളുന്നു. 346 തീരദേശ സംഘങ്ങളും 204 ഉൾനാടൻ സംഘങ്ങളും 137 വനിതാ സംഘങ്ങളും അഫിലിയേറ്റ് ചെയ്ത് പ്രവർത്തിച്ചുവരുന്നു. 2021-22 സാമ്പത്തികവർഷം 346.31 കോടിയുടെ വിറ്റുവരവും 333.25 ലക്ഷം രൂപയുടെ പ്രവർത്തനലാഭവും മത്സ്യഫെഡിന് നേടാൻ കഴിഞ്ഞു.

സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും എല്ലാ മത്സ്യത്തൊഴിലാളി ഗ്രൂപ്പുകളെയും തീരദേശ ലേലത്തിൽ പങ്കെടുപ്പിക്കുന്നതിനും ബ്രിഡ്ജ് ലോൺ നടപ്പിലാക്കി കുടിശികയുള്ള ഗ്രൂപ്പുകളുടെ വായ്പ പുനഃക്രമീകരിക്കുന്നതിനും വായ്പയും ആനുകൂല്യങ്ങളും എല്ലാവർക്കും ലഭ്യമാക്കുന്നതിനും മുഴുവൻ സഹായവും മത്സ്യഫെഡ് ചെയ്യുന്നു.

മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിനായി വായ്പാത്തുകയായി 2016 മുതൽ 2022 വരെ 167 കോടി രൂപ വിതരണം ചെയ്തു, 38000 മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു.



## പലിശരഹിത വായ്പകൾ

മത്സ്യബന്ധനോപകരണങ്ങൾ വാങ്ങുന്നതിന് പലിശരഹിതവായ്പാപദ്ധതി നടപ്പിലാക്കി, 15 ശതമാനം സബ്സിഡി ഗുണഭോക്താവിന് ലഭിക്കുന്നു. ആകെ നൽകിയ 167 കോടിയിൽ 98.64 കോടി രൂപയും പലിശരഹിത വായ്പയായാണ് വിതരണം ചെയ്തത്.

സ്വയംതൊഴിൽ വായ്പാപദ്ധതി പ്രകാരം 1000 പേർക്ക് 14 കോടി രൂപ നൽകി കഴിഞ്ഞു.

മൈക്രോ ഫിനാൻസ് വായ്പ ഇനത്തിൽ 2016 മുതൽ 2022 വരെ 360 കോടി രൂപ 1,20,000 ഗുണഭോക്താക്കൾക്ക് നൽകി. 25,000 എന്നത് 50,000 രൂപയായി വർധിപ്പിച്ചുകൊണ്ടാണ് ഈ രംഗത്തെ ഇടപെടൽ ശക്തമാക്കിയത്.

മത്സ്യക്കച്ചവടം നടത്തുന്ന 69000 വനിതകൾക്ക് പലിശരഹിത വായ്പയായി 123 കോടി രൂപ വിതരണം ചെയ്യാനായി.

മണ്ണെണ്ണയുടെ കേന്ദ്രവിഹിതം വെട്ടിക്കുറച്ചപ്പോഴും മണ്ണെണ്ണ സബ്സിഡി ഇനത്തിൽ 250 കോടി രൂപ 15000ൽപരം മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതിപ്രകാരം 300ഓളം ഗുണഭോക്താക്കളുടെ കടങ്ങൾ എഴുതിത്തള്ളാനും അപകട ഇൻഷുറൻസ് അഞ്ച് ലക്ഷം രൂപയിൽ നിന്ന് 10 ലക്ഷം ആയി വർധിപ്പിക്കാനും കഴിഞ്ഞു.

ഓഖി ദുരന്തത്തിൽ മരണമടഞ്ഞവരുടെയും കാണാതായവരുടെയും ആശ്രിതർക്ക് മത്സ്യഫെഡിൽ ജോലി നൽകിയും ആശ്രിതരിൽ നഴ്സിങ് യോഗ്യതയുള്ളവർക്ക് ആരോഗ്യവകുപ്പിൽ സ്റ്റാഫ് നഴ്സായി ജോലി നൽകിയും മത്സ്യത്തൊഴിലാളി സമൂഹത്തെ സർക്കാർ ചേർത്തുനിർത്തി.

കാലാവധികഴിഞ്ഞ വായ്പകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ അവസാനിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നു. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകിവരുന്നു.

## അന്തിപ്പച്ചയും ഫിഷ് മാർട്ടുകളും

മത്സ്യസംഭരണത്തിനായി വിവിധ ജില്ലകളിൽ ബേസ് സ്റ്റേഷനുകൾ ആരംഭിച്ചു. ഉപഭോക്താക്കൾക്ക് ശുദ്ധമായ പച്ചമത്സ്യം ലഭ്യമാക്കാൻ മൊബൈൽ ഫിഷ് മാർട്ട് - അന്തിപ്പച്ചയും മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഫിഷ് മാർട്ടുകളും പ്രവർത്തനം ആരംഭിച്ചതോടൊപ്പം സംസ്ഥാന സർവീസ് സഹകരണ ബാങ്കുകൾ/സംഘങ്ങൾ ചേർന്ന് ഫ്രാഞ്ചൈസി വ്യവസ്ഥയിൽ ജില്ലകളിൽ ഫിഷ് മാർട്ടുകളും ആരംഭിച്ചു. ഉപഭോക്താക്കൾക്ക് ശുദ്ധമായ മത്സ്യവും മത്സ്യോൽപന്നങ്ങളും തനിമയോടെ ലഭ്യമാക്കാൻ ഓൺലൈൻ ഫിഷ് മാർക്കറ്റിങ്ങും ആരംഭിച്ചു.

ഡീസൽ വിലവർധന മത്സ്യത്തൊഴിലാളികളുടെ പ്രവർത്തനച്ചെലവ് വർധിപ്പിച്ച സാഹചര്യത്തിൽ മത്സ്യഫെഡിന്റെ പമ്പുകൾവഴി വിലകുറച്ച് ഡീസൽ നൽകാൻ കഴിഞ്ഞുവെന്നതും ജലമലിനീകരണം തടയുന്നതിന് പെട്രോൾ എൻജിനുകൾ വിതരണം ചെയ്യാനായി എന്നതും അഭിമാനകരമാണ്. വിദേശട്രോളുകളും നിരോധിത വലകളും മറ്റ് യന്ത്രോപകരണങ്ങളും ഉപയോഗിച്ച് കടലിന്റെ അടിത്തട്ടിൽ നിന്ന് ചെറുമത്സ്യങ്ങളെ പോലും കോരിയെടുക്കുമ്പോൾ അപര്യാപ്തതകളിൽ നട്ടംതിരിഞ്ഞ മത്സ്യത്തൊഴിലാളിക്ക് താങ്ങാകാൻ നമുക്ക് കഴിയുന്നുണ്ട്. മണ്ണെണ്ണ കരിഞ്ചന്തക്കാരെയും, മത്സ്യവിപണനത്തിലെ ഇടനിലക്കാരെയും വട്ടിപ്പലിശക്കാരെയും ഒഴിവാക്കാൻ സർക്കാർ നടത്തുന്ന ഇടപെടലുകൾ സഹായിക്കുന്നു. ■

**ഡീസൽ വിലവർധന മത്സ്യത്തൊഴിലാളികളുടെ പ്രവർത്തനച്ചെലവ് വർധിപ്പിച്ച സാഹചര്യത്തിൽ മത്സ്യഫെഡിന്റെ പമ്പുകൾ വഴി വിലകുറച്ച് ഡീസൽ നൽകാൻ കഴിഞ്ഞു**



# വിഴിഞ്ഞത്തുയരും സീഫുഡ് റെസ്റ്റോറന്റ്



**ജയശ്രീ ജി.**
ഡെപ്യൂട്ടി ഡയറക്ടർ
പി.എം.സി.
ഓഖി സെൽ

2017 നവംബറിൽ കേരളതീരത്ത് വീശിയടിച്ച ഓഖി ചുഴലിക്കാറ്റ് ദുരന്തത്തിന്റെ ആഘാതം ലഘൂകരിക്കുന്നതിനായി സംസ്ഥാന സർക്കാർ ഓഖി പുനരധിവാസ പദ്ധതി പ്രത്യേകമായി നടപ്പിലാക്കി വരുന്നു. ഓഖി പുനരധിവാസ പദ്ധതിപ്രകാരം ദുരന്തബാധിതരായ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ജീവിതസാഹചര്യങ്ങൾ പുനഃസ്ഥാപിക്കുന്നതിനായി വിഴിഞ്ഞം തുറമുഖപ്രദേശത്ത് ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട്‌ലെറ്റും ആരംഭിക്കുകയാണ്. നാല് കോടി രൂപ ചെലവിലാണ് പദ്ധതി നടപ്പാക്കുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് പദ്ധതിക്ക് തുക കണ്ടെത്തിയത്.

ഭക്ഷ്യസംസ്കരണ യൂണിറ്റിലൂടെ റെഡി ടു കുക്ക്, റെഡി ടു ഈറ്റ് വിഭാഗങ്ങളിൽ മത്സ്യവിഭവങ്ങളുടെ ഉൽപാദനം നടത്താമെന്നാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. വിപണന ഔട്ട്‌ലെറ്റ് വഴി ഉൽപന്നങ്ങൾ വിറ്റഴിക്കും. കൂടാതെ, സീഫുഡ് റെസ്റ്റോറന്റ് മുഖേന എല്ലാത്തരം മത്സ്യവിഭവങ്ങളും സമൂഹത്തിലേക്ക് എത്തിക്കാം. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഓഖിയിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്ത 143 മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നാണ് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്. ഇവർക്ക് ആധുനിക സമുദ്ര ഭക്ഷ്യസംസ്കരണ യൂണിറ്റിൽ നിയമനം നൽകും. ആദ്യഘട്ടത്തിൽ ആവശ്യമായ 20 പേരെ കണ്ടെത്തിയിട്ടുണ്ട്. ഇവർക്ക് മത്സ്യസംസ്കരണവുമായി ബന്ധപ്പെട്ട് പരിശീലനം നൽകും. ഹാർബറിൽ നിന്നും നേരിട്ട് സംഭരിക്കുന്ന മത്സ്യം ഒട്ടും മൂല്യശോഷണം സംഭവിക്കാതെ സംസ്കരണ യൂണിറ്റിൽ എത്തിച്ച് പ്രത്യേകം പരിശീലനം ലഭിച്ച വനിതകൾ മുഖേന പ്രീപ്രോസസിങ്, പ്രോസസിങ് എന്നിവ നടത്തി മൂല്യവർധിത മത്സ്യഉൽപന്നങ്ങളായി ഉപഭോക്താക്കൾക്ക് എത്തിക്കുന്നു.

> വിഴിഞ്ഞം തുറമുഖപ്രദേശത്ത് സംസ്ഥാന സർക്കാർ ആധുനിക സമുദ്ര ഭക്ഷ്യസംസ്കരണ യൂണിറ്റും വിപണന ഔട്ട്‌ലെറ്റും ആരംഭിക്കുകയാണ്. നാല് കോടി രൂപ ചെലവിലാണ് പദ്ധതി നടപ്പാക്കുന്നത്

വിപണന ഔട്ട്‌ലെറ്റിലേക്ക് ആവശ്യമായി വരുന്നവരെ സാഫുമായി (സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമെൻ) ബന്ധപ്പെട്ട് കണ്ടെത്തും.

മത്സ്യസംസ്കരണ യൂണിറ്റിന്റെയും സീഫുഡ് റെസ്റ്റോറന്റിന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സർക്കാർ നിർദേശപ്രകാരം പദ്ധതിയുടെ തുടർന്നുള്ള നടത്തിപ്പിനായി മത്സ്യസംസ്കരണ യൂണിറ്റ് മത്സ്യഫെഡിനും സീഫുഡ് റെസ്റ്റോറന്റ് കേരള ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷനും കൈമാറും.

ഓഖി പുനരധിവാസ പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുസ്ഥിരമായ തൊഴിലും വരുമാനവും ഉറപ്പുവരുത്താമെന്നാണ് സംസ്ഥാന സർക്കാർ പ്രതീക്ഷിക്കുന്നത്. ■



വിഴിഞ്ഞത്ത് നിർമ്മാണം പൂർത്തിയായ സീഫുഡ് റെസ്റ്റോറന്റ്

# ഒരുക്കാം ബ്രാൻഡഡ് കേരളമത്സ്യം



**മഹേഷ്. എസ്**
ഫിഷറീസ് ജോയിന്റ് ഡയറക്ടർ
(ഇൻലാൻഡ്)

**മത്സ്യോൽപന്നങ്ങൾക്കായി ഒരു തനത് ബ്രാൻഡ് രൂപപ്പെടുത്തിയെടുക്കുക എന്നതാകണം നമ്മുടെ ലക്ഷ്യം**

ഇന്ത്യയിൽ കൂടുതൽ മത്സ്യവും മത്സ്യ ഉൽപന്നങ്ങളും ഉപയോഗിക്കുന്ന സംസ്ഥാനമായ കേരളത്തിൽ മൂല്യവർധിത മത്സ്യ ഉൽപന്നങ്ങളുടെ വിപണനം വളരെ ആദായകരമായ ബിസിനസ് സംരംഭമാണ്. മത്സ്യവും മത്സ്യ ഉൽപന്നങ്ങളും ഇന്ന് ആവശ്യാനുസരണം ഉപഭോക്താവിന് വീട്ടുപടിക്കൽ ലഭ്യമാകുന്ന സംവിധാനത്തിലേക്ക് മത്സ്യവിപണനം വളർന്നു കഴിഞ്ഞു.

മൂല്യവർധിത മത്സ്യ ഉൽപന്നങ്ങളുടെ വരവോടെ ലോകമെമ്പാടും മത്സ്യത്തിന്റെ ഉപഭോഗം കൂടുകയും ആവശ്യം വർധിക്കുകയും ചെയ്തിട്ടുണ്ട്. അമേരിക്ക, യൂറോപ്യൻ യൂണിയൻ രാജ്യങ്ങൾ, മധ്യപൂർവ ഏഷ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ വൻതോതിൽ മൂല്യവർധിത മത്സ്യോൽപന്നങ്ങൾ വിപണനം ചെയ്തുവരുന്നു. ഇവ വിറ്റഴിക്കപ്പെടണമെങ്കിൽ വിപണിയെക്കുറിച്ചും ഉപഭോക്താക്കളെ ക്കുറിച്ചും കൃത്യമായ ബോധ്യമുണ്ടാകണം. ആകർഷണീയമായ പാക്കറ്റുകളിൽ വേണം വിൽപനയും. ഇവിടെയാണ് പ്രോഡക്ട് ബ്രാൻഡിങ്ങിന് പ്രസക്തിയേറുന്നത്.

## ബ്രാൻഡിങ്ങ് എങ്ങനെ?

മത്സ്യം മൂല്യവർധിത ഉൽപന്നങ്ങളാക്കി വിപണനം നടത്തിയാൽ അത് ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കാനും മെച്ചപ്പെട്ട വില ഉൽപാദകർക്ക് ലഭിക്കാനും സഹായിക്കും. പ്രതിശീർഷ മത്സ്യ ഉപഭോഗം കൂടുതലുള്ള കേരളത്തിൽ മൂല്യവർധിത ബ്രാൻഡഡ് ഉൽപന്നങ്ങൾക്ക് വൻതോതിലുള്ള വിപണനസാധ്യതകൾ നിലനിൽക്കുന്നു. ഇത്തരത്തിലുള്ള വ്യവസായസംരംഭങ്ങൾ ആരംഭിക്കുക വഴി അനേകം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും മത്സ്യ ഉൽപാദകർക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുകയും ചെയ്യും.

പച്ചമത്സ്യം തന്നെ പല തരത്തിലുള്ള മൂല്യവർധിത ഉൽപന്നങ്ങളായി പാക്ക് ചെയ്യാവുന്നതാണ്. ഫിഷ് ഫില്ലറ്റ്സ്, ഫിഷ് സ്റ്റീക്ക്സ്, ക്ലീൻ ഫിഷ് എന്നിവ ഇതിനുദാഹരണങ്ങളാണ്. ഉണക്കമത്സ്യം, മത്സ്യ അച്ചാറുകൾ, മത്സ്യ കട്‌ലറ്റ്, മത്സ്യ പപ്പടം എന്നിങ്ങനെ അനേകം മൂല്യവർധിത ഉൽപന്നങ്ങളായും വിപണനം ചെയ്യാവുന്നതാണ്.

## ചൂഷണം ഒഴിവാക്കാം

കേരളത്തിലെ മത്സ്യവിപണന ശൃംഖല വളരെ വിപുലമാണ്. മത്സ്യത്തൊഴിലാളികൾ പിടിക്കുന്ന അല്ലെങ്കിൽ, മത്സ്യകർഷകർ ഉൽപാദിപ്പിക്കുന്ന മത്സ്യം പല ഇടനിലക്കാർ വഴിയാണ് ഉപഭോക്താവിൽ എത്തുന്നത്. മത്സ്യോൽപാദകർ മിക്കപ്പോഴും ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാകുന്നു. ബ്രാൻഡഡ് മൂല്യവർധിത ഉൽപന്നങ്ങളുടെ വരവോടെ, ഇടനിലക്കാരെ ഒഴിവാക്കി മത്സ്യോൽപാദകർക്ക് തന്നെ ഉൽപന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യാനുള്ള അവസരം കൈവരുന്നു.

## തുടങ്ങാം ഒരുക്കങ്ങൾ

അസംസ്കൃത പദാർഥങ്ങൾ സംഭരിക്കുന്നതിനും കേടുകൂടാതെ സൂക്ഷിക്കുന്നതിനും ശീതീകരണ സംവിധാനങ്ങളും മറ്റ് അനുബന്ധ സംഭരണസംവിധാനങ്ങളും ആവശ്യമാണ്. അസംസ്കൃത വസ്തുക്കൾ പാകപ്പെടുത്തി,




വിവിധ തരത്തിലും രൂപത്തിലുമുള്ള മത്സ്യ ഉൽപന്നങ്ങളാക്കി മാറ്റുന്നതിന് വിപുലമായ സംസ്കരണസൗകര്യങ്ങളും ഗുണനിലവാരനിർണയസംവിധാനങ്ങളും ഒരുക്കേണ്ടതുണ്ട്. മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ, മത്സ്യ കർഷക സഹകരണസംഘങ്ങൾ എന്നിവ രൂപീകരിച്ച് മത്സ്യോൽപാദകരിൽ നിന്നും മത്സ്യം നേരിട്ട് സംഭരിക്കാം. സഹകരണസംഘങ്ങൾ വഴി മത്സ്യം സംസ്കരിച്ച് മൂല്യവർധിത ബ്രാൻഡഡ് ഉൽപന്നങ്ങളാക്കി വിപണനം നടത്തിയാൽ മെച്ചപ്പെട്ട വരുമാനം ലഭിക്കും. ഇടത്തട്ടുകാരുടെ ചൂഷണം ഒരു പരിധിവരെ ഒഴിവാക്കാനുമാകും. മത്സ്യത്തൊഴിലാളി, മത്സ്യ കർഷക സഹകരണസംഘങ്ങളെ മത്സ്യ സംസ്കരണത്തിലും മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിലും പ്രാപ്തരാക്കേണ്ടതും ഇത്തരത്തിലുള്ള യൂണിറ്റുകൾ സർക്കാർ സഹായത്തോടെ ആരംഭിക്കേണ്ടതും മത്സ്യമേഖലയുടെ വളർച്ചയ്ക്ക് അനിവാര്യമാണ്. മത്സ്യോൽപന്നങ്ങൾക്കായി ഒരു തനത് ബ്രാൻഡ് രൂപപ്പെടുത്തിയെടുക്കുക എന്നതാകണം നമ്മുടെ ലക്ഷ്യം. ■

കടാശ്വാസം

# ആശ്വാസതീരത്ത് കടലിന്റെ മക്കൾ



## മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസമായി സർക്കാർ നൽകിയത് 321 കോടിയിലേറെ രൂപ



**സ്മിത ആർ നായർ,**
സെക്രട്ടറി, കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ

ജീവിതം കരുപ്പിടിപ്പിക്കാൻ, കാറ്റും മഴയും വകവെക്കാതെ, പുറംകടൽ ലക്ഷ്യമാക്കി യാത്ര പുറപ്പെടുന്നവരാണ് മത്സ്യത്തൊഴിലാളികൾ. പ്രകൃതിയുമായി മല്ലടിച്ച് ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നവർ. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിലും വിദേശനാണ്യവരവിലും നിർണായക പങ്ക് വഹിക്കുന്ന വിഭാഗമാണെങ്കിലും കാറും കോളും നിറഞ്ഞതാണ് മത്സ്യത്തൊഴിലാളികളുടെ ജീവിതം. ജോലിയിലെയും വരുമാനലഭ്യതയിലെയും അനിശ്ചിതാവസ്ഥയും ജീവിതസാഹചര്യങ്ങളുമെല്ലാം മത്സ്യത്തൊഴിലാളികളെ കടക്കെണിയിലാക്കുന്നു.

ഈ ദുരവസ്ഥയ്ക്ക് മാറ്റം വരുത്തണമെന്ന ഉറച്ച ബോധ്യത്തോടെയാണ് 2008ൽ സംസ്ഥാന സർക്കാർ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ നിയമം കൊണ്ടുവന്നത്. ഇതിന്റെ ഭാഗമായി 2009-ൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ രൂപീകരിച്ചു. കടലിലും ഉൾനാടൻ ജലാശയങ്ങളിലും മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ കടബാധ്യതയിൽ നിന്ന് മുക്തരാക്കുക എന്നതായിരുന്നു ലക്ഷ്യം. കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിച്ചു വരുന്നു. റിട്ടയേർഡ് ഹൈക്കോടതി ജഡ്ജ് ചെയർപേഴ്സണും ഒരു ഫിഷറീസ്, സാമൂഹിക, സാമ്പത്തിക വിദഗ്ധൻ, മൂന്ന് മത്സ്യത്തൊഴിലാളി പ്രതിനിധികൾ എന്നിവർ അംഗങ്ങളുമാണ്.

മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 31/12/2007 വരെ എടുത്തിട്ടുള്ള വായ്പകൾക്ക് കടാശ്വാസമായി മുതലിനത്തിൽ പരമാവധി 75,000/- രൂപയും 31/12/2009-ൽ ബാക്കി നിൽക്കുന്ന പലിശയുടെ 25% തുകയും 01/01/2008 മുതൽ 31/12/2008 വരെ വിതരണം ചെയ്തിട്ടുള്ള വായ്പകൾക്ക് മുതലിനത്തിൽ പരമാവധി 1,00,000/- രൂപയും 31/03/2018-ൽ ബാക്കി നിൽക്കുന്ന പലിശയുടെ 25% തുകയും കടാശ്വാസമായി നൽകുന്നു.

### കടാശ്വാസത്തിനുള്ള മാനദണ്ഡം

2008 ഡിസംബർ 31 വരെ മത്സ്യത്തൊഴിലാളികൾ വിവിധ ആവശ്യങ്ങൾക്കായി എടുത്ത വായ്പകൾക്ക് 2019 മാർച്ച് 31 വരെ അപേക്ഷ സ്വീകരിച്ചിരുന്നു. വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മത്സ്യബന്ധനോപകരണങ്ങൾ വാങ്ങാൻ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, പെൺമക്കളുടെ വിവാഹം എന്നീ ആവശ്യങ്ങൾക്ക് എടുത്തിട്ടുള്ള വായ്പകളാണ് കടാശ്വാസത്തിന് പരിഗണിക്കുന്നത്. കടാശ്വാസം അനുവദിക്കുന്നതിനുള്ള വരുമാനപരിധി വ്യക്തികൾക്ക് 60,000/- രൂപയായും കുടുംബത്തിന് രണ്ട് ലക്ഷം രൂപയായും നിജപ്പെടുത്തിയിരിക്കുന്നു. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗത്വം, റേഷൻ കാർഡ് എന്നിവയുടെ പകർപ്പുകൾ,




കടാശ്വാസമായി അനുവദിക്കുന്നതിന് അർഹത കണ്ടെത്തി സർക്കാരിന് ശുപാർശ ചെയ്ത അർഹതാപട്ടികകളുടെ വിശദാംശം

| വായ്പ സ്ഥാപനം | ഗുണഭോക്താക്കളുടെ എണ്ണം | ശുപാർശ ചെയ്ത തുക |
|---|---|---|
| സഹകരണ ബാങ്ക് | 94 | 44,22,340/- |
| മത്സ്യഫെഡ് | 127 | 27,28,383/- |
| മറ്റ് ധനകാര്യ സ്ഥാപനങ്ങൾ | 3 | 82,048/- |
| ദേശസാൽകൃത- ഷെഡ്യൂൾഡ് ബാങ്ക് | 12 | 7,44,872/- |
| **ആകെ** | **236** | **79,77,643/-** |

വരുമാന സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട വായ്പാസ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവയാണ് അർഹത കണ്ടെത്താൻ ഹാജരാക്കേണ്ടത്. എൻ.സി.ഡി.സി വായ്പ, ഹഡ്കോ ഭവന വായ്പ, എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി പദ്ധതികൾ പ്രകാരം മത്സ്യഫെഡ് മുഖേന ലഭ്യമാക്കിയ വായ്പകൾ, മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ, ദേശസാൽക്കൃത-ഷെഡ്യൂൾഡ് ബാങ്കുകൾ, പൊതുമേഖലാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ കടാശ്വാസത്തിന് പരിഗണിക്കുന്നു.

## തീർപ്പാക്കിയ തുക തിരികെ നൽകും

കമ്മിഷൻ സ്ഥാപിതമായത് മുതൽ ഇതുവരെ 321.36 കോടി രൂപ കടാശ്വാസമായി അനുവദിച്ചു. കടാശ്വാസം ശുപാർശ ചെയ്ത് ഒന്ന് മുതൽ 56 വരെ അർഹത പട്ടികകളാണ് സർക്കാരിലേക്ക് അയച്ചത്. അർഹതയുണ്ടെന്ന് കണ്ടെത്തുന്നവർ, കടാശ്വാസം ലഭ്യമാകുന്നതിന് വന്ന കാലതാമസത്തിനിടയ്ക്ക്, ബാങ്കിന്റെ നിർബന്ധത്തിന് വഴങ്ങി കുടിശ്ശിക അടച്ച് വായ്പ തീർപ്പാക്കിയിട്ടുണ്ടെങ്കിൽ ഈ തുക തിരികെ നൽകും. ഇതിനായി റീഫണ്ട് പട്ടിക തയ്യാറാക്കി കടാശ്വാസം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ■

കടൽസുരക്ഷ

# കേരളത്തിന്റെ സൈന്യത്തിന് ഇവർ കാവലാളുകൾ

## മത്സ്യത്തൊഴിലാളികൾക്ക് കടലിൽ സുരക്ഷയൊരുക്കാനുള്ള കേരള മത്സ്യബന്ധന വകുപ്പിന്റെ രക്ഷാസംവിധാനങ്ങൾ അറിയാം




**അനീഷ് പി**
അസിസ്റ്റന്റ് ഡയറക്ടർ, ഫിഷറീസ്
ഫിഷറീസ് സ്റ്റേഷൻ, വൈപ്പിൻ


പരമ്പരാഗത, യന്ത്രവൽക്കൃത മേഖലകൾ ഉൾപ്പെടെ 49,244 മത്സ്യബന്ധനയാനങ്ങൾ കേരളത്തിലെ ഹാർബറുകൾ, കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും മത്സ്യബന്ധനത്തിനായി പോകുന്നു.

കാലാവസ്ഥാവ്യതിയാനം മൂലം കടൽ പ്രക്ഷുബ്ധമാകുന്നതിനാൽ മത്സ്യത്തൊഴിലാളികളുടെ ജീവൻ അപകടത്തിലാകുന്ന സ്ഥിതിയാണുള്ളത്. അനവധി സഹോദരങ്ങളുടെ ജീവനും കോടിക്കണക്കിന് രൂപയുടെ മത്സ്യബന്ധന ഉപാധികളും മുൻ വർഷങ്ങളിൽ നഷ്ടക്കണക്കുകളിൽ സ്ഥാനം പിടിച്ചിരുന്നു.

### ഫിഷറീസ് സ്റ്റേഷനുകൾ

കടൽസുരക്ഷാ ദൗത്യനിർവഹണത്തിന് ഒൻപത് തീരദേശജില്ലകളിലും ഫിഷറീസ് സ്റ്റേഷനുകൾ നിലവിലുണ്ട്. ഈ സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് നിലവിൽ മൂന്ന് മറൈൻ ആംബുലൻസുകളും 10 റെസ്ക്യൂ ബോട്ടുകളും സജ്ജീകരിച്ചിട്ടുണ്ട്. കടൽ സുരക്ഷാമുന്നറിയിപ്പുകൾ നൽകാനും രക്ഷാപ്രവർത്തനം ഏകീകരിക്കുന്നതിനുമായി സജ്ജീകരിച്ച കൺട്രോൾ റൂമുകളുടെ ഭാഗമായാണ് ഇവ പ്രവർത്തിക്കുന്നത്. മത്സ്യബന്ധന വകുപ്പ് ഡയറക്ടറേറ്റിൽ സജ്ജീകരിച്ചിരിക്കുന്ന മാസ്റ്റർ കൺട്രോൾ റൂം ആണ് വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ റീജിയണൽ കൺട്രോൾ റൂമുകൾ മുഖേന രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നത്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ മുന്നറിയിപ്പുകളും മത്സ്യത്തൊഴിലാളികളിൽ എത്തിക്കുന്നത് കൺട്രോൾ റൂമുകൾ വഴിയാണ്.

മറൈൻ ആംബുലൻസുകളും റെസ്ക്യൂ ബോട്ടുകളും ചേർന്ന് ഈ സാമ്പത്തികവർഷം 1938 പെട്രോളിങ്ങുകളും



പൊന്നാനി ഫിഷറീസ് സ്റ്റേഷൻ

481 രക്ഷാപ്രവർത്തനങ്ങളും നടത്തുകയുണ്ടായി. ഇതിലൂടെ 4979 മത്സ്യത്തൊഴിലാളികളുടെ ജീവൻ രക്ഷിച്ച് തീരത്തെത്തിക്കാൻ സാധിച്ചു.

## കുതിച്ചെത്തും മറൈൻ ആംബുലൻസുകൾ

രാജ്യത്ത് ആദ്യമായാണ് കടൽ രക്ഷാപ്രവർത്തനം ഊർജിതമാക്കുന്നതിനും കടലിൽതന്നെ പ്രഥമശുശ്രൂഷ നൽകുന്നതിനും മറൈൻ ആംബുലൻസ് തയ്യാറാക്കിയത്. മത്സ്യബന്ധനവകുപ്പിന്റെ ആവശ്യപ്രകാരം വിവിധ കേന്ദ്ര, സംസ്ഥാന ഏജൻസികളുടെ നിർദേശങ്ങൾക്കനുസൃതമായി കൊച്ചിൻ ഷിപ്പ് യാർഡ് ആണ് പ്രതീക്ഷ, പ്രത്യാശ, കാരുണ്യ എന്നീ പേരുകളിലുള്ള മറൈൻ ആംബുലൻസുകൾ നിർമ്മിച്ചത്. വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചാണ് മറൈൻ ആംബുലൻസുകളുടെ പ്രവർത്തനം സജ്ജീകരിച്ചിരിക്കുന്നത്.

700 കുതിരശക്തി വീതമുള്ള ഇരട്ട എൻജിൻ ആണ് മറൈൻ ആംബുലൻസുകൾക്ക് മണിക്കൂറിൽ 14 നോട്ടിക്കൽ മൈൽ വേഗം നൽകുന്നത്. മറൈൻ ആംബുലൻസുകളുടെ സേവനത്തിനായി, ക്യാപ്റ്റൻ, ചീഫ് എൻജിനീയർ, ഓയ്‌ലർ, സീമാൻ, രണ്ട് സീ റെസ്ക്യൂ ഗാർഡുകൾ എന്നിവർ സദാസമയം രക്ഷാപ്രവർത്തനത്തിന് സജ്ജരാണ്. അപകടത്തിൽപ്പെട്ട മത്സ്യബന്ധന യാനങ്ങളെ കണ്ടെത്തുന്നതിനും ആശയവിനിമയം നടത്തുന്നതിനും അതിനൂതന നാവിഗേഷണൽ, ആശയവിനിമയ സംവിധാനങ്ങൾ ഘടിപ്പിച്ചിട്ടുള്ള മറൈൻ ആംബുലൻസുകൾ ഇന്ന് ലഭ്യമായ ഏറ്റവും നല്ല പ്രഥമ ശുശ്രൂഷാസൗകര്യം കൂടി സജ്ജീകരിച്ചിട്ടുള്ളവയാണ്.

മത്സ്യത്തൊഴിലാളി സുരക്ഷ ഉറപ്പാക്കുന്നതിനായി മറൈൻ ആംബുലൻസുകൾ ഇതേവരെ 848



രാജ്യത്തെ ആദ്യ മറൈൻ ആംബുലൻസുകളാണ് കേരളത്തിൽ സജ്ജമാക്കിയിരിക്കുന്നത്

പട്രോളിങ്ങുകൾ നടത്തി. 172 രക്ഷാപ്രവർത്തനങ്ങളിലായി 1060 മത്സ്യത്തൊഴിലാളികളെ സുരക്ഷിതമായി തീരത്തെത്തിച്ചു. കടലിൽവച്ച് പരിക്കേറ്റവർക്ക് പ്രഥമശുശ്രൂഷ നൽകുക വഴി നിരവധി ജീവനുകൾ സംരക്ഷിക്കാനുമായി. അടിയന്തര സാഹചര്യത്തിൽ ഇന്ത്യൻ നേവി, കോസ്റ്റ്ഗാർഡ് എന്നിവയുടെ സഹായം കൂടി ആവശ്യപ്പെട്ട് മത്സ്യത്തൊഴിലാളികളെയും അവരുടെ യാനങ്ങളെയും സുരക്ഷിതമായി തീരത്തെത്തിക്കുകയും ചെയ്യുന്നുണ്ട്.

അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗിക്കാനായി ഓക്സിജൻ കോൺസൻട്രേറ്റർ, കാർഡിയാക് മോണിറ്റർ, മാനുവൽ സക്ഷൻ അപ്പാരറ്റസ്, ബി.പി. അപ്പാരറ്റസ്, പൾസ് ഓക്സിമീറ്റർ, ഗ്ലൂക്കോമീറ്റർ, സ്പൈൻ ബോർഡ്, ഇമ്മൊബിലൈസറുകൾ, പോർട്ടബിൾ ഓക്സിജൻ സിലിണ്ടർ, അംബു ബാഗ്, ഡ്രസ്സിംഗ് ഉപകരണങ്ങൾ എന്നിവയും രണ്ട് പാരാമെഡിക്കൽ സ്റ്റാഫുകളുടെ സേവനവും 24 മണിക്കൂറും മറൈൻ ആംബുലൻസുകളിൽ ഉണ്ട്.

## മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം

രക്ഷാപ്രവർത്തനങ്ങൾക്ക് കരുത്തേകാൻ മത്സ്യബന്ധന വകുപ്പിന് കീഴിലുള്ള മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗവും ഫിഷറീസ് സ്റ്റേഷനുകളുടെ ഭാഗമാണ്. പൊലീസ് വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വന്നിട്ടുള്ള ഉദ്യോഗസ്ഥരാണ് മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന് കരുത്തേകുന്നത്.

### കേരളത്തിലെ ഫിഷറീസ് സ്റ്റേഷനുകൾ

| ജില്ല | ഫിഷറീസ് സ്റ്റേഷൻ |
|---|---|
| തിരുവനന്തപുരം | വിഴിഞ്ഞം |
| കൊല്ലം | നീണ്ടകര |
| ആലപ്പുഴ | തോട്ടപ്പള്ളി |
| എറണാകുളം | വൈപ്പിൻ |
| തൃശ്ശൂർ | അഴീക്കോട് |
| മലപ്പുറം | പൊന്നാനി |
| കോഴിക്കോട് | ബേപ്പൂർ |
| കണ്ണൂർ | കണ്ണൂർ |
| കാസർഗോഡ് | കീഴൂർ |

ബദൽ ഇന്ധനം

# സുസ്ഥിരതയിലേക്ക്
# ഒരു ദൂരം

**കൊച്ചി ആസ്ഥാനമായുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുമായി ചേർന്ന് ഡീസൽ എൻജിൻ മാറ്റത്തിനായുള്ള സമഗ്രപദ്ധതി സംസ്ഥാന സർക്കാർ രൂപവൽക്കരിച്ചിട്ടുണ്ട്**



**എം വി ബൈജു**
സീനിയർ സയന്റിസ്റ്റ്,
സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി

കേരളത്തിലെ പരമ്പരാഗത മത്സ്യബന്ധനയാനങ്ങളിൽ ഭൂരിഭാഗവും രണ്ട് കുതിരശക്തി മുതൽ 65 കുതിരശക്തി വരെയുള്ള ഔട്ട് ബോർഡ് മോട്ടോറുകളാണ് ഉപയോഗിക്കുന്നത്. ഇവയെല്ലാം പെട്രോൾ ഉപയോഗിച്ച് സ്റ്റാർട്ട് ചെയ്യുകയും മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന യാനങ്ങളാണ്. എട്ട് കുതിരശക്തിയുള്ള ഔട്ട് ബോർഡ് മോട്ടോറുകൾക്ക് മണിക്കൂറിൽ ആറ് ലിറ്റർ മണ്ണെണ്ണ ആവശ്യമാണ്. 25 കുതിരശക്തിയുള്ള മോട്ടോറുകൾ മണിക്കൂറിൽ 12 ലിറ്റർ മണ്ണെണ്ണ ഉപയോഗിക്കും. മത്സ്യഫെഡിന്റെ കണക്കുകൾ പ്രകാരം 14481 ഔട്ട ബോർഡ് മോട്ടോർ എൻജിനുകളാണ് സംസ്ഥാനത്തുള്ളത്.

സംസ്ഥാന സർക്കാർ മണ്ണെണ്ണയ്ക്ക് സബ്സിഡി അനുവദിക്കുന്നു. കേരളത്തെ കൂടാതെ ഒഡീഷ, ഗുജറാത്ത്, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളും മത്സ്യബന്ധന മേഖലയിൽ മണ്ണെണ്ണ സബ്സിഡി നൽകുന്നു. എന്നാൽ, സംസ്ഥാനങ്ങൾക്ക് ലഭിച്ചിരുന്ന മണ്ണെണ്ണവിഹിതം ഗണ്യമായി വെട്ടിക്കുറയ്ക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചത് മേഖലയ്ക്ക് തിരിച്ചടിയായി. ഇതോടൊപ്പം, മണ്ണെണ്ണവിലയിൽ ക്രമാനുഗതമായി വർധന കൂടിയതോടെ, മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിലായി. 2022 ജനുവരിയിൽ 96 രൂപയായിരുന്ന മണ്ണെണ്ണയ്ക്ക് ഇപ്പോൾ 126 രൂപയാണ് വില. ഇതുമൂലം മത്സ്യബന്ധനയാനങ്ങളുടെ പ്രവർത്തനച്ചെലവ് ക്രമാതീതമായി വർധിച്ചു. കടലിൽനിന്ന് കിട്ടുന്ന മത്സ്യസമ്പത്തിലും വിപണി വിലയിലും വർധന ഉണ്ടാകുന്നില്ലെന്നു മാത്രമല്ല, പലപ്പോഴും കുറവും സംഭവിക്കുന്നു.



അടുത്തിടെ, മണ്ണെണ്ണ സബ്സിഡി പൂർണമായി നിർത്തലാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു. മത്സ്യത്തൊഴിലാളികളുടെ വരുമാനത്തെയും തീരദേശത്തിന്റെയാകെ സാമ്പത്തിക സ്ഥിതിയെയും ഇത് ദോഷകരമായി ബാധിക്കും.

മണ്ണെണ്ണ ഉപയോഗത്തിന് ഒട്ടേറെ ദൂഷ്യഫലങ്ങളുണ്ട്. ബോട്ടുകൾ പ്രവർത്തിപ്പിക്കാൻ ഉപയോഗിക്കുന്ന പെട്രോൾ, ഡീസൽ എന്നീ ഇന്ധനങ്ങളേക്കാൾ പരിസ്ഥിതിക്ക് ദോഷകരമാണ് മണ്ണെണ്ണ. എൻജിൻ പ്രവർത്തനത്തിനിടെ കടലിൽ കലരുന്ന മണ്ണെണ്ണ സമുദ്ര ആവാസവ്യവസ്ഥയ്ക്കും കടൽജീവികളുടെ ആരോഗ്യത്തിനും ഹാനികരമാണ്.

മണ്ണെണ്ണ ഉപയോഗവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണമെങ്കിൽ, ഔട്ട് ബോർഡ് മോട്ടോർ ഉപയോഗിച്ച് ബോട്ടുകൾ പ്രവർത്തിപ്പിക്കുന്നതിന്, വില കുറഞ്ഞതും പരിസ്ഥിതിക്ക് അനുയോജ്യമായതുമായ ബദൽ ഇന്ധനം തിരഞ്ഞെടുത്തേ തീരൂ. കാര്യക്ഷമതയും ഇന്ധനക്ഷമതയും കണക്കിലെടുത്ത് ഡീസൽ എൻജിനുകളാണ് ഉചിതമെന്നാണ് പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ, മണ്ണെണ്ണ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഔട്ട് ബോർഡ് മോട്ടോറുകൾക്ക് പകരം ഡീസൽ എൻജിനുകൾ ഉപയോഗിക്കാൻ സംസ്ഥാന ഫിഷറീസ് വകുപ്പ് തീരുമാനിച്ചു. ഇതിന്റെ ഭാഗമായി കൊച്ചി ആസ്ഥാനമായുള്ള സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുമായി ചേർന്ന് ഡീസൽ എൻജിൻ മാറ്റത്തിനായുള്ള സമഗ്രപദ്ധതി സംസ്ഥാന സർക്കാർ രൂപവൽക്കരിച്ചിട്ടുണ്ട്. എൻജിൻ മാറ്റത്തിലൂടെ പ്രവർത്തനച്ചെലവിൽ ഏതാണ്ട് 60 ശതമാനത്തോളം കുറവ് വരുത്താനാകുമെന്നാണ് കരുതുന്നത്. മത്സ്യബന്ധനമേഖലയിലെ ആധുനികവൽക്കരണത്തിനും പ്രവർത്തനക്ഷമതയ്ക്കും സുസ്ഥിരതയ്ക്കും ഈ നടപടി വഴിവെയ്ക്കുമെന്നാണ് പ്രതീക്ഷ. ■

# പുതിയ ആകാശം പുതിയ ചിറകുകൾ

## നിർധനരായ മത്സ്യത്തൊഴിലാളികളുടെ പഠനത്തിൽ മികവ് പുലർത്തുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകാൻ ആവിഷ്കരിച്ച പദ്ധതിയാണ് വിദ്യാതീരം




**വലിയതുറ ഫിഷറീസ് ടെക്നിക്കൽ സ്കൂൾ**

മത്സ്യത്തൊഴിലാളികളുടെ മക്കൾ കൗമാരപ്രായത്തിൽ തന്നെ മാതാപിതാക്കളെ സഹായിക്കുന്നതിനായി കടലിൽ പോകുന്നതാണ് പൊതുവെ കണ്ടുവരുന്നത്. സാമ്പത്തികമായും സാമൂഹികമായും പരിമിതമായ ചുറ്റുപാടുകളിൽ ജീവിക്കുന്ന ഇവർക്ക് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം അറിയിച്ചുകൊടുക്കുന്നതാണ് വിദ്യാതീരം പദ്ധതി. രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് നേരിട്ട് പദ്ധതിയുടെ പ്രയോജനം ലഭിക്കും.

ഉയർന്ന മാർക്ക് നേടി വിദ്യാഭ്യാസം പൂർത്തിയാക്കുന്ന കുട്ടികൾക്ക് മെഡിക്കൽ, സിവിൽ സർവീസ് ഉൾപ്പെടെയുള്ള മേഖലകളിലെ പ്രവേശനത്തിന് പരിശീലനം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. 2022-23 കാലയളവിൽ 13 കോടി രൂപയാണ് പദ്ധതിക്കായി നീക്കിവെച്ചിരിക്കുന്നത്. പ്ലസ് വൺ, പ്ലസ് ടു പഠനകാലയളവിൽ എൻട്രൻസ് പരിശീലനം സാധ്യമാക്കാനാണ് പദ്ധതികൊണ്ട് ഫിഷറീസ് വകുപ്പ് ലക്ഷ്യമിടുന്നത്.

### വിദ്യാതീരം പദ്ധതിക്ക് 10 ഘടകങ്ങൾ

1. റെസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം
2. സിവിൽ സർവീസ് എക്സാം പരിശീലനം
3. ബാങ്ക് ടെസ്റ്റ് പരിശീലനം
4. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസം
5. പോസ്റ്റ് മെട്രിക് സ്റ്റഡീസ് വിദ്യാഭ്യാസ ആനുകൂല്യം
6. വിദ്യാർഥികൾക്ക് കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ
7. സംസ്ഥാനത്തെ 10 റീജ്യണൽ ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകൾക്ക് പ്രവർത്തനച്ചെലവ് നൽകും
8 കുട്ടികളുടെ കായികമേഖലയിലെ വികസനത്തിന് കർമ്മപദ്ധതി
9. ഫിഷറീസ് ടെക്സിക്കൽ ഹൈസ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നു
10. മറ്റ് പ്രവർത്തനങ്ങൾ

100 വിദ്യാർഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനത്തിന് സഹായം നൽകും. 15 പേരെ സിവിൽ സർവീസ് കോച്ചിങ്ങിനും 25 കുട്ടികളെ ബാങ്ക് ടെസ്റ്റ് പരിശീലനത്തിനും തിരഞ്ഞെടുക്കും. മാതാപിതാക്കൾ മരണപ്പെട്ട കുട്ടികളുടെ ഈ വിഭാഗത്തിലെ പഠനചെലവ് മുഴുവനായി സർക്കാർ വഹിക്കും. പത്തിലും പ്ലസ്ടുവിനും പഠിക്കുന്ന കുട്ടികൾക്ക് കരിയർ ഗൈഡൻസ് പരിപാടികളും സംഘടിപ്പിക്കും. സർക്കാരിന് കീഴിലുള്ള പത്ത് റീജ്യണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെസ്സ് ഉൾപ്പെടെയുള്ള ഹോസ്റ്റൽ സൗകര്യവും പദ്ധതി വഴി നൽകുന്നുണ്ട്.

മെഡിക്കൽ എൻട്രൻസിനും പോസ്റ്റ് മെട്രിക് വിദ്യാഭ്യാസത്തിനുമാണ് കൂടുതൽ തുക ചെലവഴിക്കുന്നത്. 20,000 കുട്ടികൾക്കാണ് പോസ്റ്റ് മെട്രിക് വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുക.■

**തയ്യാറാക്കിയത് : രമ്യ രാജൻ**
സബ് എഡിറ്റർ, പ്രിസം, ഐപിആർഡി

# ഊരുകളിൽ ഉണർവ്

## ഗോത്രവിഭാഗങ്ങൾക്കായി റിസർവോയറുകളിൽ കൂട്മത്സ്യക്കൃഷിയും മത്സ്യക്കുഞ്ഞുനിക്ഷേപവും



**ചിത്ര എം**
റീജിയണൽ എക്സിക്യൂട്ടീവ്, അഡാക്

ജീവനോപാധിക്കായി റിസർവോയറുകളെയും ആശ്രയിക്കുന്ന ആദിവാസികൾക്ക് പോഷകമൂല്യം ഉറപ്പുവരുത്തുന്ന ആഹാരം ലഭ്യമാക്കുന്നതിനും അവരുടെ സാമൂഹിക, സാമ്പത്തിക ഉന്നമനം ഉറപ്പാക്കുന്നതിനും നിരവധി പദ്ധതികളാണ് സർക്കാർ നടപ്പിലാക്കി വരുന്നത്.

വലിയ റിസർവോയറുകളിൽ 'കൂട്മത്സ്യക്കൃഷി'യും, ചെറിയ റിസർവോയറുകളിൽ 'മത്സ്യക്കുഞ്ഞു നിക്ഷേപിക്കൽ' പദ്ധതിയും നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ കേരളത്തിലെ 12 റിസർവോയറുകളിലാണ് കേരള റിസർവോയർ ഫിഷറീസ് ഡെവലപ്മെന്റ് പ്രോജക്റ്റ് ഉള്ളത്. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന എസ്.സി/എസ്.ടി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് മത്സ്യബന്ധനത്തിന് ആവശ്യമായ കൊട്ടത്തോണി, വല മുതലായവയും മത്സ്യസമ്പത്ത് സംരക്ഷണവുമായി ബന്ധപ്പെട്ട ബോധവൽക്കരണവും നൽകിവരുന്നു.

ഏകദേശം അയ്യായിരത്തോളം ആദിവാസി വിഭാഗക്കാർ റിസർവോയറുകളിൽ മത്സ്യബന്ധനം നടത്തുന്നുണ്ട്. രണ്ട് റിസർവോയറുകളിൽ (ഷോളയാർ, പെരിങ്ങൽക്കുത്ത്) തദ്ദേശീയ ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെയും ബാക്കി 10 റിസർവോയറുകളിൽ കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെയുമാണ് വളർത്തുന്നത്.

റീബിൽഡ് കേരള ഇനിഷ്യേറ്റീവ്, പ്രധാനമന്ത്രി മത്സ്യസമ്പത്ത് യോജന പദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ വലിയ റിസർവോയറുകളിൽ കൂടുകളിലെ മത്സ്യകൃഷി നടത്തുന്നുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ, കണ്ണൂർ ജില്ലയിലെ പഴശ്ശി, വയനാട് ജില്ലയിലെ കാരാപ്പുഴ, ബാണാസുരസാഗർ, കോഴിക്കോട് ജില്ലയിലെ പെരുവണ്ണാമൂഴി, പത്തനംതിട്ട ജില്ലയിലെ കക്കി റിസർവോയറുകളിലാണ് നിലവിൽ ഇത്തരം കൂട് മത്സ്യകൃഷി നടത്തിവരുന്നത്.

റീബിൽഡ് കേരള പദ്ധതിപ്രകാരം 3.2 കോടി രൂപയാണ് കൂട്മത്സ്യക്കൃഷിക്കായി വകയിരുത്തിയത്. 90 പേരാണ് ഈ പദ്ധതിയിലുള്ളത്. 90 കൂടുകളും അനുബന്ധ സംവിധാനങ്ങളുമുള്ള ഈ പദ്ധതിയിൽ ഗിഫ്റ്റ്, അനാബാസ്, പങ്കേഷ്യസ് മത്സ്യകുഞ്ഞുങ്ങളെയാണ് നിക്ഷേപിച്ചിട്ടുള്ളത്. ഈ കൂടുകളിൽ നിന്നും 50 ലക്ഷം രൂപയിലധികം വരുമാനം ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്.

പെരുവണ്ണാമൂഴി, ബാണാസുരസാഗർ, കാരാപ്പുഴ റിസർവോയറുകളിൽ 100 വീതം കൂടുകളിൽ മത്സ്യക്കൃഷി നടത്തി വരുന്നു. എസ്.സി/ എസ്.ടി വിഭാഗങ്ങളിലെ 300 ഓളം പേർ ഗുണഭോക്താക്കളാണ്. ഓരോ കൂടിലും 3250 മത്സ്യക്കുഞ്ഞുങ്ങളെയാണ് വളർത്തുന്നത്.
മൂന്ന് റിസർവോയറുകളിലായി 71 ലക്ഷം രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. ലഘുമത്സ്യസംസ്കരണ യൂണിറ്റുകളും ഇൻസുലേറ്റഡ് കാർട്ട് വാഹനങ്ങളും സ്ഥാപിക്കാനും ആലോചനയുണ്ട്. ■



# വരുന്നു ആഴങ്ങൾ തേടുന്ന യാനങ്ങൾ



**എം. താജുദ്ദീൻ**
ഡെപ്യൂട്ടി ഡയറക്ടർ
ഫിഷറീസ് ഡയറക്ടറേറ്റ്
തിരുവനന്തപുരം

ഉയർന്ന മത്സ്യോപഭോഗമുള്ള കേരളത്തിൽ വാർഷിക കടൽ മത്സ്യോൽപാദനം അഞ്ച് മുതൽ ആറ് ലക്ഷം മെട്രിക് ടണ്ണും, ഉൾനാടൻ മത്സ്യോൽപാദനം 2.25 ലക്ഷം മെട്രിക് ടണ്ണും ആണ്. 1.57 ലക്ഷം ടൺ (2020-21) മത്സ്യം കയറ്റുമതി ചെയ്യുന്നുണ്ട്. 2021-22 വർഷം കടൽ മത്സ്യോൽപാദനം 6.1 ലക്ഷം ടണ്ണായി വർധിച്ചെങ്കിലും രണ്ട് ലക്ഷം ടണ്ണിലേറെ മത്സ്യം ആഭ്യന്തര ഉപയോഗത്തിനായി അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന സാഹചര്യമുണ്ട്. കൂടാതെ, കയറ്റുമതി വരുമാനം വർധിപ്പിക്കണമെങ്കിൽ 2-3 ലക്ഷം ടൺ മത്സ്യം അധികം ഉൽപാദിപ്പിക്കേണ്ടത് ഈ മേഖലയുടെ സുസ്ഥിരവികസനത്തിന് അത്യാവശ്യമാണ്. ആഴക്കടൽ മത്സബന്ധനം പ്രോത്സാഹിപ്പിക്കുന്നതിലൂടെ ഈ ലക്ഷ്യം കൈവരിക്കാനാകും.

## കേരളത്തിന്റെ സാധ്യതകൾ

കൂടിയ വില ലഭിക്കുന്ന കണവ, ചൂര, താഴ്ന്ന വില ലഭിക്കുന്ന വിളക്കമത്സ്യങ്ങൾ, ആഴക്കടൽ ചെമ്മീനുകൾ എന്നിവയുടെയും വിപുലമായ ശേഖരം അറബിക്കടലിന്റെ ആഴംകൂടിയ ഭാഗത്തുള്ളതായി കണക്കാക്കുന്നു. ഉയർന്ന വില ലഭിക്കുന്ന മത്സ്യം പിടിക്കുന്നതിനായുള്ള ബോട്ടുകൾ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം 10 ലക്ഷം ടണ്ണോളം പിടിക്കാൻ സാധിക്കുന്ന വിലക്കുറവുള്ള വിളക്കമത്സ്യങ്ങളെയും പ്രയോജനപ്പെടുത്താൻ ശ്രമിക്കേണ്ടതുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യസമ്പത്ത് യോജനയിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്ന പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. സുരക്ഷിതമല്ലാത്ത പരമ്പരാഗത

## ആഴക്കടൽ മത്സ്യബന്ധനം: കേരളത്തിന്റെ പരിമിതികൾ

ആധുനിക സൗകര്യങ്ങളോടുകൂടിയ ആഴക്കടൽമത്സ്യബന്ധന ബോട്ടുകളുടെ ഉയർന്ന നിർമ്മാണച്ചെലവ്, ഉയർന്ന പ്രവർത്തനച്ചെലവ്, പരിശീലനത്തിന്റെ അഭാവം, മെച്ചപ്പെട്ട ഗുണനിലവാരം ഉറപ്പാക്കാത്തതുമൂലമുള്ള വിലയിടിവ്, മത്സ്യബന്ധനത്തിൽ ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്താത്ത സാഹചര്യങ്ങൾ എന്നിവയാണ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

വലിയ സൗകര്യങ്ങളില്ലാത്ത ബോട്ടുകളിലാണ് നിലവിൽ ആഴക്കടൽ മത്സ്യബന്ധനം നടക്കുന്നത്. സംസ്ഥാനത്ത് 34000 മോട്ടോറൈസ്ഡ് പരമ്പരാഗത യാനങ്ങളുണ്ടെങ്കിലും 500-ഓളം പരമ്പരാഗത യാനങ്ങൾ മാത്രമാണ് 50 നോട്ടിക്കൽ മൈലിന് പുറത്ത് മത്സ്യബന്ധനം നടത്തുന്നത്. കൂടാതെ തമിഴ്നാട് രജിസ്ട്രേഷനുള്ള 600-ലേറെ ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ കൊച്ചി കേന്ദ്രീകരിച്ച് മത്സ്യബന്ധനം നടത്തി വരുന്നുണ്ട്.

**ഉയർന്ന വില ലഭിക്കുന്ന കണവ, ചൂര, താരതമ്യേന കുറഞ്ഞ വില ലഭിക്കുന്ന ചെറിയ മത്സ്യങ്ങളുടേയും വിപുല ശേഖരം അറബിക്കടലിന്റെ ആഴം കൂടിയ ഭാഗത്തുള്ളതായി കണക്കാക്കുന്നു**

യാനങ്ങളിൽ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികളെ ഘട്ടംഘട്ടമായി യന്ത്രവൽകൃത മത്സ്യബന്ധനരീതിയിലേക്ക് പരിവർത്തനം ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആദ്യഘട്ടം തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് നടപ്പിലാക്കുന്നത്. ഇവിടെ ഗുണഭോക്തൃതിരഞ്ഞെടുപ്പ് നടന്നുവരികയാണ്.

പദ്ധതിക്ക് കേന്ദ്ര സർക്കാർ അംഗീകരിച്ച ചെലവ് ബോട്ട് ഒന്നിന് 1.2 കോടി രൂപയാണ്. കേന്ദ്ര, സംസ്ഥാന സബ്സിഡിയായി 48 ലക്ഷം രൂപയും. എന്നാൽ ഈ തുകയ്ക്ക് എല്ലാ ആധുനിക സൗകര്യങ്ങളോടും കൂടിയ ആഴക്കടൽ മത്സ്യബന്ധന യാനത്തിന്റെ പണി പൂർത്തിയാക്കാൻ സാധിക്കില്ല. 22.7 മീറ്റർ നീളവും ആറ് മീറ്റർ വീതിയും മൂന്ന് മീറ്റർ ആഴവും 230 കുതിരശക്തിയും, -4 ഡിഗ്രി സെൽഷ്യസ് റെഫ്രിജറേഷൻ സൗകര്യവും 18 ടൺ സംഭരണശേഷിയുമുള്ള ബോട്ടിന് 1.5 കോടി രൂപ വിലയാകും.

പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ഇത്രയും തുക കണ്ടെത്തുന്നതിനുള്ള ബുദ്ധിമുട്ട് കണക്കിലെടുത്തും ആഴക്കടൽ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായും ഗുണഭോക്തൃ വിഹിതത്തിന്റെ 30% തുകയായ 30 ലക്ഷം രൂപ സംസ്ഥാനസർക്കാർ അധികധനസഹായമായി ഓരോ ഗ്രൂപ്പിനും പ്രഖ്യാപിക്കുകയും മൂന്ന് കോടി രൂപ അനുവദിക്കുകയും ചെയ്തു. ഇതനുസരിച്ച് 72 ലക്ഷം രൂപയായി ഗുണഭോക്തൃ വിഹിതം കുറഞ്ഞിട്ടുണ്ട്. ഗുണഭോക്തൃ വിഹിതത്തിന്റെ 85% തുക കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും വായ്പയായി അനുവദിക്കാനും ധാരണയായി.

ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ മത്സ്യബന്ധന മേഖലയിൽ പുത്തനുണർവ് കൈവരിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ■

# ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ
# ഒരു നൂതന ആശയം





**എം. ശ്രീകണ്ഠൻ**
മെമ്പർ സെക്രട്ടറി, (എസ്.എഫ്.എം.സി)

സ്വൈര്യമായി ജോലി ചെയ്യാൻ അവസരമുണ്ടാവുക എന്നത് ഏതൊരു തൊഴിലാളിയുടെയും അടിസ്ഥാന അവകാശങ്ങളിലൊന്നാണ്. മത്സ്യബന്ധനത്തിനിടെ കടലിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളും യന്ത്രവൽകൃതയാനത്തൊഴിലാളികളും തമ്മിൽ സംഘർഷങ്ങൾ ഉണ്ടാവുക മുമ്പ് പതിവായിരുന്നു. ഈ സംഘർഷങ്ങൾ ഒഴിവാക്കുന്നതിനും നിയമപരമായും സമാധാനപരമായും മത്സ്യബന്ധന പ്രവർത്തനം ഉറപ്പാക്കുവാനും വേണ്ടി 1980ൽ കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം (കെ.എം.എഫ്. ആർ ആക്ട്) നിലവിൽ വന്നു. ഈ നിയമത്തിന്റെ ചുവടുപിടിച്ച്, സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും നിരീക്ഷണത്തിനുമായി ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ എന്ന ത്രിതല സംവിധാനത്തിന് സർക്കാർ രൂപം നൽകി.

## ത്രിതല സംവിധാനം

മൂന്ന് തലങ്ങളിലായാണ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

- ഫിഷിംഗ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ (എഫ്.വി.എം.സി.)
- ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ (ഡി.എഫ്.എം.സി.)
- സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ (എസ്സ്.എഫ്.എം.സി.)

കെ.എം.എഫ്.ആർ നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനൊപ്പം വിവിധ



**സമുദ്ര മത്സ്യബന്ധനത്തിന്റെ ഫലപ്രദമായ നടത്തിപ്പിനും നിരീക്ഷണ ത്തിനുമായി ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ എന്ന ത്രിതല സംവിധാനത്തിന് സർക്കാർ രൂപം നൽകി**

മഹേഷ് പ്രഭു

തലങ്ങളിൽ മറൈൻ ഫിഷറീസ് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കുക എന്നതാണ് കൗൺസിലിന്റെ മുഖ്യചുമതല. മത്സ്യസമ്പത്തിന്റെ സംരക്ഷണത്തെക്കുറിച്ചും തീരദേശവാസികൾക്കിടയിൽ ബോധവൽക്കരണം നൽകുന്നതും കൗൺസിലിന്റെ ഉത്തരവാദിത്വമാണ്. സമുദ്ര മത്സ്യകൃഷി, മത്സ്യവിഭവങ്ങളുടെ സുസ്ഥിര ഉപയോഗം തുടങ്ങി വിവിധ വിഷയങ്ങളിൽ സെമിനാറുകളും ശില്പശാലകളും സംഘടിപ്പിച്ചു കൊണ്ടാണ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ മത്സ്യത്തൊഴിലാളികൾക്കിടയിൽ പ്രവർത്തിക്കുന്നത്.

സംസ്ഥാനത്ത് ഫിഷറീസ് വകുപ്പിന് കീഴിൽ ഒൻപത് കടലോര ജില്ലാ ആഫീസുകൾ പ്രവർത്തിക്കുന്നു. ഈ ഒൻപത് ജില്ലകളിലായി 222 മറൈൻ ഫിഷിങ്ങ് വില്ലേജുകൾ ആണുള്ളത്. അതാത് പ്രദേശത്തെ തദ്ദേശസ്വയംഭരണസ്ഥാപന തലവൻ ചെയർമാനായും അതത് വില്ലേജിലെ ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ മെമ്പർ സെക്രട്ടറിയായും ആണ് ഫിഷിങ്ങ് വില്ലേജ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിക്കുന്നത്.

ജില്ലാതലത്തിൽ ജില്ലാ കളക്ടർ ചെയർമാനും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മെമ്പർ സെക്രട്ടറിയും ആയിരിക്കും. മുനിസിപ്പൽ ചെയർമാൻ/ കോർപ്പറേഷൻ മേയർ / ജില്ലാപഞ്ചായാത്ത് പ്രസിഡന്റ്, കേന്ദ്ര സമുദ്ര മത്സ്യ ബന്ധന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രതിനിധി, ട്രേഡ് യൂണിയൻ പ്രതിനിധികൾ, സമുദ്ര മത്സ്യബന്ധന ത്തിൽ വൈദഗ്ധ്യമുള്ള വ്യക്തികൾ എന്നിവർ അംഗങ്ങൾ ആയിട്ടുള്ളതാണ് ജില്ലാ ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ.

സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ ഫിഷറീസ് ഡയറക്ടർ ചെയർമാനും ഫിഷറീസ് ജോയിന്റ് ഡയറക്ടർ മെമ്പർ സെക്രട്ടറിയു മാണ്. വിവിധ രംഗങ്ങളിലെ വിദഗ്ധരും അംഗീകൃത മത്സ്യത്തൊഴിലാളി ട്രേഡ് യൂണിയൻ പ്രതിനിധികളും കയറ്റുമതി മേഖലയിലെ പ്രമുഖരും അംഗങ്ങളാണ്. ■



# സംരംഭകരെ വരവേറ്റ് മെഗാ സീഫുഡ് പാർക്ക്

**ഭക്ഷ്യസംസ്കരണരംഗത്ത് സംസ്ഥാനത്തിന്റെ നിർണ്ണായക ചുവടുവെയ്പ്പാണ് ചേർത്തലയിലെ മെഗാസീഫുഡ് പാർക്ക്**

**ജി. അശോക് ലാൽ**
ജനറൽ മാനേജർ (പ്രൊജക്ട് ഫിനാൻസിങ്ങ്, ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ, സ്പെഷ്യൽ പ്രൊജക്ട്സ് ആൻഡ് പ്ലാനിങ്ങ്)
കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ

പരമ്പരാഗത ഭക്ഷ്യസംസ്കരണരംഗത്ത് മികവ് തെളിയിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ഇന്ന് ലോകത്ത് ഏറ്റവുമധികം വ്യാപാരം നടക്കുന്ന ഭക്ഷ്യ വിഭാഗങ്ങളിലൊന്നാണ് സമുദ്രവിഭവം. 2030ഓടെ 14ശതമാനം വളർച്ച നേടി 202 ദശലക്ഷം മെട്രിക് ടണ്ണിലെത്താൻ ഒരുങ്ങുകയാണ് ഈ മേഖല. മത്സ്യ ഉൽപാദനത്തിലും കയറ്റുമതിയിലും കേരളം മുന്നിലാണെങ്കിലും, ആധുനിക സംവിധാനങ്ങളുടെ അപര്യാപ്തത മൂലം സമുദ്രോൽപന്നങ്ങളുടെ സംസ്കരണം കാര്യക്ഷമമായിരുന്നില്ല. മത്സ്യത്തിന്റെയും സംസ്കരിച്ച അസംസ്കൃത വസ്തുക്കളുടെയും കയറ്റുമതിയേക്കാൾ ഇരട്ടി ലാഭം മത്സ്യ ഉൽപന്നങ്ങളുടെ കയറ്റുമതിയിലൂടെ ലഭിക്കുന്നു. മത്സ്യോൽപാദനം വർധിപ്പിക്കൽ, സുസ്ഥിര മത്സ്യകൃഷി, പുതിയ മത്സ്യബന്ധന കേന്ദ്രങ്ങളുടെ നിർമ്മാണം, മത്സ്യോൽപന്നങ്ങളുടെ മൂല്യവർധന തുടങ്ങി പ്രതീക്ഷയുണർത്തുന്ന നിരവധി സാധ്യതകൾ ഈ മേഖലയിൽ ഉയർന്നുവരുന്നുണ്ട്. സമുദ്രോൽപന്നങ്ങളുടെ സംസ്കരണരംഗത്തെ സാധ്യതകൾ മനസ്സിലാക്കിക്കൊണ്ട് ഈ മേഖലയിൽ ചുവടുറപ്പിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുകയാണ് സംസ്ഥാന സർക്കാർ.

ഈ രംഗത്തെ സംസ്ഥാനത്തിന്റെ നിർണായക ചുവടുവയ്പാണ് കെഎസ്ഐഡിസിയുടെ മെഗാ സീ ഫുഡ് പാർക്ക്. ചേർത്തല പള്ളിപ്പുറത്തുള്ള ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ 68 ഏക്കറിലാണ് മെഗാ സീ ഫുഡ് പാർക്ക് വികസിപ്പിച്ചിരിക്കുന്നത്. സമുദ്രോൽപന്ന സംസ്കരണമേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് കെഎസ്ഐഡി സി മറൈൻ മെഗാ ഫുഡ് പാർക്ക് രൂപപ്പെടുത്തിയിരിക്കുന്നത്. ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിന്റെ (എംഒഎഫ്പിഐ) ഗ്രാന്റ് സഹായത്തോടെയാണ് പാർക്ക് വികസിപ്പിച്ചത്. സമുദ്രോൽപന്നങ്ങളുടെ മൂല്യവർധിതമേഖലയുടെ വിവിധ വശങ്ങൾ








വിലയിരുത്തുകയും സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യേണ്ടത് ദീർഘവീക്ഷണമുള്ള സംരംഭകരാണ്.

മുപ്പതിലധികം കമ്പനികൾക്ക് ഇതിനോടകം മെഗാ സീ ഫുഡ് പാർക്കിൽ ഭൂമി അനുവദിച്ചിട്ടുണ്ട്. ആറ് സമുദ്രോൽപന്ന സംസ്കരണ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു.

സമുദ്രവിഭവങ്ങളുടെ മൂല്യവർധിത ഉൽപന്നങ്ങൾക്ക് വലിയ സാധ്യതയുണ്ടെന്ന് സംരംഭകരും സാക്ഷ്യപ്പെടുത്തുന്നു. കേരളത്തിൽ നിന്നുള്ള സംസ്കരിച്ച സമുദ്രോൽപന്നങ്ങൾ ഏറ്റവും കൂടുതൽ കയറ്റുമതി ചെയ്യുന്ന രാജ്യമാണ് അമേരിക്ക. ഇപ്പോൾ ചൈന, ഇറ്റലി, ജപ്പാൻ, യൂറോപ്യൻ രാജ്യങ്ങൾ എന്നിവയുമുണ്ട്. കൊച്ചി തുറമുഖ കണക്കുകൾ പ്രകാരം, 2020-21 വർഷത്തിൽ, മൊത്തം കയറ്റുമതിയുടെ 1.91 ശതമാനം സമുദ്രവിഭവങ്ങളുടെ സംഭാവനയാണ്. 1,50,640 ടൺ ആയിരുന്നു ഇത്. കണ്ടെയിനറുകളിലെ കയറ്റുമതി തൊട്ടുമുൻവർഷത്തെ 16.97 ലക്ഷം ടണ്ണിൽ നിന്ന് 25.87% വർധിച്ച് 2020-21ൽ 21.36 ലക്ഷം ടണ്ണായി. ഏറ്റവും വലിയ വിപണിയായ അമേരിക്ക (3,42,572 മെട്രിക് ടൺ) ശീതീകരിച്ച ചെമ്മീൻ ഇറക്കുമതി ചെയ്തു. ചൈന (1,25,667 മെട്രിക് ടൺ), യൂറോപ്യൻ യൂണിയൻ (90,549 മെട്രിക് ടൺ), തെക്കുകിഴക്കൻ ഏഷ്യ (44,683 മെട്രിക് ടൺ ), ജപ്പാൻ (38,492 മെട്രിക് ടൺ), ഗൾഫ് രാജ്യങ്ങൾ (37,158 മെട്രിക് ടൺ) എന്നിങ്ങനെയാണ് മറ്റു കണക്കുകൾ.

യുഎൻ സമിതിയുടെ 'ദി സ്റ്റേറ്റ് ഓഫ് വേൾഡ് ഫിഷറീസ് ആൻഡ് അക്വാകൾച്ചർ' റിപ്പോർട്ട് അനുസരിച്ച്, ലോകത്തിലെ കയറ്റുമതിയിലെ ഭൂരിഭാഗം വളർച്ചയും ഏഷ്യയിൽ നിന്നാണ് ഉണ്ടാകുന്നത്, 2030-ഓടെ ഉണ്ടാകുന്ന അധികകയറ്റുമതിയുടെ അളവിന്റെ 52 ശതമാനം വരും ഇത്. ഈ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിക്കാനായാൽ രാജ്യത്തിനും കേരളത്തിനും ഇതിൽ ഗണ്യമായ പങ്ക് നേടാനാകും.

ഒപ്പം, റെഡി-ടു-സെർവ് സൗകര്യമുള്ള ഉൽപന്നങ്ങൾ വാങ്ങാൻ തയ്യാറായിരിക്കുന്ന നഗര ഉപഭോക്താക്കളുടെ ഒരു പുതിയ വിഭാഗം കേരളത്തിലും ഉണ്ടായിട്ടുണ്ട്. മറൈൻ പ്രൊഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയുടെ (എംപിഇഡിഎ) റിപ്പോർട്ട് പ്രകാരം, റെഡി ടു ഈറ്റ്, റെഡി ടു കുക്ക്, റെഡി ടു ഫ്രൈ, തവ് ആൻഡ് ഈറ്റ്, ഹീറ്റ് ആൻഡ് സെർവ്, റീട്ടെയിൽ റോ ബ്രാൻഡഡ് എന്നിങ്ങനെ സംസ്കരിച്ച ഉൽപന്നങ്ങളും മറ്റ് ഉയർന്ന മൂല്യമുള്ള മത്സ്യ മരുന്ന്, സൗന്ദര്യവർധക ഉൽപന്നങ്ങളും മൂല്യവർധിത ഉൽപന്നങ്ങൾ ആയി കണക്കാക്കപ്പെടുന്നു.

മൂല്യവർധിത ഉൽപന്നങ്ങളുടെ രംഗത്തേക്കു കടന്നാൽ കേരളത്തിലെ സമുദ്രവിഭവ സംസ്കരണ വ്യവസായ സംരംഭകർക്ക് ഏറെ നേട്ടമുണ്ടാകുമെന്ന് വിദഗ്ധർ പറയുന്നു. ഫുഡ് പാർക്കിലെ സംസ്കരണ പ്രവർത്തനങ്ങളും മൂല്യവർധിത ഭക്ഷ്യ ഉൽപാദനവും സമുദ്ര ഭക്ഷ്യ സംസ്കരണ മേഖലയ്ക്ക് ഉത്തേജനം നൽകുമെന്ന് നിസ്സംശയം പറയാം.■

**മുപ്പതിലധികം കമ്പനികൾക്ക് ഇതിനോടകം മെഗാ സീ ഫുഡ് പാർക്കിൽ ഭൂമി അനുവദിച്ചിട്ടുണ്ട്. ആറ് സമുദ്രോൽപന്ന സംസ്കരണ യൂണിറ്റുകൾ പ്രവർത്തനം ആരംഭിച്ചു**

# സുഭദ്രജീവിതം സുഗമയാനം

## മത്സ്യബോർഡിന്റെ ഇൻഷുറൻസ് പദ്ധതികൾ അറിയാം



**കുട്ടായി ബഷീർ**
ചെയർമാൻ, മത്സ്യബോർഡ്



സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്കുവേണ്ടി 1986ലാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് തൃശ്ശൂർ ആസ്ഥാനമായി രൂപീകൃതമായത്. പിന്നീട്, മത്സ്യഅനുബന്ധമേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ കൂടി ഉൾപ്പെടുത്തി പദ്ധതി വിപുലീകരിച്ചു. 2022ൽ 240974 മത്സ്യത്തൊഴിലാളികളും 78659 അനുബന്ധത്തൊഴിലാളികളും മത്സ്യബോർഡിൽ അംഗങ്ങളായിട്ടുണ്ട്.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിത ഭദ്രത ഉറപ്പുവരുത്തുന്നതിനു വേണ്ടി നടപ്പാക്കി വരുന്ന പദ്ധതിയാണ് അപകട ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളി കളെയും ഈ പദ്ധതി പ്രകാരം ഇൻഷുർ ചെയ്തിട്ടുണ്ട്. ഇൻഷുറൻസ് പ്രീമിയം പൂർണമായും സർക്കാരിൽ നിന്നും ലഭിക്കുന്നു. ഇൻഷുറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നില്ല.

**അപകട ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരം ലഭിക്കുന്ന ധനസഹായം.**

| | |
|---|---|
| അപകടമരണം | 10 ലക്ഷം രൂപ |
| മത്സ്യബന്ധനവേളയിൽ അപകടം മൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |
| സ്ഥിരവും ഭാഗികവുമായ അവശത | 5 ലക്ഷം രൂപ |
| അപകടമരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ രണ്ട് കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം | 5,000/രൂപ വീതംഒരാൾക്ക് (പരമാവധി 10,000/ രൂപ) |
| അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സിക്കേണ്ടി വരുന്നവർക്ക് ധനസഹായം | 25,000/ (പരമാവധി) |
| സംസ്കാരച്ചെലവ് | 2,500/ രൂപ |

2021 -2022 വർഷത്തിൽ മത്സ്യബോർഡ് മുഖേന നൽകിയ **ഇൻഷ്വറൻസ്** ആനുകൂല്യങ്ങൾ

| ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ധനസഹായം | മത്സ്യ തൊഴിലാളി | | അനുബന്ധ തൊഴിലാളി | | ആകെ എണ്ണം | തുക |
|---|---|---|---|---|---|---|
| | എണ്ണം | തുക | എണ്ണം | തുക | | |
| അപകടമരണം/ കാണാതാകൽ | 184 | 177007000 | 27 | 24500000 | 211 | 201507000 |
| അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത | 15 | 6870000 | | | 15 | 6870000 |
| അപകടം മൂലം പരിക്ക് പറ്റി 24 മണിക്കൂറിൽ കൂടുതൽ ആശുപത്രിയിൽ കിടത്തിച്ചികിത്സ | 124 | 3025980 | 19 | 395080 | 143 | 3421060 |
| അപകടമരണമടഞ്ഞ തൊഴിലാളികളുടെ 2 കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം | 11 | 112500 | 1 | 5000 | 12 | 117500 |
| ശവസംസ്കാരച്ചെലവ് | 7 | 17200 | | | 7 | 17200 |
| **ആകെ** | 341 | 187032680 | 47 | 24900080 | 388 | 211932760 |

മത്സ്യബോർഡിൽ അംഗത്വമുള്ള അനുബന്ധത്തൊഴിലാളികൾക്കും അവരിൽ നിന്നും പ്രീമിയം ഈടാക്കാതെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നുണ്ട്. കാണാതാകൽ ഒഴികെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കു ലഭിക്കുന്ന ഇൻഷ്വറൻസ് പദ്ധതിയുടെ മാർഗരേഖകളും നിബന്ധനകളും ധനസഹായവുമാണ് അനുബന്ധത്തൊഴിലാളികൾക്കും ബാധകമായിട്ടുള്ളത്. ഒരു വർഷത്തേക്കാണ് അപകട ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് ഇൻഷ്വറൻസ് കമ്പനികളുമായി കരാറിൽ ഏർപ്പെടുന്നത്.

## യാനങ്ങൾക്കും ഇൻഷ്വറൻസ്

2018-19 സാമ്പത്തികവർഷം മുതൽ ഫിഷറീസ് വകുപ്പ് മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷ്വറൻസ പദ്ധതി നടപ്പിലാക്കിവരുന്നു. ഹള്ളിനും എൻജിനും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു. പൊതുമേഖലാസ്ഥാപനമായ യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. പ്രീമിയം തുകയുടെ 90% സർക്കാർ വിഹിതവും 10% ഗുണഭോക്തൃവിഹിതവുമാണ്. നിശ്ചിതവില യുടെ 1.3 ശതമാനവും നികുതിയും ഉൾപ്പെടുന്നതാണ് പ്രീമിയം തുക.

## യാനങ്ങൾക്കുള്ള ഇൻഷ്വറൻസ് തുക

| ക്രമ നമ്പർ | വിഭാഗം | ലഭിക്കുന്ന തുക |
|---|---|---|
| 1 | 10 മീറ്ററിന് താഴെ നീളവും 10 കുതിരശക്തിക്ക് താഴെ എൻജിൻക്ഷമതയുമുള്ള മത്സ്യബന്ധനയാനം | 350000 |
| 2 | 10 മീറ്ററിന് താഴെ നീളവും 10 കുതിരശക്തിയോ അതിന് മുകളിലോ എൻജിൻക്ഷമതയുമുള്ള മത്സ്യബന്ധനയാനം | 400000 |
| 3 | 10 മീറ്ററിനും 15 മീറ്ററിനും ഇടയിൽനീളവും 40 കുതിരശക്തി വരെ എൻജിൻക്ഷമതയുമുള്ള മത്സ്യബന്ധനയാനം | 600000 |
| 4 | 10 മീറ്ററിനും 15 മീറ്ററിനും ഇടയിൽനീളവും 40 കുതിരശക്തിക്ക് മുകളിൽ എൻജിൻക്ഷമതയുള്ള മത്സ്യബന്ധനയാനം | 800000 |
| 5 | എൻജിനിൽ പ്രവർത്തിക്കുന്ന, 15 മീറ്ററിനും 20 മീറ്ററിനും ഇടയിൽ നീളമുള്ള മത്സ്യബന്ധനയാനം | 2300000 |
| 6 | എൻജിനിൽപ്രവർത്തിക്കുന്ന, 20 മീറ്ററിന് മുകളിൽനീളമുള്ള മത്സ്യബന്ധനയാനം | 4600000 |

2018-19 സാമ്പത്തികവർഷം 647, 2019-20 ൽ 858, 2020-21 ൽ 926, 2021-22 ൽ 2758 യാനങ്ങൾ ഈ പദ്ധതിയിൽ അംഗമായിട്ടുണ്ട്

# ആലപ്പുഴയിൽ വരുന്നു ആധുനിക പുലിമുട്ട്

**ജില്ലുലക്ഷ്മി. ജെ,**
**ഐശ്വര്യ എസ്. ജീവൻ**
ഇൻഫർമേഷൻ അസിസ്റ്റന്റ്, ആലപ്പുഴ

കടലാക്രമണം കാരണം ആലപ്പുഴ ജില്ലയിലെ തീരദേശവാസികൾ അനുഭവിച്ചിരുന്ന ദുരിതത്തിന് അറുതിയാകുന്നു. കടൽക്ഷോഭവും കടലുകയറുന്നതും തടയാനായി ടെട്രാ പോഡ് ഉപയോഗിച്ച് പുലിമുട്ട് സ്ഥാപിക്കുകയാണ്. രണ്ടു ഘട്ടമായാണ് ജില്ലയിൽ പുലിമുട്ടിന്റെ നിർമ്മാണം നടക്കുന്നത്. ആദ്യഘട്ടത്തിൽ കടലാക്രമണം രൂക്ഷമായ അഞ്ചു പ്രദേശങ്ങളിലാണ് പുലിമുട്ട് സ്ഥാപിക്കുന്നത്. കാട്ടൂരിൽ 34 പുലിമുട്ട്, ആറാട്ടുപുഴ പഞ്ചായത്തിലെ വട്ടച്ചാലിൽ 16, ആറാട്ടുപുഴയിൽ 21 പുലിമുട്ടും 40 മീറ്റർ നീളത്തിൽ കടൽഭിത്തിയും തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പതിയാങ്കരയിൽ 13 പുലിമുട്ട്, അമ്പലപ്പുഴയിൽ കോമന മുതൽ പുന്നപ്ര വരെ 5.4 കിലോമീറ്റർ പരിധിയിൽ 30 പുലിമുട്ടും 305 മീറ്റർ നീളത്തിൽ കടൽഭിത്തി എന്നിവയാണ് സ്ഥാപിക്കുന്നത്. ഈ സ്ഥലങ്ങളിൽ മാത്രമായി 114 ആധുനിക പുലിമുട്ടുകളാണ് സ്ഥാപിക്കുന്നത്. ആദ്യഘട്ടത്തിന്റെ 75 ശതമാനം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

രണ്ടാംഘട്ടത്തിൽ ആറാട്ടുപുഴ പഞ്ചായത്തിലെ നെല്ലാനിക്കലിൽ മൂന്ന് പുലിമുട്ട്, അമ്പലപ്പുഴയിൽ കാക്കാഴം മുതൽ വളഞ്ഞവഴി വരെ എട്ട് പുലിമുട്ട്, കാട്ടൂർ മുതൽ പൊള്ളേത്തൈ വരെ ഒമ്പത് പുലിമുട്ട് കടക്കരപ്പള്ളി പഞ്ചായത്തിലെ ഒറ്റമശ്ശേരിയിൽ ഏഴ് എന്നിങ്ങനെ 3.16 കിലോമീറ്ററിൽ 27 പുലിമുട്ടുകളാണ് നിർമ്മിക്കുന്നത്. രണ്ടാംഘട്ട പുലിമുട്ടുകളുടെ നിർമ്മാണവും ആരംഭിച്ചിട്ടുണ്ട്. കോൺക്രീറ്റ് ഉപയോഗിച്ച് നിർമ്മിച്ച രണ്ട്, അഞ്ച് ടൺ

കിഫ്ബി ഫണ്ടിൽ നിന്നും 175.4 കോടി രൂപ വിനിയോഗിച്ചാണ് പുലിമുട്ടുകൾ നിർമ്മിക്കുന്നത്



# ചെത്തി ഹാർബറിന്റെ നിർമ്മാണം ദ്രുതഗതിയിൽ

ആലപ്പുഴ ജില്ലയിലെ തീരദേശവാസികളുടെ സ്വപ്നപദ്ധതിയായ ചെത്തി ഹാർബർ യാഥാർഥ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ പുരോഗമിക്കുന്നു. പുലിമുട്ടുകളുടെ നിർമ്മാണപ്രവർത്തനങ്ങളാണ് നിലവിൽ നടക്കുന്നത്. 1620 മീറ്ററാണ് പുലിമുട്ടിന്റെ ആകെ നീളം. തെക്കേ പുലിമുട്ടിന്റെ 140 മീറ്ററും വടക്കേ പുലിമുട്ടിന്റെ 200 മീറ്ററും ഇതിനകം പൂർത്തിയായിട്ടുണ്ട്. രണ്ട് പുലിമുട്ടുകളുടേയും നിർമ്മാണം പൂർത്തിയാക്കാൻ നാല് ലക്ഷം ടൺ കല്ലുകളാണ് വേണ്ടത്. ശേഷിക്കുന്ന പുലിമുട്ട് നിർമ്മാണവും വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കിഫ്ബി ഫണ്ടായ 111 കോടി രൂപ ചെലവിൽ 970 മീറ്ററും 650 മീറ്ററും നീളത്തിലുള്ള രണ്ട് പുലിമുട്ടുകൾ, ഏഴ് മീറ്റർ നീളമുള്ള വാർഫ്, ഒരു ലേലഹാൾ എന്നിവയും അപ്രോച്ച് ചാനൽ, ബേസിൻ, ചെത്തിപ്പുഴ ചാനൽ എന്നിവിടങ്ങളിൽ ഡ്രെഡ്ജിംഗ്, 115 മീറ്റർ നീളവും 13 മീറ്റർ വീതിയുമുള്ള ഇന്റേണൽ റോഡ്, പാർക്കിംഗ് ഏരിയ, ഹാർബറിലേക്കുള്ള അപ്രോച്ച് റോഡ്, വാഹനഗതാഗതം നിയന്ത്രിക്കുന്നതിനുള്ള മെയിൻ ഗേറ്റും രണ്ട് വിക്കറ്റ് ഗേറ്റുകളോടും കൂടിയ ഗേറ്റ് ഹൗസ് എന്നിവയാണ് ഇവിടെ നിർമിക്കുന്നത്. ഹാർബറിൽ ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിനായി ഒ.എച്ച്. ടാങ്കും സജ്ജമാക്കും.

നിർമ്മാണം പൂർത്തിയാകുന്നതോടെ ജില്ലയിലെ വലിയ ഹാർബറുകളിലൊന്നായി ചെത്തി ഹാർബർ മാറും. തീരദേശമേഖലയിൽ വികസനവും സമീപപ്രദേശത്തുള്ളവർക്ക് തൊഴിലും ലഭിക്കും. കടലിൽ നിന്നും മത്സ്യവുമായി എത്തുന്ന മത്സ്യത്തൊഴിലാളികൾക്ക് കിലോമീറ്ററുകൾ താണ്ടി നീണ്ടകരയിലേക്കും കൊച്ചിയിലേക്കും പോകേണ്ടി വരുന്ന അവസ്ഥയ്ക്കും മാറ്റം വരും.

2021 നവംബർ അഞ്ചിനാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതെങ്കിലും പ്രതികൂല കാലാവസ്ഥയെ തുടർന്ന്, കാലവർഷത്തിൽ ജോലികൾ നിർത്തിവയ്ക്കേണ്ടി വന്നു. അതിനാൽ സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിന് നിലവിൽ അധികസമയമെടുത്ത് നിർമ്മാണം പുരോഗമിക്കുകയാണ്. കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപറേഷൻ, ഹാർബർ എൻജിനീയറിങ് വിഭാഗങ്ങളാണ് പ്രവൃത്തി നടത്തുന്നത്.

വീതം ഭാരമുള്ള ടെട്രാപോഡുകൾ ഉപയോഗിച്ചാണ് ആധുനിക രീതിയിലുള്ള പുലിമുട്ടുകൾ നിർമ്മിക്കുന്നത്. രണ്ട് പുലിമുട്ടുകൾ തമ്മിൽ 100 മീറ്റർ അകലമാണ്. കടലിലേക്ക് 40 മീറ്റർ നീളത്തിലും അഗ്രഭാഗത്ത് ബൾബിന്റെ ആകൃതിയിൽ 20 മീറ്റർ വീതിയിലുമാണ് പുലിമുട്ട് നിർമ്മാണം. മൂന്ന് തട്ടുകളിലായി പല വലിപ്പമുള്ള കരിങ്കല്ലുകൾ പാകിയതിനു ശേഷം അതിനു മുകളിൽ രണ്ട് തട്ടിൽ ടെട്രാപോഡുകൾ സ്ഥാപിക്കും. കരയിൽ നിന്നും കടലിലേക്ക് തള്ളി നിൽക്കുന്ന പുലിമുട്ടിന് തിരമാലകളുടെ പ്രഹരശേഷി കുറയ്ക്കാനും തീരം നഷ്ടപ്പെടുന്നത് പ്രതിരോധിക്കാനുമുള്ള കരുത്തുണ്ട്. ഇതുവഴി കൂടുതൽ മണലടിഞ്ഞ് സ്വാഭാവിക കടൽത്തീരം രൂപം കൊള്ളുകയും ചെയ്യും. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപറേഷനാണ് നിർവഹണച്ചുമതല.

പദ്ധതി പൂർത്തിയാകുന്നതോടെ കടലാക്രമണത്തിൽ നിന്ന് ആലപ്പുഴയിലെ തീരദേശവാസികൾക്ക് മോചനമാകും.■



ജെറിൻ കെ. ജോസഫ്



# വിഴിഞ്ഞം
# അനന്തസാധ്യതകളുടെ സഞ്ചാരപഥം

വിഴിഞ്ഞം തുറമുഖം സംസ്ഥാനത്തിന്റെ സാമ്പത്തിക, വ്യാവസായിക, ടൂറിസം രംഗങ്ങളിൽ വലിയ പുരോഗതി സൃഷ്ടിക്കും



**അഹമ്മദ് ദേവർകോവിൽ**
തുറമുഖം, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി

പായ്ക്കപ്പലിൽ സമുദ്രം കീഴടക്കിയ മനുഷ്യൻ വ്യാവസായിക വിപ്ലവത്തിന് കാരണമായ ആവിയന്ത്രത്തിന്റെ ആവിർഭാവത്തോടെ കപ്പലുകൾ ഉണ്ടാക്കി ഭൂഖണ്ഡങ്ങൾ തോറും ചരക്കുകൾ കയറ്റി അയയ്ക്കുവാൻ തുടങ്ങി. അങ്ങനെ വിവിധ രാജ്യങ്ങളുമായി ബന്ധപ്പെട്ട് സമുദ്രമാർഗങ്ങൾ വികസിക്കുകയും രാജ്യാന്തര തലത്തിലുള്ള വിപണനം വർധിക്കുകയും ചെയ്തു. ബ്രിട്ടന്റെ കോളനിവാഴ്ചക്കാലത്ത് ഇന്ത്യയിലും മികച്ച തുറമുഖങ്ങളുണ്ടായി. ചരക്കുഗതാഗതരംഗത്ത് നമ്മുടെ രാജ്യവും ഗണ്യമായ ശക്തി കൈവരിച്ചു.

വിഴിഞ്ഞം രാജ്യാന്തരതുറമുഖത്തിന്റെ സാധ്യതകളെപ്പറ്റിയും ഈ തുറമുഖം നമ്മുടെ സംസ്ഥാനത്തിനും രാജ്യത്തിനും ഉണ്ടാക്കുവാൻ പോകുന്ന വലിയ നേട്ടങ്ങളെപറ്റിയും കേരളത്തിലെ പൊതുസമൂഹത്തിന് വേണ്ടത്ര അവബോധം ഉണ്ടോ എന്നതിൽ സംശയമാണ്. രാജഭരണകാലത്തുതന്നെ നമ്മുടെ ചിന്തയിൽ ഉണ്ടായ വൻകിട തുറമുഖം എന്ന സ്വപ്നത്തെ മൂർത്തമായ രൂപത്തിലെത്തിക്കുവാൻ ഇതുവരെ നമുക്ക് കഴിഞ്ഞില്ല എന്നത് സങ്കടകരമാണ്. കാലത്തിന്റെ പുരോഗതിയിൽ സമുദ്ര വ്യാപാരം തന്നെ വലിയ മാറ്റങ്ങൾക്കു വിധേയമായി. പായ്ക്കപ്പലിൽ ലോകം ചുറ്റിയ കാലത്തു നിന്ന്  കൂറ്റൻ  മദർഷിപ്പുകൾ രാജ്യാന്തര തലത്തിലുള്ള ചരക്കുനീക്കത്തിനുള്ള മാധ്യമം ആയി മാറിയ കാലത്താണ് നാം നിൽക്കുന്നത്. എന്നാൽ ഇപ്രകാരമുള്ള വലിയ



കപ്പലുകൾക്ക് എത്തിച്ചേരുവാൻ കഴിയുന്ന ട്രാൻസ്ഷിപ്മെന്റ് പോർട്ടിന്റെ അഭാവം നമ്മുടെ രാജ്യത്തിന് വലിയ വിദേശനാണ്യ നഷ്ടത്തിന് കാരണമായി കൊണ്ടിരിക്കുകയാണ്. ഈ കുറവ് പരിഹരിക്കുന്നതിന് നമ്മുടെ രാജ്യവും സംസ്ഥാനവും കണ്ടെത്തിയ ഉത്തരമാണ് വിഴിഞ്ഞം തുറമുഖം.

## രാജ്യത്തിനു മാതൃക

നീണ്ടകാലത്തെ സ്വപ്നത്തിന്റെയും തുടർനടപടികളുടെയും ഫലമായാണ് വിഴിഞ്ഞം എന്ന സങ്കൽപത്തെ യാഥാർഥ്യത്തിലേക്ക് കൊണ്ടുവരുന്നത്. ആദ്യപടിയായി ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ രാജ്യത്തിനുതന്നെ മാതൃക സൃഷ്ടിച്ച് ആവിഷ്കരിക്കാൻ നമുക്ക് കഴിഞ്ഞു.

7700 കോടി രൂപ മുതൽമുടക്ക് വേണ്ടിവരുന്ന ഈ പദ്ധതിയിൽ 4600 കോടി രൂപയും ചെലവഴിക്കുന്നത് സംസ്ഥാന സർക്കാരാണ്. 818 കോടി രൂപ വയബിലിറ്റി ഗ്യാപ് ഫണ്ട് ഇനത്തിൽ നൽകാമെന്ന് കേന്ദ്ര സർക്കാരും സമ്മതിച്ചിട്ടുണ്ട്.

ബാക്കി തുക ചെലവഴിക്കേണ്ടതും നിർമ്മാണവും പരിപാലനവും നടത്തേണ്ടതും കൺസേഷനെയർ എന്ന നിലയിൽ നിർമ്മാണ കമ്പനിയുടെ ചുമതലയാണ്. വിഴിഞ്ഞം തുറമുഖം ഏതെങ്കിലും സ്വകാര്യകമ്പനിയുടേതല്ല. അത് നമ്മുടെ സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും തുറമുഖമാണ്. രാജ്യത്ത് ആദ്യമായി തുറമുഖ നിർമ്മാണത്തിന് വയബിലിറ്റി ഗ്യാപ് ഫണ്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചത് ഈ തുറമുഖത്തിന് വേണ്ടിയാണെന്ന പ്രത്യേകതയുമുണ്ട്.

അദാനികമ്പനി സംസ്ഥാനം തിരഞ്ഞെടുത്ത

> **ദീർഘമായ പഠനത്തിന് ശേഷം സമർപ്പിച്ച റിപ്പോർട്ടുകൾ വിശദമായ പരിശോധനക്ക് വിധേയമാക്കിയതിന് ശേഷമാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പദ്ധതിക്ക് അനുമതി നൽകിയിട്ടുള്ളത്**

നിർമ്മാതാക്കളും, നിശ്ചിതകാലത്തേക്കുള്ള നടത്തിപ്പുകാരും മാത്രമാണ്. രാജ്യാന്തര തലത്തിൽ വലിയ മത്സരം നേരിടുന്ന ഒരു തുറമുഖത്തിന്റെ നടത്തിപ്പ് ഏറ്റെടുക്കുന്നത് ഒരു സർക്കാർ സംവിധാനത്തിന് അത്ര എളുപ്പമല്ല. അതുകൊണ്ടാണ് ഈ രംഗത്ത് വൈദഗ്ധ്യവും രാജ്യാന്തരബന്ധങ്ങളുമുള്ള ഒരു കൺസഷനെയറെ കണ്ടെത്തിയത്.

കരാർ പ്രകാരം 2019 ൽ നമ്മുടെ ഈ സ്വപ്നപദ്ധതി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ വിവിധങ്ങളായ സാങ്കേതിക പ്രശ്നങ്ങളും കാലാവസ്ഥയിലുണ്ടായ മാറ്റങ്ങളും കോവിഡ് അടക്കമുള്ള മഹാമാരിയും തുറമുഖനിർമ്മാണത്തെ തടസ്സപ്പെടുത്തി. 2021 ൽ രണ്ടാം പിണറായി സർക്കാർ അധികാരത്തിൽ വന്ന ശേഷം പദ്ധതിയുടെ പ്രവർത്തനപുരോഗതി സൂക്ഷ്മമായി വിശകലനം ചെയ്യുകയും സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയുമാണ്. ഇങ്ങനെ മികച്ച രീതിയിൽ മുന്നേറുമ്പോഴാണ് ദൗർഭാഗ്യകരമായ ഒരു സമരവും അതിനെ തുടർന്നുള്ള നിശ്ചലാവസ്ഥയും ഉണ്ടായത്. എന്നാൽ ഈ പ്രശ്നത്തെയും അവധാനതയോടെ കൈകാര്യം ചെയ്യുവാൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള സർക്കാരിന് കഴിഞ്ഞു.

## പാരിസ്ഥിതികാഘാതം വളരെ കുറവ്

യഥാർഥത്തിൽ പാരിസ്ഥിതികാഘാതം ഏറ്റവും കുറവുണ്ടാകുന്ന നിർമ്മാണമായിരിക്കും വിഴിഞ്ഞം തുറമുഖത്തിന്റേതെന്നാണ് ശാസ്ത്രീയമായ

കണ്ടെത്തൽ. ദീർഘമായ പഠനത്തിന് ശേഷം സമർപ്പിച്ച റിപ്പോർട്ടുകൾ വിശദമായ പരിശോധനക്ക് വിധേയമാക്കിയതിന് ശേഷമാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പദ്ധതിക്ക് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഈ അനുമതിക്കെതിരെ സുപ്രീംകോടതിയിലും ദേശീയ ഹരിത ട്രിബ്യൂണലിലും പരാതികൾ സമർപ്പിക്കപ്പെട്ടു. സുപ്രീംകോടതിയുടെ നിർദേശപ്രകാരം ദേശീയ ഹരിത ട്രിബ്യൂണലിന്റെ പ്രിൻസിപ്പൽ ബെഞ്ച് ഈ പരാതികളെല്ലാം വിശദമായി പരിശോധിക്കുകയുണ്ടായി. പാരിസ്ഥിതിക ആഘാതം ഏറ്റവും കുറഞ്ഞ പ്രദേശത്താണ് തുറമുഖ നിർമ്മാണം നടക്കുന്നത് എന്നിരുന്നാലും തുറമുഖത്തിന്റെ നിർമ്മാണത്തോടെ തീര ശോഷണമുണ്ടാകുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനും വിലയിരുത്തുന്നതിനും ആവശ്യമായ പരിഹാരങ്ങൾ നിർദേശിക്കുന്നതിനും വിദഗ്ധസമിതി രൂപീകരിക്കുന്നതിന് ദേശീയ ഹരിത ട്രിബ്യൂണൽ നിർദേശം നൽകിയിരുന്നു.

വിഴിഞ്ഞം തുറമുഖത്തിന് ഇരുപുറത്തുമുള്ള അഞ്ച് കി.മീ ദൂരമാണ് ഇപ്രകാരം പഠന വിധേയമാക്കുവാൻ ദേശീയ ഹരിത ട്രിബ്യൂണൽ നിർദേശിച്ചിരുന്നത്. എന്നാൽ സംസ്ഥാനം 10 കി. മി. നീളത്തിൽ പഠനവിധേയമാക്കുവാൻ തീരുമാനിച്ചു. കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജിയെയാണ് ഇത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ ശേഖരിക്കുന്നതിനും ആവശ്യമായ നിരീക്ഷണങ്ങൾ നടത്തുന്നതിനും, റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തിയത്. ഇവർ നൽകുന്ന റിപ്പോർട്ടുകളാണ് വിദഗ്ധസമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നത്. ഈ സമിതി അവരുടെ റിപ്പോർട്ടുകൾ വിഴിഞ്ഞം തുറമുഖ കമ്പനിക്ക് നൽകിയും ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചതിന് ശേഷം പൊതുജനങ്ങളുടെ അറിവിലേക്കായി കമ്പനിയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

ആഗോളതലത്തിലുള്ള കാലാവസ്ഥാ വ്യതിയാനം കടലിലെ ആവാസവ്യവസ്ഥയെയും തീരത്തെയും വലിയ തോതിൽ ബാധിച്ചിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമില്ല. ഇപ്പോൾ കേരളത്തിന്റെ പടിഞ്ഞാറൻ തീരത്തുണ്ടാകുന്ന ചുഴലിക്കാറ്റുകൾക്കും, തീരശോഷണത്തിനും പ്രധാനകാരണം ഇതാണ്. എന്നാലും ഈ ആഘാതം പരമാവധി പരിമിതപ്പെടുത്തുവാനാണ് നാം ശ്രമിക്കുന്നത്.

## സാമ്പത്തികവളർച്ചയ്ക്ക് വ്യവസായപുരോഗതിക്ക്

പ്രത്യക്ഷമായ തൊഴിലുകളെക്കാൾ പരോക്ഷമായ സാമ്പത്തികവളർച്ചയാണ് തുറമുഖം വഴി നമുക്ക് ലഭിക്കുവാൻ പോകുന്നത്. തുറമുഖം കമ്മിഷൻ ചെയ്യുമ്പോൾ ഇവിടെ ഉണ്ടാകുന്ന തൊഴിലവസരങ്ങളിൽ ഭൂരിഭാഗവും ഈ മേഖലയിലുള്ളവർക്കുതന്നെ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. പ്രദേശവാസികൾക്ക് സാങ്കേതിക വൈദഗ്ധ്യം ഇല്ല എന്നുള്ള പ്രശ്നം ഉയർന്ന് വരാനിടയുണ്ട്. ഇത് പരിഹരിക്കുന്നതിനായി സർക്കാർ സ്ഥാപനമായ ASAP വഴി ട്രെയിനിങ്ങ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയായി. നിർമ്മാണ കമ്പനി തന്നെയാണ് ട്രെയിനിങ്ങ് പാർട്ട്ണർ. അവർ തുറമുഖത്തിനാവശ്യമായ തൊഴിലുകളിൽ പ്രദേശവാസികളുൾപ്പെടെയുള്ളവർക്ക് ആവശ്യമായ പരിശീലനം നൽകി നിയമിക്കും. ഇതോടനുബന്ധിച്ച് തൊഴിൽ നൽകുവാൻ കഴിയുന്ന ലോജിസ്റ്റിക് പാർക്ക് അടക്കമുള്ള ചില പ്രോജക്ടുകളും ഏറ്റെടുക്കാമെന്ന് നിർമ്മാണ കമ്പനി വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇതിന് പുറമെ, തുറമുഖം വന്നാൽ വെയർഹൗസുകൾ, ഹോട്ടലുകൾ, പാർപ്പിട സമുച്ചയങ്ങൾ എന്നിവയും ആരംഭിക്കേണ്ടിവരും. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിൽ ഗണ്യമായ പുരോഗതി ഉണ്ടാക്കുമെന്നാണ് പ്രതീക്ഷ.

## ടൂറിസവും വികസിക്കും

അനുബന്ധ വ്യവസായങ്ങളുടെ ഒരു നിര തന്നെ സംസ്ഥാനത്തുടനീളം നമുക്ക് രൂപപ്പെടുത്തുവാൻ സാധിക്കും. ടൂറിസം മേഖലയിൽ വലിയ ചലനങ്ങളുണ്ടാക്കുന്ന ക്രൂയിസ് ഷിപ്പുകളുടെയും, ക്രൂചെയ്ഞ്ചിന്റെയും ഗുണഫലങ്ങൾ നമ്മുടെ സംസ്ഥാനത്തിന് ഉണ്ടാകും. തുറമുഖത്തിനു വേണ്ടി 6,000 കോടി രൂപ ചെലവിൽ ഒരു ഔട്ടർ റിംഗ് റോഡ് നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കുലർ അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വ്യാവസായിക വാണിജ്യ മേഖലകളിൽ പുതിയ കുതിപ്പ് നൽകുന്ന തരത്തിൽ ഈ റോഡിനു ഇരുപുറവുമായി ഒരു



ഇൻഡസ്ട്രിയൽ കോറിഡോർ ആരംഭിക്കുവാൻ മികച്ച സാധ്യതയുണ്ട്. തുറമുഖവുമായി ബന്ധപ്പെട്ടോ അല്ലാതെയോ വലിയ വ്യവസായ സംരംഭങ്ങൾ നമ്മുടെ നാട്ടിലില്ല. ഈ അപര്യാപ്തത പരിഹരിക്കുവാൻ ഈ ഗ്രീൻഫീൽഡ് റോഡ് ഉപയോഗപ്പെടുത്തുവാൻ ആലോചനകൾ നടക്കുന്നുണ്ട്. തോട്ടം മേഖല വലിയ പ്രതിസന്ധി നേരിടുന്ന ഈ കാലത്ത് പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾക്കും എക്സ്പോർട്ട് പ്രൊസസിങ്ങ് സോണുകൾക്കും വലിയ സാധ്യതയുണ്ട്. PPP അടിസ്ഥാനത്തിലുള്ള ഇന്ത്യയിലെ ആദ്യത്തെ തുറമുഖമാണ് വിഴിഞ്ഞത്തേത്. ഇവിടെ നാം പരാജയപ്പെട്ടാൽ അത് നമ്മുടെ സംസ്ഥാനത്തിന് നികത്താൻ കഴിയാത്ത നഷ്ടമുണ്ടാക്കും.

ലോകത്തിലെ ചരക്കുനീക്കത്തിന്റെ 30%വും നടക്കുന്നത് നമ്മുടെ തൊട്ടടുത്തുള്ള കപ്പൽചാലിലൂടെയാണ്. ഈ ചാലിൽ നിന്ന് കേവലം 10 നോട്ടിക്കൽ മൈൽ മാത്രം അകലെയാണ് വിഴിഞ്ഞം സ്ഥിതിചെയ്യുന്നത്. മാത്രമല്ല, കടലിൽ ഒരു കിലോമീറ്റർ ദൂരമെത്തുമ്പോഴേക്കും 20 മീറ്റർ സ്വാഭാവിക ആഴം ലഭിക്കുന്ന ലോകത്തിലെ തന്നെ ചുരുക്കം പ്രദേശങ്ങളിലൊന്നാണ് ഇവിടം. ഇതാണ് വിഴിഞ്ഞത്തിന്റെ പ്രത്യേകത. സാധ്യതയും. തുറമുഖം പ്രവർത്തനക്ഷമമാകുന്ന ആദ്യഘട്ടത്തിൽതന്നെ 10 ലക്ഷം കണ്ടെയ്നറുകൾ കൈകാര്യം ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ ബിസിനസ്സ് നമ്മുടെ സംസ്ഥാനത്ത് വരുമ്പോളുണ്ടാകുന്ന സാമ്പത്തിക വളർച്ച കണക്കിലെടുത്ത് അതനുസരിച്ചുള്ള നിലപാടുകൾ കൈക്കൊള്ളുവാനാണ് നാം ശ്രമിക്കേണ്ടത്.

കൂട്ടായി യത്നിച്ചാൽ സംസ്ഥാനത്തിന്റെ സമഗ്രമായ പുരോഗതിക്ക് വിഴിഞ്ഞം തുറമുഖം കാരണമാകുമെന്നാണ് നമ്മുടെ പ്രതീക്ഷ. അതിന് എല്ലാവരുടെയും പിന്തുണയും സഹകരണവും ആവശ്യമാണ്. ■



**നമ്മുടെ സംസ്ഥാനത്തിന് 17 ചെറുകിട തുറമുഖങ്ങളുണ്ട്. ഇവയിൽ ബേപ്പൂർ, കൊല്ലം, അഴീക്കൽ തുറമുഖങ്ങളിൽ അത്യാവശ്യം വേണ്ട അടിസ്ഥാന സൗകര്യങ്ങൾ നാം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ തുറമുഖങ്ങളിലേക്ക് ചരക്കുമായി കപ്പലുകളൊന്നും വരുന്നില്ല. വിഴിഞ്ഞം വരുമ്പോൾ നമ്മുടെ ചെറുകിട തുറമുഖങ്ങളും വികസിക്കും. അതനുസരിച്ചുള്ള ആസൂത്രണം നാം ഇപ്പോൾ തന്നെ ആരംഭിച്ചിട്ടുണ്ട്**

കെ.കെ. സന്തോഷ്കുമാർ
ഐപിആർഡി

# വിഴിഞ്ഞം തുറമുഖവും തീരശോഷണവും യാഥാർഥ്യങ്ങൾ



**ഡോ. ജയകുമാർ**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
വിഴിഞ്ഞം ഇന്റർനാഷണൽ
സീപോർട്ട് ലിമിറ്റഡ്

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖപദ്ധതി വിഭാവനം ചെയ്തത് 1990കളിലാണ്. ക്ലറ്റൻ കണ്ടെയ്നർ ചരക്കുകപ്പലുകൾ (24500 കണ്ടെയ്നറുകളോളം വഹിക്കാൻ ശേഷിയുള്ളവ) കൈകാര്യം ചെയ്യാവുന്ന ട്രാൻസ്ഷിപ്മെന്റ് തുറമുഖങ്ങൾ ഇന്ത്യയിലില്ല. എന്നാൽ, നിർദിഷ്ട വിഴിഞ്ഞം തുറമുഖത്തിന് പടുകൂറ്റൻ ചരക്കുകപ്പലുകൾ അനായാസം കൈകാര്യം ചെയ്യാൻ സാധിക്കും.

ലോകത്തെ കടൽമാർഗമുള്ള ചരക്കുനീക്കത്തിന്റെ 30%ത്തോളം നടക്കുന്നത് ഇന്ത്യയുടെ തെക്കുഭാഗത്തു കൂടി കടന്നുപോകുന്ന അന്താരാഷ്ട്ര കപ്പൽച്ചാൽ വഴിയാണ്. ഇവിടെ നിന്നും കേവലം 10 നോട്ടിക്കൽ മൈൽ മാത്രം അകലെയായുള്ള സ്ഥാനം വിഴിഞ്ഞത്തിന്റെ പ്രാധാന്യം വർധിപ്പിക്കുന്നു.

കൊളംബോ, സിംഗപ്പൂർ, സലാല, ദുബായ് എന്നിവിടങ്ങളിലാണ് നിലവിൽ ഇന്ത്യൻ ട്രാൻസ്ഷിപ്മെന്റ് നടന്നുവരുന്നത്. ഇതുമൂലം പ്രതിവർഷം ഇന്ത്യയ്ക്ക് നഷ്ടമാകുന്നത് 2500 കോടിയോളം രൂപയാണെന്നാണ് കണക്ക്.

വിഴിഞ്ഞം പദ്ധതിക്കെതിരെ നിരവധി ആരോപണങ്ങൾ ഉയർന്നിരുന്നു. ഈ ആരോപണങ്ങളുടെ നിജസ്ഥിതി നമുക്ക് പരിശോധിക്കാം.

**ആരോപണം 1** – വലിയതുറയിലെയും ശംഖുമുഖത്തെയും തീരശോഷണം വിഴിഞ്ഞം തുറമുഖനിർമ്മാണം മൂലമാണ്

വാസ്തവം - ദേശീയ ഹരിത ട്രൈബ്യൂണൽ നിയമിച്ച വിദഗ്ധസമിതിയും തീരനിരീക്ഷണസമിതിയും ആറ് മാസം കൂടുമ്പോൾ പദ്ധതിപ്രദേശവും അതിനു 20 കിലോമീറ്റർ തെക്കോട്ടും വടക്കോട്ടുമുള്ള തീരപ്രദേശങ്ങളും സന്ദർശിച്ച് സ്ഥിതിഗതികൾ അവലോകനം ചെയ്യുന്നു. ബീമാപള്ളി, വലിയതുറ, ശംഖുമുഖം തുടങ്ങിയ വടക്കൻ തീരങ്ങളിൽ സംഭവിച്ചുവരുന്ന തീരശോഷണം തുറമുഖ നിർമ്മാണപ്രവർത്തനങ്ങൾ മൂലമാണെന്ന് ദേശീയ ഹരിത ട്രൈബ്യൂണൽ നിയോഗിച്ച വിദഗ്ധ സമിതികൾ കണ്ടെത്തിയിട്ടില്ല. അതിനുള്ള ശാസ്ത്രീയമായ കാരണങ്ങൾ ചുവടെ.

1. പദ്ധതിപ്രദേശത്തിന്റെ തെക്കും വടക്കുമുള്ള തീരങ്ങൾ നേർരേഖയിലുള്ള തീരങ്ങളായിരിക്കെ, നിർദിഷ്ട തുറമുഖം ഉൾപ്പെട്ടുവരുന്ന, ആഴിമല മുനമ്പ് മുതൽ കോവളം മുനമ്പ് വരെയുള്ള തീരപ്രദേശം ഒരു 'പോക്കറ്റ്' (അകത്തേക്കു വളഞ്ഞ) ആകൃതിയിലുള്ള തീരമാണ്. ഇതിനുള്ളിൽനടക്കുന്ന മണൽ നീക്കം






**ഡോ. പി ചന്ദ്രമോഹൻ**

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യനോഗ്രഫിയുടെ ഓഷ്യൻ എൻജിനീയറിങ്ങ് വകുപ്പിന്റെ മുൻ തലവൻ


നഗരവൽക്കരണത്തെ തുടർന്ന് കേരളത്തിലെ നദികളിൽനിന്ന് തീരങ്ങളിലേക്കുള്ള എക്കൽ നിക്ഷേപം വളരെയധികം കുറഞ്ഞു. ഇതുമൂലം തീരപ്രദേശത്തേക്കുള്ള മണ്ണിന്റെ വരവിലും കുറവ് വന്നു. തമിഴ്നാട്ടിലെ കടൽത്തീരങ്ങളിൽ പ്രത്യേകിച്ച് കന്യാകുമാരിയിൽ വ്യാപകമായി പുലിമുട്ടുകൾ സ്ഥാപിച്ചതുമൂലം തിരുവനന്തപുരത്തെ തീരപ്രദേശങ്ങളിൽ അവിടെനിന്നുള്ള മണലിന്റെ വരവിൽ കാര്യമായ കുറവുണ്ടായി. തെക്കേ കൊല്ലങ്കോട്, വലിയതുറ, ശംഖുമുഖം തീരമേഖലകളിൽ തീരശോഷണത്തിന്റെ പ്രധാന കാരണങ്ങൾ ഇവയാണ്.

നിർമ്മാണപ്രവർത്തനങ്ങൾ മൂലം കടലിന്റെ ഒഴുക്കും മണൽനിക്ഷേപവും തടസ്സപ്പെടുന്നുണ്ടെങ്കിൽ, 1980കളിൽ വിഴിഞ്ഞം ഹാർബറിന്റെ നിർമ്മാണശേഷം ഇത് പ്രകടമാകേണ്ടതായിരുന്നു. അങ്ങനെയെങ്കിൽ, വിഴിഞ്ഞം തുറമുഖനിർമ്മാണത്തിന് മുമ്പ് ആ പ്രദേശത്ത് കാര്യമായ മണൽനിക്ഷേപം കാണേണ്ടതായിരുന്നു. എന്നാൽ അങ്ങനെ സംഭവിച്ചിട്ടില്ല.

സമീപ തീരങ്ങളിൽ ഒരു വിധത്തിലുള്ള മാറ്റങ്ങളും സൃഷ്ടിക്കുകയില്ല.

2. പദ്ധതിപ്രദേശത്തുനിന്നും ഏകദേശം 13 കി.മീ മുതൽ 15 കി.മീ വടക്കോട്ട് മാറിയാണ് വലിയതുറ, ശംഖുമുഖം തീരങ്ങൾ സ്ഥിതിചെയ്യുന്നത്. തുറമുഖനിർമ്മാണം മൂലം തീരശോഷണം സംഭവിക്കുന്നുണ്ടെങ്കിൽ അതിന്റെ ആദ്യ ആഘാതം പ്രത്യക്ഷമാകേണ്ടത് തൊട്ടടുത്തുള്ള കോവളം, അടിമലത്തുറ, പുല്ലുവിള, പൂവാർ മേഖലകളിലാണ്. അവിടെയൊന്നും തീരശോഷണമോ മണൽനിക്ഷേപമോ അനുഭവപ്പെട്ടിട്ടില്ല.

3. നേർരേഖയിലുള്ള ഒരു തീരപ്രദേശത്ത് നിർമ്മാണപ്രവർത്തികൾ നടത്തുകയാണെങ്കിൽ അതിന്റെ പ്രത്യാഘാതം പരമാവധി തീരത്തുനിന്നും കടലിലേക്ക് തള്ളിനിൽക്കുന്ന നീളത്തിന്റെ എട്ട് മുതൽ 10 മടങ്ങ് വരെയുള്ള ദൂരങ്ങളിൽ സ്ഥിതി ചെയ്യുന്ന തീരങ്ങളിൽ മാത്രമായിരിക്കും പ്രകടമാകുക. വിഴിഞ്ഞത്തെ പുലിമുട്ടിന്റെ കടലിലേക്ക് തള്ളി നിൽക്കുന്ന ഭാഗം ഒരു കി. മീ മാത്രമാണ്. ഇതിന്റെ പ്രത്യാഘാതം പരമാവധി എട്ട് മുതൽ 10 കി.മീ. ദൂരം വരെ മാത്രമേ പ്രകടമാവൂ. പനത്തുറ, പൂന്തുറ, ബീമാപ്പള്ളി, വലിയതുറ, ശംഖുമുഖം തുടങ്ങിയ തീരങ്ങൾ 10 കി.മീ. തീരപ്രദേശത്തിനുള്ളിൽ സ്ഥിതി ചെയ്യുന്നവയല്ല.

4. പദ്ധതി ഉൾപ്പെടുന്ന തീരപ്രദേശത്തിലെ കടലിന്റെ ആഴം 1960 മുതൽ നിരന്തരമായി സർവേ നടത്തി രേഖപ്പെടുത്തിയിട്ടുള്ളതാണ്. എല്ലാവർഷവും കാലവർഷത്തിന് മുൻപും ശേഷവുമാണ് സർവേ നടത്തുന്നത്. ഈ രേഖകൾ പരിശോധിച്ചാൽ പ്രദേശത്തെ കടലിന്റെ ആഴത്തിലോ അടിത്തട്ടിനോ സാരവത്തായ മാറ്റങ്ങൾ സംഭവിച്ചിട്ടില്ലെന്നാണ് വ്യക്തമാകുന്നത്.

**ആരോപണം 2** - തുറമുഖനിർമ്മാണം തുടങ്ങിയതിന് ശേഷമാണ് തീരശോഷണം ആരംഭിച്ചത്.

വാസ്തവം - തുറമുഖ നിർമ്മാണം ആരംഭിക്കുന്നതിനു വർഷങ്ങൾ മുന്നേ തന്നെ ശംഖുമുഖം - വലിയതുറ മേഖലകൾ തീരശോഷണത്തിനു വിധേയമായിട്ടുണ്ടെന്നു തെളിയിക്കുന്ന നിരവധി രേഖകൾ ലഭ്യമാണ്.

1. കഴിഞ്ഞ 15 വർഷത്തെ ഗൂഗിൾ മാപ്പ്





## പ്രൊഫ. പ്രസാദ് കെ ഭാസ്കരൻ

ഐ.ഐ.ടി ഖരഗ്പൂറിലെ മുൻ വകുപ്പുതലവൻ

തീരവ്യതിയാനങ്ങളെക്കുറിച്ച് മാത്രമാണ് നാം പൊതുവേ ചർച്ച ചെയ്യുന്നത്. എന്നാൽ, ആഴക്കടലിലും അതിനപ്പുറമുള്ള പ്രദേശങ്ങളിലും ഉണ്ടാകുന്ന പ്രതിഭാസങ്ങൾ എത്ര ദൂരം വരെ ചലനങ്ങൾ സൃഷ്ടിക്കുന്നുണ്ട് എന്നത് നമ്മൾ ചർച്ച ചെയ്യുന്നില്ല. അങ്ങ് ദൂരെ അന്റാർട്ടിക് മഹാസമുദ്രത്തിൽ ഉണ്ടാകുന്ന സംഭവവികാസങ്ങളുടെ ഫലം ഇങ്ങ് കേരളതീരത്തെ കാറ്റിനെയും തിരയെയും വരെ സ്വാധീനിക്കുന്നുണ്ടെന്നാണ് ഏറ്റവും പുതിയ പഠനങ്ങൾ തെളിയിക്കുന്നത്. ലോകത്തെ മഹാസമുദ്രങ്ങളിൽ കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന മാറ്റങ്ങൾ ടെലികണക്ഷനിലൂടെ നമ്മുടെ തീരങ്ങളിലും പ്രതിഫലിക്കുകയാണ്.

പരിശോധിച്ചാൽ 2015-ൽ തുറമുഖ നിർമ്മാണം ആരംഭിക്കുന്നതിനു മുൻപ് തന്നെയുള്ള വിവിധ സന്ദർഭങ്ങളിലും ശംഖുമുഖം, വലിയതുറ തുടങ്ങിയ മേഖലകളിൽ തീരശോഷണം സംഭവിച്ചിരുന്നതായി കാണാം.

2. കൂടാതെ, 2007-ൽ സംസ്ഥാന സർക്കാരിന് വേണ്ടി ഐ.ഐ.ടി മദ്രാസ് തയ്യാറാക്കിയ പഠന റിപ്പോർട്ടിലും ശംഖുമുഖം തീരത്തു 2005-ൽ സംഭവിച്ച അതിരൂക്ഷമായ തീരശോഷണത്തെ കുറിച്ചും ഇത് നേരിടാനുള്ള പരിഹാരമാർഗങ്ങളെക്കുറിച്ചും വിശദീകരിക്കുന്നുണ്ട്.

3. 2000 മുതൽ 2021 വരെയുള്ള ഉപഗ്രഹ ചിത്രങ്ങളെ അടിസ്ഥാനമാക്കി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓഷ്യൻ ടെക്നോളജി നടത്തിയ പഠനത്തിൽ ശംഖുമുഖം-വലിയതുറ തീരങ്ങൾ 2000 മുതലേ തീരശോഷണം നേരിടുന്ന പ്രദേശമായിട്ടാണ് കണ്ടെത്തിയിട്ടുള്ളത്.

4. തുറമുഖ നിർമ്മാണം ആരംഭിക്കുന്നതിന് മുന്നേ തന്നെ വിവിധ ദേശീയ ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ നടത്തിയ പഠനങ്ങളിലും വലിയതുറ-പൂന്തുറ തീരങ്ങൾ 'ഹൈ ഇറോഷൻ സോൺ' ആയി കണ്ടെത്തിയിട്ടുള്ളതാണ്.

**ആരോപണം 3** - തീരശോഷണം എന്ന പ്രതിഭാസം സ്വാഭാവികമല്ല.

വാസ്തവം - കാലവർഷത്തിൽ തിരയുടെ തീവ്രത മൂലം തീരത്തെ മണൽ കടലിനുള്ളിലേക്ക് വലിച്ച് നിക്ഷേപിക്കുന്നതും, തുടർന്ന് കാലവർഷത്തിനു ശേഷം തീരത്തെത്തുന്ന തീവ്രത കുറഞ്ഞ തിരമാലകൾ ഈ മണലിനെ തിരികെ തീരത്ത് നിക്ഷേപിച്ച് തീരത്തിനെ ക്രമേണ പൂർവസ്ഥിതിയിലാക്കുന്നതും പതിവാണ്. എന്നാൽ, ഓഖി ചുഴലിക്കാറ്റുമൂലമുണ്ടായ കൂറ്റൻ തിരമാലകൾ വലിയതുറ, ശംഖുമുഖം തീരങ്ങളെ വലിയതോതിൽ കവർന്നെടുക്കുകയും ഈ മണൽ ഉൾക്കടലിലേക്ക് കൊണ്ടുപോയി നിക്ഷേപിക്കുകയും ചെയ്തതിനാൽ ഓഖിക്കു മുൻപുണ്ടായിരുന്ന പൂർവസ്ഥിതിയിൽ തിരികെ എത്തിച്ചില്ല. പിന്നീട് ഇന്ത്യൻ മഹാസമുദ്രത്തിൽ ഉത്ഭവിച്ച നിരവധി ചുഴലിക്കാറ്റുകൾ, ന്യൂനമർദങ്ങൾ എന്നിവയ്ക്ക് കേരളത്തിന്റെ തീരപ്രദേശങ്ങൾ വിധേയമായി.

**ആരോപണം 4** - ശോഷണം നേരിട്ട തീരങ്ങൾ ഇനി പഴയപടിയാകില്ല

വാസ്തവം - 2022 ലെ കാലവർഷത്തിനുശേഷം കടൽ ശാന്തമായി തുടങ്ങിയ ഒക്ടോബർ-നവംബർ മാസങ്ങളിൽ വലിയതുറയിലും ശംഖുമുഖത്തും തീരം സ്വാഭാവികമായി രൂപപ്പെടുന്നതായി കാണാം. ഏകദേശം 30 മീറ്ററോളം വീതിയിൽ  തീരം രൂപപ്പെട്ടുകഴിഞ്ഞു.

**ആരോപണം 5** - പദ്ധതിക്കായി കുടിയൊഴിപ്പിച്ചവരെ പുനരധിവസിപ്പിച്ചില്ല

വാസ്തവം - ഒരൊറ്റ മത്സ്യത്തൊഴിലാളിയുടെ ഭൂമി പോലും ഏറ്റെടുക്കുകയോ ഒഴിപ്പിക്കുകയോ ചെയ്തിട്ടില്ലെന്നതാണ് വിഴിഞ്ഞം പദ്ധതിയുടെ പ്രത്യേകത. സ്വയംസന്നദ്ധമായി സ്ഥലം വിട്ടുനൽകിയവരുടെ ഭൂമി മാത്രമേ ഏറ്റെടുത്തിട്ടുള്ളൂ. അർഹമായ നഷ്ടപരിഹാരം നൽകുകയും വീട് വയ്ക്കാൻ സ്ഥലം കണ്ടെത്തി നൽകുകയും ചെയ്തിട്ടുണ്ട്. തുറമുഖ നിർമ്മാണം മൂലം ജീവനോപാധി നഷ്ടപ്പെട്ട 2640 ഓളം ആളുകൾക്ക് ഏകദേശം 100 കോടിയോളം രൂപ നഷ്ടപരിഹാരമായി നൽകി. ■



## സി. വി സുന്ദരരാജൻ

പരിസ്ഥിതി വിദഗ്ധൻ

വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട ആദ്യഘട്ട ചർച്ചകളിൽ ഉയർന്നുവന്ന പ്രധാന ആശങ്ക ഇന്ത്യൻ തീരത്തിനും ശ്രീലങ്കൻ തീരത്തുമിടയിൽ സ്ഥിതി ചെയ്യുന്ന വാഡ്ജ് ബാങ്കിനെ കുറിച്ചായിരുന്നു. തുറമുഖം വരുന്നത് മത്സ്യങ്ങളുടെ പ്രധാന പ്രജനനകേന്ദ്രമായ ഈ പ്രദേശത്തിന്റെ നാശത്തിന് വഴിവെക്കുമെന്നും പല മത്സ്യങ്ങളുടെയും ലഭ്യതയെ ബാധിക്കുമെന്നും പലരും അഭിപ്രായപ്പെട്ടു. 500 ചതുരശ്ര കിലോമീറ്റർ വരുന്ന വാഡ്ജ് ബാങ്ക് പ്രദേശത്തെ മാപ്പ് ചെയ്ത് ശാസ്ത്രീയമായ പഠനത്തിന് വിധേയമാക്കിയതിനെ തുടർന്ന് ഈ അഭിപ്രായത്തിൽ കഴമ്പില്ലെന്ന് തെളിയിക്കപ്പെട്ടു.


To believe in fearless minds
and tireless feet,
to brave the raging seas every day
and walk side by side
with hearts that beat in time
with the waves.
HUMAN by NATURE
kerala
God's Own Country
keralatourism.org

Date of Publication: 01.12.2022
RNI No.2014/58028 Price: 12.00

# NO TO DRUGS

## ഉപേക്ഷിക്കാം ലഹരിയെ

Printed and Published by H. Dineshan IAS, Director, Information Public Relations Department
on behalf of Government of Kerala and Printed at Orange Printers Pvt Ltd, Thiruvananthapuram, Kerala.
Published from Information Public Relations Department, Govt.of.Kerala, Government Secretariat, Thiruvananthapuram-695001.
Editor: H. Dineshan IAS